# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



## സെപ്റ്റംബർ 14 – മാർ സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ

Vol. LXXI September 2021 No.4



നവീകരിച്ച മുട്ടുചിറ ഫൊറോന പള്ളിയുടെ വെഞ്ചരിപ്പുകർമ്മം



ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി വിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാവിനോടൊപ്പം

“നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.”

(മത്തായി 5: 14–16)

*‘സാന്ത്വനപ്രകാശമേ, നയിച്ചാലും’*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**SEPTEMBER 2021**
**Vol. LXXI No. 4**

# CONTENTS


ഇടയലേഖനം ........................................................................ 507

സർക്കുലർ 288 ........................................................................ 516

അറിയിപ്പ് ........................................................................ 518

ലേഖനങ്ങൾ ........................................................................ 534

വാർത്തകൾ ........................................................................ 554

ആദരാഞ്ജലികൾ ........................................................................ 589

വാർത്തകൾ ........................................................................ 591

Prot. No. 0923/2021

# ഇടയലേഖനം

സീറോമലബാർ സഭയുടെ

**മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്:

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

"പുതിയ റാസ കുർബാന തക്സയ്ക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ചു നിങ്ങളുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായവിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരുമാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവു നിങ്ങളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ."

-ഫ്രാൻസിസ് മാർപാപ്പാ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

1934 മുതൽ നമ്മുടെ സഭ ആരാധനക്രമനവീകരണത്തിന്റെ പാതയിലായിരുന്നു. 1986-ൽ പുനരുദ്ധരിക്കപ്പെട്ട റാസക്രമം നിലവിൽവന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായകമായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി വിവിധ കൂദാശകളുടെ

കർമക്രമങ്ങളും തിരുപ്പട്ടക്കൂദാശക്രമവും മറ്റു ആരാധനക്രമകർമങ്ങളും ഏകീകൃതരൂപത്തിലാക്കാൻ കഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണരീതി ഏകീകൃതരൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പല കാരണങ്ങളാൽ പൂർണ ഫലപ്രാപ്തിയിലെത്തിയില്ല. 1999-ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നൽകിയെങ്കിലും അത് എല്ലാ രൂപതകളിലും നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐക്യത്തിനായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നുകൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർഥിച്ചുകൊണ്ടേയിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന എല്ലാ സഭാഅസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ വാദിച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളും അർപ്പണരീതിയിലെ ഏകീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു. 2019 ആഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാരോടൊപ്പം രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചുകൂടിയപ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ആഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർദ്ദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷപ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈരുദ്ധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാസനത്തെയും കുർബാനയർപ്പണരീതികളിലെ അനൈക്യം അദ്ഭുതപ്പെടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാവശ്യമാണെന്ന നിഗമനത്തിൽ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻപ്രകാരം 2020 മെയ് 4 ന്

അപ്പസ്തോലിക് നുൺഷ്യോ മേജർ ആർച്ചുബിഷപ്പിനു കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ട് 2020 നവംബർ 9-ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9 ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെ തുടർന്നാണു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പതന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി കത്തെഴുതിയത്. ഇതു സീറോമലബാർ സഭ മുഴുവനും വേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ ഈ കത്തിലെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ ഓരോ സീറോ മലബാർ വിശ്വാസിക്കും കടമയുണ്ട്. ഈ കത്തിൽ പരിശുദ്ധ പിതാവു നടത്തിയ ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാർപാപ്പാ ഇപ്രകാരം നമ്മുടെ സഭയ്ക്ക് ഒരു കത്തെഴുതുന്നത് ഇതാദ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലിക്കാ വിശ്വാസപാരമ്പര്യമുള്ള സീറോ മലബാർ സഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവത്രികസഭയോടും മാർപാപ്പായോടും പുലർത്തിയ അചഞ്ചലമായ വിശ്വസ്തതയാണ്. പത്രോസിനോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും

(*cum Petro et sub Petro*) സഭാതലവനോടും രൂപതാ മെത്രാനോടുമുള്ള അനുസരണത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർന്നു തന്നിട്ടുള്ളത്. 1934 ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടായ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവു മാർപാപ്പായ്ക്ക് എഴുതിയത്, "തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾക്കു പൂർണ്ണമായും സ്വീകാര്യമാണ്" എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവിലൂടെയാണെന്നു നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (*CCEO*, c. 45). ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമതീർപ്പു കല്പിക്കേണ്ടതു മാർപാപ്പായാണെന്നു സഭാപ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (*SC*, 22). മാർപാപ്പ തീർപ്പുകല്പിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (*SC*, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. "അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ്" (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചു തരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരിച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുക എന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വനിർവഹണവും

പരിശുദ്ധ പിതാവിനോടുള്ള നമ്മുടെ വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധനക്രമത്തിൽ ഐകരൂപ്യമല്ല ഐക്യമാണു വേണ്ടത് എന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാന ഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രംതന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി(ബേമ്മ)യിൽവച്ചു ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്ബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (*DV*, 14). നമ്മുടെ സഭയിലെ പൗരാണികമായ പാരമ്പര്യവും ഇതുതന്നെയാണ്.

നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്ന്, "കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടുംകൂടെ" വിശ്വാസപ്രമാണത്തിനുശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിനു ബലിയർപ്പിക്കുകയാണ്. അതിനാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരി

ക്കുന്നത്. പാശ്ചാത്യ, പൗരസ്ത്യ സഭകളിലെല്ലാം 1965 വരെ അൾത്താരയ്ക്ക് അഭിമുഖമായാണ് വി. കുർബാന അർപ്പിച്ചി രുന്നത്. സഭയുടെ ആരംഭംമുതലേ നിലനിന്നിരുന്ന ഈ വിശുദ്ധ പാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കുന്നതുകൊണ്ടാണു കുർബാന സ്വീകരണത്തിനുശേഷമുള്ള കൃതജ്ഞതാപ്രാർഥനകളും സമാപനാശീർവാദവും ജനങ്ങളുടെ നേരേ തിരിഞ്ഞു ചൊല്ലേണ്ടതാണെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവ ത്തിന് അർപ്പിക്കുന്ന ബലിയാണ്. അതിനാൽ, സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വിശുദ്ധ അൾത്താരയ്ക്ക് അഭി മുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചി തമാണെന്ന് ആദിമകാലംമുതലേ സഭ കരുതിയിരുന്നു. വിശു ദ്ധ കുർബാനയർപ്പിക്കുന്ന കാർമികൻ ഒരേസമയം ക്രിസ്തു വിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു (*alter Christus et altera Ecclesia*). ക്രിസ്തീയജീവിതം സ്വർഗത്തെ ലക്ഷ്യമാ ക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാ നത്തിലൂടെ തിരുസ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതി നിധാനം ചെയ്യുന്ന സ്വർഗത്തെ ലക്ഷ്യമാക്കി ദൈവജനമൊ ന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാന യിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലി പീഠത്തിനു മുന്നിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങ ളോടും സ്വർഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസി കളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബ്ബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരി ക്കുന്നത്. ഒരേസമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസന

വും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ അൾത്താരയ്ക്കു നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ "കർത്താവിലേക്കു തിരിയുന്നതായി" (*conversi ad Dominum*) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു വിശുദ്ധ കുർബാനയിലെ അനാഫൊറയുടെ ആരംഭംമുതൽ വിശുദ്ധ കുർബാനസ്വീകരണംവരെയുള്ള ഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly) നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം എന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്രത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടെ നമുക്കു ദൈവതിരുമുമ്പിൽ ഏറ്റുപറയാം. 'അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല' എന്ന ബെനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്കു മാർഗദീപമാകട്ടെ.

ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടികാണിച്ചു വിവിധ തലങ്ങളിൽനിന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവു ശൈലി മാറ്റുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടു നയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്കന്മാർക്കു ബോധ്യപ്പെട്ടു. സഭയിൽ

ഏതെങ്കിലുമൊരു ആശയഗതിയുടെ വിജയമോ പരാജയമോ ആയി ഈ തീരുമാനത്തെ ആരും വിലയിരുത്തരുത്. ആരാധനക്രമാനുഷ്ഠാനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർക്ഷമാണു പരിശുദ്ധ പിതാവു നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

അതിനാൽ, പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (*editio typica*) അടുത്ത ആരാധനക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ാം തീയതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ചമുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.


സിനഡിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ഒരു മാസം ഉപവസിച്ചു പ്രാർഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഈ പ്രാർഥന സഹായകമായി. സഭാമക്കളേവരോടും ഹൃദയപൂർവം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരു മനസ്സോടെ തീരുമാനമെടുക്കാം. ഇക്കാര്യത്തിൽ ഇനിയും വിയോജനസ്വരങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോകത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പിക്കുന്ന അവിടത്തെ മൗതിക ശരീരമായ നമ്മുടെയും ആത്മബലിയാകട്ടെ. ഭിന്നതകളുടെ മതി

ലുകൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തിനായി നമുക്കു സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2021-ാം ആണ്ട് ആഗസ്റ്റ് മാസം 27-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

NB: ഈ ഇടയലേഖനം 2021 സെപ്റ്റംബർ 05-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് സാമൂഹികമാധ്യമങ്ങളിലൂടെ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

**സർക്കുലർ - 288**

# ജീവൻ സംരക്ഷണദിനം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

ഭാരതത്തിൽ 1971 ആഗസ്റ്റ് 10-ാം തീയതി MTP (Medical Termination of Pregnancy) Act ലൂടെ ഗർഭച്ഛിദ്രം നിയമവിധേയമാക്കി. കോടിക്കണക്കിനു ശിശുക്കൾ കഴിഞ്ഞ 50 വർഷത്തിനുള്ളിൽ കൊല്ലപ്പെട്ടു. 2015 ൽ മാത്രം 15.6 ദശലക്ഷം കുഞ്ഞുങ്ങൾ കൊല്ലപ്പെട്ടുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഭാരതത്തിൽ ഗർഭച്ഛിദ്രം നിയമാനുസൃതമാക്കിയിട്ട് ഈ ആഗസ്റ്റ് 10 ന് 50 വർഷം പൂർത്തിയാകുകയാണ്. CBCI പ്രസ്തുത ദിവസം Black day (കറുത്തദിനം) ആയും KCBC ജീവൻ സംരക്ഷണദിനമായും ആചരിക്കുകയാണ്.

മനുഷ്യജീവൻ ഗർഭധാരണത്തിന്റെ നിമിഷംമുതൽ ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. MTP Act അനുസരിച്ച് 24 ആഴ്ച പ്രായമുള്ള ശിശുവിനെവരെ ഗർഭച്ഛിദ്രത്തിലൂടെ കൊലചെയ്യാമെന്ന സ്ഥിതിയാണ് ഭാരതത്തിലുള്ളത്. അസ്തിത്വത്തിന്റെ ആദ്യനിമിഷംമുതൽ മനുഷ്യജീവി ഒരു വ്യക്തിയുടെ അവകാശമുള്ളവനായി അംഗീകരിക്കപ്പെടണം. ഗർഭാവസ്ഥയിൽ ഒരു ശിശുവിന് ഏറ്റവും സുരക്ഷിതമായ വാസസ്ഥലമായി ദൈവം ക്രമീകരിച്ചു നൽകിയിരിക്കുന്നതാണ് അമ്മയുടെ ഉദരം. ആ ഉദരത്തിൽ വെച്ച് ഒന്നു പ്രതികരിക്കാൻപോലും സാധിക്കാത്ത ശിശുവിനെ കൊലപ്പെടുത്തുന്നത് കൊലപാതകംതന്നെയാണ്.

അമ്മമാരുടെ ഉദരത്തിൽവച്ചു കൊല്ലപ്പെട്ട ശിശുക്കൾക്കുവേണ്ടി ആഗസ്റ്റ് 10-ാം തീയതി ചൊവ്വാഴ്ച പരിശുദ്ധ കുർബാന, പ്രാർത്ഥനാശുശ്രൂഷകൾ, കരുണക്കൊന്ത, ഉപവാസം തുടങ്ങിയവ നടത്തുവാൻ നമ്മുടെ ഇടവകകളിലും

ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം. നമ്മിൽനിന്ന് ഒരു വ്യക്തി മരണംമൂലം വേർപെടുമ്പോൾ ദൈവാലയമണി മുഴക്കിയാണല്ലോ അറിയിപ്പുകൊടുക്കുന്നത്. ഈ വസ്തുത മനസ്സിൽ സൂക്ഷിച്ചുകൊണ്ട് 10-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 12 നുള്ള ത്രികാലമണിക്കുശേഷം ഓരോ നിറുത്തിനും ഒറ്റയായി 9 പ്രാവശ്യം ദൈവാലയ മണി **(7 വയസ്സിനുതാഴെയുള്ളവരുടെ മരണഅറിയിപ്പിനായുള്ള പള്ളിമണി ക്രമമനുസരിച്ച്)** മുഴക്കേണ്ടതാണ്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സാധിക്കുന്ന വിധത്തിലെല്ലാം ഉചിതമായി ആഗസ്റ്റ് 10-ാം തീയതി ജീവൻ സംരക്ഷണദിനമായി ആചരിക്കണം.

ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമായി വന്ന ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 09.08.2021

NB: 09.08.2021 ൽ നല്കപ്പെട്ട സർക്കുലർ

# CATHOLIC BISHOPS' CONFERENCE OF INDIA (CBCI)

C.B.C.I. Centre, 1 Ashok Place, Near Gole Dakkhana, New Delhi-110 001. India
Tel: +91 11 2334 4470

Cardinal Oswald Gracias
President

August 2, 2021

Your Eminence, Your Beatitude, Your Grace, Your Excellency,

**August 10, 2021** will mark the completion of **50 years** since the coming into effect of the Medical Termination of the Pregnancy Act in India. Millions of abortions have taken place in our country after that legislation and there is no sign of slowing down of this anti-life trend. One estimate puts the number of abortions in 2015 alone at 15.6 million!

We are invited to mark August 10th as a **"DAY OF MOURNING"** so that through various means the Church can express our sorrow at the killing of unwanted babies, and we can promote a pro-life mentality in our Society.

I met a coalition of several pro-life bodies led by Bishop Thomas Elavanal and I am sharing with you some of the suggestions that emerged at the meeting.

1. A campaign of prayer and reparation for the decades of innocent bloodshed.
2. A Mass to be offered in every parish on **August 10, 2021** in memory of the unborn babies killed, and to make reparation for the sin of abortion.
3. The ringing of funeral bells in our Churches for 1-2 minutes on that day.
4. A Sermon to be preached in all our Churches on Pro Life theme on a Sunday close to August 10, 2021.
5. Organizing Youth United for the Church (YU4C), pro-life formation programs.
6. Presenting Pro-Life programs during the week on our media channels
7. Observing 'Mercy Hour' in all our parishes, religious houses, seminaries and Catholic Institutions on or around August 10, 2021.
8. A digital black out through the social media platform

I am aware that we are in a lockdown and hence we are limited in our options. I recommend that you do what is possible, keeping in mind we are called to promote a culture of life. "I have come that you may have life and life to the full." (John 10:10). The Church is in the forefront of promotion of a pro -life culture all over the world.

With kind regards and affectionate wishes,

Yours fraternally in Christ,

+ Oswald Gracias

✠ **Oswald Cardinal Gracias**
Archbishop of Bombay &
President, Catholic Bishops' Conference of India

Res. : Arch Bishop's House, 21, Nathalal Parekh Marg, Mumbai-400001. Tel: 022-22021093 Mob. : (0) 9892 984 689
e-mail: diocesebombay@gmail.com

NB: 09.08.2021 ൽ നല്കപ്പെട്ടത്

# KCBC COMMISSION FOR FAMILY

Pastoral Orientation Centre (P.O.C.), Palarivattom, Kochi - 682025, Ph:9495812190
Email:kcbcfamilycommission@gmail.com, Website:www.kcbcfamilycommission.org

Ref: FCLB 2/2021 2021 02-08-2021

**ക്രിസ്തുവിൽ പ്രിയമുള്ള പിതാക്കന്മാരേ/ അച്ചന്മാരേ,**

എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു. നമ്മുടെ രൂപതകളിൽ കുടുംബ പ്രേഷിത ശുശ്രൂഷ വളരെ നന്നായി നടക്കുന്നതിൽ എല്ലാവർക്കും അഭിനന്ദനങ്ങൾ.

2021 ആഗസ്റ്റ് 10-ാം തീയതി MTP Act (Medical Termination of Pregnancy Act) നമ്മുടെ രാജ്യത്ത് നടപ്പാക്കിയതിൻെറ 50 വർഷം പൂർത്തിയാവുകയാണ്. 1971 ലാണ് ഈ Act പാസാക്കിയത് (Act No. 34 of 1971) (10th August 1971). ഇതിനോടനുബന്ധിച്ച് ഭാരത കത്തോലിക്കാസഭയിൽ Black Day ആയി ആചരിക്കുവാൻ CBCI ആഹ്വാനം ചെയ്തിട്ടുണ്ട്. അത് കേരളസഭയിൽ നാം ജീവന്റെ സംരക്ഷണ ദിനമായി ആചരിക്കുകയാണ്. അതുകൊണ്ട് 2021 ആഗസ്റ്റ് 10-ാം തീയതി പ്രോലൈഫ് സമിതികളുടെ സഹകരണത്തോടെ ഈ ദിവസം ഉചിതമായി ആചരിക്കണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. അതിന് സഹായകരമായ ഏതാനും പദ്ധതികൾ താഴെ ചേർക്കുന്നു.

* രൂപതയിലെ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ പ്രോലൈഫ് വെബിനാർ നടത്തുക.

* പ്രോലൈഫ് ശുശ്രൂഷകൾ സജീവമാക്കുക. രൂപതാതലത്തിൽ പ്രവർത്തിക്കുന്ന പ്രോലൈഫ് സമിതിയുടെ സഹകരണത്തോടെ വിവിധ കർമ്മപരിപാടികൾ ആവിഷ്കരിക്കുക.

* വ്യക്തികളും കുടുംബങ്ങളും സൗകര്യപ്രദമായ ഒരു ദിവസം ഉപവാസപ്രാർത്ഥനയ്ക്കായി വിനിയോഗിക്കുക.

* ആഗസ്റ്റ് 8 മുതൽ 15 വരെയുള്ള ദിവസങ്ങൾ പ്രാർത്ഥനാ വാരം ആയി ആചരിക്കാം.

* കേരള തലത്തിൽ കുടുംബ പ്രേഷിതത്വവിഭാഗവും പ്രോലൈഫ് സമിതിയും ഒരുമിച്ച്, ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള ഒരു വെബിനാർ നടത്താൻ പദ്ധതിയിടുന്നുണ്ട്.

* പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ രൂപത/ഫോറോന/ഇടവക തലത്തിൽ ഭ്രൂണഹത്യയ്ക്ക് എതിരെ ജീവന്റെ സംസ്കാരം സജീവമാക്കുവാനുള്ള പ്രചാരണങ്ങൾ കോവിഡ് നിയന്ത്രണം പാലിച്ചുകൊണ്ടുള്ള മാധ്യമ പരിപാടികൾ എന്നിവ സംഘടിപ്പിക്കാം.

* ജീവന്റെ സംസ്കാരം പ്രോത്സാഹിപ്പിക്കുന്ന പോസ്റ്റർ, പ്ലേകാർഡ്, എന്നിവ തയ്യാറാക്കാവുന്നതാണ്.

* സീറോ മലബാർ സഭയുടെ പ്രോലൈഫ് അപ്പോസ്തലേറ്റും കെസിബിസി പ്രോലൈഫ് സമിതിയും സംയുക്തമായി ജീവസമൃദ്ധി എന്ന പേരിൽ ഒരു മ്യൂസിക്കൽ ആൽബം തയ്യാറാക്കിവരുന്നു. ഇതിന്റെ ലിങ്ക് അയയ്ക്കുന്നതാണ്. രൂപതയിൽ പിതാവിന്റെയും ഡയറക്ടർ അച്ചന്റെയും സന്ദേശത്തോടെ ഈ മ്യൂസിക്കൽ ആൽബം പ്രചരിപ്പിക്കാവുന്നതാണ്.

* വിവാഹ ഒരുക്ക കോഴ്സുകളിൽ ജീവൻ, കുടുംബം എന്നീ പ്രമേയങ്ങൾക്ക് ഊന്നൽ നൽകുവാൻ അഭ്യർത്ഥിക്കുന്നു. യുവതീയുവാക്കന്മാരോട് കുടുംബപ്രേഷിത പ്രോലൈഫ് ശുശ്രൂഷകളിൽ സഹകരിക്കുവാൻ ആവശ്യപ്പെടുമല്ലോ.

* കൂടുതൽ മക്കളെ സ്വീകരിക്കുന്ന കുടുംബത്തെ പിന്തുണയ്ക്കുന്ന നയം, കർമ്മപരിപാടികൾ എന്നിവ എല്ലാ രൂപതകളിലും ഉണ്ട്. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കൂടുതൽ ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുക.

* ജീവൻ, കുടുംബം എന്നിവയെക്കുറിച്ചുള്ള പഠനം, പുസ്തകം എന്നിവ വ്യാപകമാക്കുവാൻ ശ്രമിക്കുക.

* കേരള തലത്തിൽ ജീവൻ, കുടുംബം എന്നിവയുടെ പ്രാധാന്യം, സഭയുടെ നയം, പഠനങ്ങൾ, എന്നിവ വ്യക്തമാക്കുന്ന പുസ്തകം, വീഡിയോ -ഓഡിയോ, ഹാൻഡ്ബുക്ക് എന്നിവ പ്രോലൈഫ് വിഭാഗത്തിന്റെ സഹകരണത്തോടെ തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിർദേശങ്ങളും അഭിപ്രായങ്ങളും തേടുന്നു. ഇതിലേക്ക് ലേഖനങ്ങൾ സംഭാവന ചെയ്യുവാനും അഭ്യർത്ഥിക്കുന്നു.

* രൂപതകളിൽ തയ്യാറാക്കുന്ന വിവിധ മാധ്യമ പരിപാടികളുടെ റിപ്പോർട്ടുകൾ എന്നിവ അയച്ചു തന്നാൽ,വിവിധ രൂപതകൾക്കും പൊതുസമൂഹത്തിനും പ്രയോജനപ്പെടുത്തുന്ന വിധത്തിൽ അവ ഉപയോഗിക്കുന്നതാണ്.

* വലിയകുടുംബങ്ങളിലെ (മൂന്നോ അതിലധികം) കുഞ്ഞുങ്ങളുടെ മാമ്മോദീസയ്ക്ക് മെത്രാൻ പോകുന്ന പതിവ് മിക്കവാറും രൂപതകളിൽ ഉണ്ട്. ആ അവസരത്തിൽ ഫാമിലി പ്രോലൈഫ് വിഭാഗത്തിന്റെ ഒരു സമ്മാനം നൽകുന്നതും സന്തോഷകരമായിരിക്കും.

* വലിയ കുടുംബങ്ങളെ ആദരിക്കുന്ന ജീവസമൃദ്ധി പ്രോഗ്രാം ഇടവക/രൂപത തലങ്ങളിൽ തുടരണം.

* കുടുംബപ്രേക്ഷിത വിഭാഗം പ്രോഗ്രാമിൽ പ്രോലൈഫ് പ്രവർത്തകരെയും പങ്കെടുപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

* നമ്മുടെ പൊതുപരിപാടികളിൽ വനിതകളും കുഞ്ഞുങ്ങളുമടക്കമുള്ള കുടുംബങ്ങളെ പങ്കെടുപ്പിക്കുകയും അവ സമൂഹമധ്യത്തിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നതും നന്നായിരിക്കും.

* പ്രോലൈഫ് കാര്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ പ്രോലൈഫിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ, എന്തെങ്കിലും വിവരങ്ങളോ പിന്തുണയോ ആവശ്യമെങ്കിൽ കെസിബിസി പ്രോലൈഫ് സംസ്ഥാന സമിതിയെ സമീപിക്കാവുന്നതാണ്.

* നമ്മുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായ നിർദേശങ്ങളും അഭിപ്രായങ്ങളും നിങ്ങളുടെ ഭാഗത്തു നിന്ന് പ്രതീക്ഷിക്കുന്നു.

**സ്നേഹപൂർവ്വം**

**ഫാ. പോൾസൺ സിമേതി**
**സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ**

1. **ബിഷപ്പ് ഡോ പോൾ ആന്റണി മുല്ലശേരി (ചെയർമാൻ കെസിബിസി ഫാമിലി കമ്മീഷൻ)**
2. **മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ (വൈസ് ചെയർമാൻ കെസിബിസി ഫാമിലി കമ്മീഷൻ)**
3. **ബിഷപ്പ് ജോഷ്വാ മാർ ഇഗ്നേത്തിയോസ് (വൈസ് ചെയർമാൻ കെസിബിസി ഫാമിലി കമ്മീഷൻ)**

---

NB: 09.08.2021 ൽ നല്കപ്പെട്ടത്

# KCBC COMMISSION FOR FAMILY

Pastoral Orientation Centre (P.O.C.), Palarivattom, Kochi - 682025, Ph:9495812190
Email:kcbcfamilycommission@gmail.com, Website:www.kcbcfamilycommission.org

Ref: FCLB 3/2021 2021 06-08-2021

**ക്രിസ്തുവിൽ പ്രിയമുള്ള പിതാക്കന്മാരേ/ അച്ചന്മാരേ,**

***ജീവനുവേണ്ടി കൈ കോർക്കൂ!***

**ഓഗസ്റ്റ് പത്താംതീയതി ഇന്ത്യയിൽ വിലാപദിനം**

കഴിഞ്ഞ 50 വർഷങ്ങളായി ഗർഭച്ഛിദ്രത്തിന് വിധേയരായ ഭ്രൂണാവസ്ഥയിലെ ശിശുക്കളെ അനുസ്മരിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും പ്രോലൈഫ് മനോഭാവം ഭാരതീയർക്കിടയിൽ വളർത്താനുമായി ഭാരത കത്തോലിക്കാസഭ ഓഗസ്റ്റ് പത്താം തീയതി ജീവന്റെ സംരക്ഷണ ദിനമായി ആചരിക്കുന്നു. സിബിസിഐ പ്രസിഡൻറ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് എല്ലാ മെത്രാന്മാർക്കും ഇതിനെസംബന്ധിച്ച് കത്തുകളയച്ചു. 1971 ഓഗസ്റ്റ് പത്താംതീയതി ആണ് MTP Act ലൂടെ ഭാരതത്തിൽ ഗർഭച്ഛിദ്രം നിയമവിധേയമായിത്തീർന്നത്.

കോടിക്കണക്കിന് ശിശുക്കൾ കഴിഞ്ഞ 50 വർഷത്തിനുള്ളിൽ കൊല്ലപ്പെട്ടിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. 2015ൽ മാത്രം 15.6 ദശലക്ഷം കുഞ്ഞുങ്ങളാണ് കൊല്ലപ്പെട്ടത്.

കൊല്ലപ്പെട്ട ശിശുക്കൾക്കു വേണ്ടി ബലിയർപ്പണം, പ്രാർത്ഥനായജ്ഞങ്ങൾ, കരുണക്കൊന്ത തുടങ്ങിയവയും പൊതുജനത്തിന്റെ ബോധവത്കരണത്തിനുവേണ്ടി 24 മണിക്കൂർ നീളുന്ന സോഷ്യൽ മീഡിയ ഉപവാസം (ഡിജിറ്റൽ ബ്ലാക്ക് ഔട്ട്), രണ്ടു മിനിറ്റു നേരം ദേവാലയങ്ങളിൽ മരണമണി മുഴക്കൽ, അനുസ്മരണാസമ്മേളനങ്ങൾ തുടങ്ങിയ വിവിധ പരിപാടികൾ ദിനാചരണത്തിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

കേരളസഭയിൽ ജീവസംരക്ഷണദിനം ആചരിക്കാൻ കെസിബിസി ഫാമിലി കമ്മീഷൻ ഇതിനകം ആഹ്വാനം നൽകിയിട്ടുണ്ട്. എല്ലാ രൂപതകളിലും പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ഈ ദിനം ഉചിതമായി ആച രിക്കണമെന്ന് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നു.

P.T.O

**ജീവന്റെ സംരക്ഷണത്തിനുള്ള പ്രാർത്ഥന***

പ്രപഞ്ചസ്രഷ്ടാവും ജീവദാതാവുമായ ദൈവമേ, ലോകത്തിന് അങ്ങു നൽകിയ ഏറ്റവും മഹിതമായ ദാനമാണ് ജീവനെന്ന് ഞങ്ങൾ അറിയുന്നു. ഈ ശ്രേഷ്ഠദാനത്തിന്റെ പേരിൽ ഞങ്ങൾ അങ്ങേക്ക് നന്ദി അർപ്പിക്കുന്നു. ഞങ്ങൾക്കായി ജീവൻ പങ്കുവയ്ക്കാൻ അങ്ങ് സ്നേഹപൂർവ്വം നിയോഗിച്ച മാതാപിതാക്കന്മാരെയും ഈ നിമിഷം ഞങ്ങൾ അനുസ്മരിക്കുകയാണ്. ജീവൻ സംരക്ഷിക്കാനും പരിപാലിക്കാനും അങ്ങ് നൽകിയ കല്പന ഞങ്ങൾ പലപ്പോഴും അവഗണിച്ചതിനെ ഓർത്തു ഞങ്ങൾ അനുതപിക്കുന്നു. ജീവന്റെ അമൂല്യത മറന്നുകൊണ്ട് ഞങ്ങൾ ചെയ്ത എല്ലാ ഹീനകൃത്യങ്ങളും കൊലപാതകം തന്നെയാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അങ്ങേ സ്നേഹത്തിന്റെ കല്പനകൾ കരുണാരഹിതമായി നിരാകരിച്ചതിന്റെയും ചിന്താശൂന്യമായ സ്വാർത്ഥതയുടെയും ഫലമായി ഭ്രൂണാവസ്ഥയിലിരിക്കുന്ന ശിശുക്കളെ നശിപ്പിച്ചതിനെ ഓർത്ത് അങ്ങയോടു ഞങ്ങൾ മാപ്പപേക്ഷിക്കുന്നു. ജീവന്റെ സംരക്ഷണാർത്ഥം അധ്വാനിക്കുന്ന ആരോഗ്യപ്രവർത്തകരെ നന്ദിയോടെ നോക്കിക്കാണാനും ജീവന്റെ അമൂല്യത അംഗീകരിച്ച് അതിനെ സംരക്ഷിക്കാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. കരുണാമയനായ ദൈവമേ, ഞങ്ങളെ അതിന് അനുഗ്രഹിക്കണമേ, ആമ്മേൻ.

1സ്വ. 1 നന്മ. 1 ത്രിത്വ.

N.B: ഭാരതത്തിൽ MTP (Medical Termination of Pregnancy Act) നടപ്പാക്കിയിട്ട് 2021ഓഗസ്റ്റ് 10-ന് 50 വർഷം പൂർത്തിയാവുന്നു. അന്ന് നമ്മൾ ജീവന്റെ സംരക്ഷണദിനമായി ആചരിക്കുകയാണ്.

**സ്നേഹപൂർവം**

**ഫാ. പോൾസൺ സിമേതി**
**സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ**

---

NB: 09.08.2021 ൽ നല്കപ്പെട്ടത്

BISHOP'S HOUSE PALAI
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
Fax : 04822-211379
E-mail : aramanapala@gmail.com
Web : www.palaidiocese.com

**EPARCHY OF PALAI**

## RENEWAL OF 12 A/AA

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരേ,

Renewal 12 A/AA രജിസ്ട്രേഷനെ സംബന്ധിച്ച കാര്യങ്ങൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മൂന്ന് പ്രാവശ്യമെങ്കിലും നമ്മുടെ പരിഗണനയിൽ വന്നിരുന്നല്ലോ. എന്നാൽ കാലാകാലങ്ങളിൽ ഇതുസംബന്ധിച്ചുള്ള പുതിയ പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകുന്നതിനാൽ റിന്യൂവൽ രജിസ്ട്രേഷൻ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. കഴിഞ്ഞ ജൂൺ മാസത്തിൽ ഇക്കാര്യത്തിൽ ഏറെ കാര്യങ്ങൾ നാം ചെയ്യുകയും ആവശ്യമായ documents ശേഖരിക്കുകയും ചെയ്തിരുന്നു. എന്നാൽ അക്കാര്യങ്ങളിൽ പലതിലും പലതരത്തിലുള്ള അപാകതകളും കുറവുകളും Verification ൽ ശ്രദ്ധയിൽപ്പെട്ടു. ഓഗസ്റ്റ് 30 ന് മുമ്പ് ഈ Renewal ന്റെ അപേക്ഷ സമർപ്പിക്കണമെന്നാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന നിർദേശം. ബഹുമാനപ്പെട്ട അച്ചന്മാരെ ഇക്കാര്യത്തിനായി വീണ്ടും സമീപിക്കേണ്ടി വരുന്നതിൽ ഖേദം അറിയിക്കുന്നു. ഈ Renewal നമ്മുടെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും ചെയ്തേ പറ്റൂ.

ഇക്കാര്യങ്ങൾ പൂർത്തികരിക്കുന്നതിന് ഫൊറോന തലത്തിൽ കൂടുവാൻ ആഗ്രഹിച്ചുവെങ്കിലും കോവിഡ് വ്യാപനത്തിന്റെ സാഹചര്യത്തിൽ അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം രൂപതാ കേന്ദ്രത്തിൽ സൗകര്യമൊരുക്കുകയാണ്. താഴെ പറയുന്ന സമയക്രമം അനുസരിച്ച് ബഹു. വികാരിയച്ചന്മാർ എത്തുമല്ലോ. നല്കപെട്ടിരിക്കുന്ന Time Table ൽ നിശ്ചിയിച്ചിരിക്കുന്ന ദിവസം അസൗകര്യമുണ്ടെങ്കിൽ Aug 20, 21 (വെള്ളി, ശനി) ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 12 വരെയും ഉച്ചക്കുശേഷം 2.30 മുതൽ 4 വരെയും രൂപതാകേന്ദ്രത്തിൽ സൗകര്യമുണ്ടായിരിക്കും.

പള്ളിയുടെ Auditor വഴി 12 AB renewal നടത്തുന്നവർ അക്കാര്യം രൂപതാ ചാൻസിലറേയോ, ഫിനാൻസ് ഓഫീസറേയോ അറിയിക്കുമല്ലോ. അപ്രകാരം ചെയ്യുന്നവർ 12 AB Regitration നടത്തിക്കഴിയുമ്പോൾ സർട്ടിഫിക്കറ്റിന്റെ ഒരു copy രൂപതാ കേന്ദ്രത്തിൽ എല്പിക്കേണ്ടതാണ്. എല്ലാ ഇടവകകളും Renewal നടത്തി എന്ന് ഉറപ്പുവരുത്താനാണ്.

**താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ**

1. ഇതിലെ Authorised Signitory വികാരിയച്ചനാണ്. പാൻകാർഡിലെ പേരുതന്നെയാണ് എല്ലായിടത്തും ഉപയോഗിക്കേണ്ടത്. ആ പേര് തന്നെയാണ് പേരെഴുതി ഒപ്പിട്ട് attest ചെയ്യുന്ന എല്ലായിടത്തും വേണ്ടത്. SIGN ചെയ്യുന്ന Authorised Signitory (വികാരി അച്ചൻ) ന്റെ Mobile നമ്പർ (അതായത് Common Phone for Parish) PAN കാർഡും ADHAAR കാർഡും ആയി Link ചെയ്തിരിക്കണം.

2. ഇതിലെ Key Persons വികാരിയച്ചനും കൈക്കാരന്മാരുമാണ്. ആയതിനാൽ വികാരിയച്ചൻ ഉൾപ്പെടെ മൂന്ന് പേരുടെയെങ്കിലും details ഉണ്ടായിരിക്കണം. ഇവരുടെ പാൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ കോപ്പി നിർബന്ധമായും വേണം. കൈക്കാരന്മാർക്ക് പാൻ കാർഡ്, ആധാർ കാർഡ് എന്നിവ ലഭ്യമല്ലെങ്കിൽ പള്ളിയുമായി അടുത്തുനിൽക്കുന്ന രണ്ടുപേരുടെ എങ്കിലും പാൻ കാർഡ്, ആധാർ കാർഡ് details വേണം.

3. പള്ളിയുടെ പേര് പള്ളിയുടെ പാൻ കാർഡ് പ്രകാരം ആയിരിക്കണം.

BISHOP'S HOUSE
Pala P. O
Kottayam
686 575
EPARCHY OF PALAI

BISHOP'S HOUSE PALAI
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
Fax : 04822-211379
E-mail : aramanapala@gmail.com
Web : www.palaidiocese.com

# EPARCHY OF PALAI

**ബഹു. വികാരിയച്ചന്മാർ വരുമ്പോൾ കൊണ്ടുവരേണ്ടവ**

1. Certificate of Establishment (ഈ Certificate അരമനയിൽ നിന്നും ലഭിക്കുന്നതാണ്)
2. 12 A Certificate ന്റെ Copy (FCRA, Darpan ഉണ്ടെങ്കിൽ അതിന്റെ Copy)
3. മൂന്നുവർഷത്തെ കണക്ക് **(2018-2019, 2019-2020 & 2020-2021)**
    1. Receipts & Payments Record
    2. Income & Expense Record
    3. Balance Sheet
    4. Audit Report of the years **: 2018-19, 2019-20 & 2020-21**

(ഈ മൂന്നു വർഷങ്ങളിലെ മേൽപ്പറഞ്ഞ Documents നിർബന്ധമായും വേണം. 2020 - 2021 ൽ Audit നടന്നിട്ടില്ലെങ്കിൽ ഇതുവരെ നടന്ന വരവ് ചിലവ് കണക്കുകളുടെ ഒരു Printed Copy ആയാലും മതിയാകും).

4. Key Person (വികാരിയച്ചൻ, കൈക്കാരന്മാർ) ആയ എല്ലാവരുടെയും പാൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ കോപ്പി.
5. പള്ളിയുടെ PAN കാർഡിന്റെ Copy
6. പള്ളിയുടെ Round Seal
7. പള്ളിയുടെ Email ID, Common Mobile Number (Land Line ഉണ്ടെങ്കിൽ അതിന്റെ Number)

BISHOP'S HOUSE Pala P.O Kottayam 686 575 EPARCHY OF PALAI

പാലാ
11.08.2021

ഫാ.ജോസ് കാക്കല്ലിൽ
ചാൻസിലർ

ഫാ.ജോസ് നെല്ലിക്കത്തെരുവിൽ
ഫിനാൻസ് ഓഫീസർ

NB: പുതിയ Renewal Form രൂപതാകേന്ദ്രത്തിൽനിന്ന് ലഭിക്കും.

**സമയക്രമം**

| Date | Foranes | Time |
|---|---|---|
| 16.08.2021, Monday | Cathedral & Cherpunkal | 09.30am-11.00am |
| ,, ,, ,, | Bharanagnam & Pravithanam | 11.00am-12.30am |
| ,, ,, ,, | Aruvithura & Teekoy | 02.30pm-04.00pm |
| 17.08.2021, Tuesday | Kadanad & Ramapuram | 09.30am-11.00am |
| ,, ,, ,, | Kaduthuruthy & Muttuchira | 11.00am-12.30am |
| ,, ,, ,, | Kothanalloor & Elanji | 02.30pm-04.00pm |
| 18.08.2021, Wednesday | Kuravilangad | 09.30am-11.00am |
| ,, ,, ,, | Thudanganad & Moolamattam | 11.00am-12.30am |
| ,, ,, ,, | Poonjar & Koottickal | 02.30pm-04.00pm |

NB: 11.08.2021 ൽ നല്കപ്പെട്ട അറിയിപ്പ്

Dear Very/Rev. Fathers,

The Eparchy of Palai is planning to issue an official Identity Card to all the Priests in the Eparchy which will be beneficial for the priests to prove their identity as a Catholic Priest whenever required. So as to issue the identity card, various data are required to be updated in the Eparchical records.

Data updation of the priest profile can be done through the website link : https://palaidiocese.com/priest/login.

An OTP is sent to your mobile number (as per in our records) for the successful login.

Kindly follow the steps given in the document attached with this message

In case of necessity please contact Fr Joseph Vattappillil, Vice Chancellor, Eparchy of Palai.


Fr Joseph Thadathil


Syncellus


# EPARCHY OF PALAI - Priest profile updation -

Various steps involved for updating the priest profile in the Eparchical records.


- ★ Role of Priest
  - ○ LOGIN
    - ○ Get the url for priest login - https://palaidiocese.com/priest/login
    - ○ NEW REGISTRATION :
      - ■ Enter the mobile number as in the records of eparchy and click next to get an OTP in the mobile and set a new password, if not registered.









- ○ ALREADY REGISTERED
  - ■ Enter the mobile number as in the records of eparchy
  - ■ Enter the registered password and login to the page.





- ○ PRIEST LOGIN MENU CONTENTS.




- ● PRIEST PROFILE PAGE
  - ■ Fill the entire details in the profile page.
    - ● Mandatory fields to add are :-

- Profile Image
- Name
- House name
- Official Name
- Email
- Mobile Number
- Blood Group
- Home parish
- City/Village
- Landmark
- Pincode
- District
- Date of Birth
- Date of Ordination
- Aadhaar Number,

**Submit the profile details after entering the data.



Profile

Image

Image
Choose File No file chosen

Personal Details

| Salutation | Name | House Name |
|---|---|---|
| REV.Fr. | TEST VICAR | XTEST HOUSE |

| Official Name | Email |
|---|---|
| Test | test@123.in |

| Mobile Number | Mobile Number (Alternative) |
|---|---|
| 9847401856 | Alternative Mobile Number |

| Blood Group | Home Parish |
|---|---|
| A+ | ST. MARY'S CHURCH - ADIVARAM |

Personal Address (Home)

| City/Village/Municipality | Place(P.O) | Pincode | District |
|---|---|---|---|
| PALAI | PALAI | 686576 | KOTTAYAM |

Family & Education Details

| Fathers Name | Mother Name | Education | Doctorate |
|---|---|---|---|
| AUGUSTHY | ROSA | MA, BD, LD | Yes / NO |

Dates

| Date of Birth | Date of Baptism | Date of Chrismation | Date of Holy Communion |
|---|---|---|---|
| 03-07-1954 | 11-07-1954 | 01-01-1970 | 01-01-1970 |

| Date of Ordination | Date of Feast | Annual Retreat | Mass A/C Audit Date |
|---|---|---|---|
| 01-01-1970 | St. Mathew (21-Sep) | 15-09-2019 | 15-09-2019 |


Document

Aadhaar Number *
123456781234


Activate Windows
Go to PC settings to activate Windows.

Submit Profile

- ID card
    - Preview your ID card in the ID Card Preview section.




- Track your ID card in the ID Card Track section, once the processing starts.



# പാലാ ഹോം പ്രോജക്ട്

**ജൂലൈ – ഓഗസ്റ്റ്**

| സാമ്പത്തികസഹായം ലഭിച്ചവർ | | Amount From Centre | Amount From Parish |
|---|---|---|---|
| 1 | ജോമോൻ നരിയങ്ങാനം | 10000 | |
| 2 | എൽസമ്മ അരുവിത്തുറ | 50000 | |
| 3 | മിനി മാത്യു ഇടമറ്റം | 50000 | |
| 4 | ജോസഫ് ഇടമറ്റം | 25000 | |
| 5 | കുട്ടപ്പൻ വിൻസെന്റ് ഡീ പോൾ കളത്തൂർ | | 403216 |
| 6 | അനീഷ് വയലാ | 50000 | |
| 7 | ജോസ് ളാലം പഴയപള്ളി | | 200000 |
| 8 | രജനിമോൾ മരങ്ങാട്ടുപള്ളി | 25000 | |
| 9 | ലാലു ളാലം പഴയപള്ളി | | 200000 |
| 10 | ജോർജ് മുത്തോലി | 25000 | |
| 11 | രാജേഷ് വിൻസെന്റ് ഡി പോൾ പറത്താനം | | 400000 |
| 12 | ഷീല അരുണാപുരം | | 200000 |
| 13 | സെബാസ്റ്റ്യൻ അരുണാപുരം | | 125000 |
| 14 | എം.ജെ. മാത്യു വലവൂർ | 50000 | |
| 15 | അന്നക്കുട്ടി, വിൻസെന്റ് ഡീ പോൾ, വലവൂർ | | 16663 |
| 16 | ഔസേപ്പ്, വിൻസെന്റ് ഡീ പോൾ, വലവൂർ | | 10079 |
| 17 | മേഴ്സി വർക്കി, വിൻസെന്റ് ഡീ പോൾ, വലവൂർ | | 8000 |
| 18 | പെണ്ണമ്മ, വിൻസെന്റ് ഡീ പോൾ, വലവൂർ | | 10000 |

| | | | |
|---|---|---|---|
| 19 | വർക്കി, വിൻസെന്റ് ഡീ പോൾ, വലവൂർ | | 9500 |
| 20 | ബിനു, വിൻസെന്റ് ഡീ പോൾ, വലവൂർ | | 15000 |
| 21 | കുഞ്ഞുമോൻ, വിൻസെന്റ് ഡീ പോൾ, വലവൂർ | | 20000 |
| 22 | സിജോ, വിൻസെന്റ് ഡി പോൾ, വലവൂർ | | 10600 |
| 23 | അനിയൻ, വിൻസെന്റ് ഡീ പോൾ, വലവൂർ | | 20000 |
| 24 | യേശുദാസ്, വയലാ | | 150000 |
| 25 | ദേവസ്യ, വയലാ | | 60000 |
| 26 | രാജൻ ഉമ്മിക്കുഴിയിൽ | | 15000 |
| 27 | ഷാജി പൂഴിക്കോൽ | 50000 | 575780 |
| 28 | ജോബി ആന്റണി പൂഴിക്കോൽ | 100000 | 484512 |
| 29 | റോയി ഉാലം പഴയപള്ളി | | 200000 |
| 30 | വൺ ഫാമിലി - എസ്.എ.ബി.എസ്. കോൺഗ്രിഗേഷൻ കാക്കൊമ്പ് | | 1200000 |

**സ്ഥലം നൽകിയവർ**

| | | |
|---|---|---|
| 1 | ജോർജ്കുട്ടി ഞാവള്ളിൽ, ഉാലം പഴയപള്ളി | 5 സെന്റ് |
| 2 | ത്രേസ്യാമ്മ ചേരവേലിൽ, വയലാ | 5.5 സെന്റ് |
| 3 | ജോയി അടമ്പക്കല്ലേൽ, പറത്താനം | 12 സെന്റ് |
| 4 | ജോസഫ് ആറുകാക്കിൽ, വയലാ | 5 സെന്റ് |
| 5 | ചാൾസ് ഇഗ്നേഷ്യസ് കരിമരുതുങ്കൽ ജിയോവാലി | 3 സെന്റ് |
| 6 | സെന്റ് തോമസ് ഫൊറോന ചർച്ച്, തുടങ്ങനാട് | 5 സെന്റ് |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപറമ്പിൽ**
കോർഡിനേറ്റർ

## രൂപത ഡയറക്ടറി

രൂപത ഡയറക്ടറി 2021-2022 തയ്യാറായിരിക്കുന്നു. രൂപതാകേന്ദ്രത്തിലെ ഫിനാൻസ് ഓഫീസിൽനിന്നു ലഭിക്കുന്നതാണ്. (വില 225 രൂപ)

## വൈദികരുടെ വാർഷികധ്യാനം

അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒന്നിച്ചുകൂടി വാർഷികധ്യാനം നടത്താൻ സാധിക്കാത്ത സാഹചര്യം നിലവിലുള്ളതിനാൽ ബഹു. വൈദികരുടെ വാർഷികധ്യാനം ഇക്കൊല്ലവും Online മുഖേനയാവും ക്രമീകരിക്കുന്നത്. ധ്യാനത്തെ സംബന്ധിച്ച വിശദവിവരങ്ങൾ പിന്നീട് നല്കുന്നതാണ്.

തീയതി : 2021 ഒക്ടോബർ 04 തിങ്കൾ മുതൽ 07 വ്യാഴം വരെ.

സമയം : 05.00 pm മുതൽ 08.00 pm വരെ

# മാർ സ്ലീവാ മെഡിസിറ്റി പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പുതിയ ഒ.പി. ഫാർമസി ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ രോഗീപരിചരണം കൂടുതൽ മികച്ചതാക്കാൻ പുതിയ ഫാർമസി ആരംഭിച്ചു. 9 കൗണ്ടറുകളുള്ള പുതിയ ഒ.പി. ഫാർമസിയുടെ ആശീർവാദകർമ്മം പാലാ രൂപതയുടെ അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്നവർക്ക് കൂടുതൽ നിലവാരമാർന്നതും ചിട്ടയാർന്നതുമായ സേവനം നൽകാൻ ഇത് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്വാതന്ത്ര്യദിനം ആഘോഷിച്ച് മാർ സ്ലീവാ മെഡിസിറ്റി പാലാ**

ഭാരതത്തിന്റെ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യദിനം മാർ സ്ലീവാ മെഡിസിറ്റിയിൽ വിപുലമായി ആഘോഷിച്ചു. കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുനടന്ന ചടങ്ങിൽ മോൺ. ജോസഫ് തടത്തിൽ പതാക ഉയർത്തി. ആശുപത്രിയിലെ സെക്യൂരിറ്റി സ്റ്റാഫ് അംഗങ്ങളുടെ മാർച്ച് പാസ്റ്റും തദവസരത്തിൽ നടന്നു. അന്നേദിവസം, ആശുപത്രിയുടെ പുതിയ മിനി ആംബുലൻസിന്റെ ആശീർവാദവും മോൺ. ജോസഫ് തടത്തിൽ നിർവഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പുതിയ ആംബുലൻസ്**

മികച്ചതും സുഗമവുമായ ആതുരസേവനത്തിനും രോഗീപരിചരണത്തിനുമായി മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പുതിയ ആംബുലൻസ് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീവാദകർമ്മം നിർവഹിച്ച ചടങ്ങിൽ ഫാ. ബർക്മാൻസ് കുന്നുംപുറം, ഫാ. ജോർജ് വരകുകാലപ്പറമ്പിൽ (ടീച്ചേർസ് ഗിൽഡ്), അമോദ് മാത്യു - പ്രസിഡന്റ് (ടീച്ചേർസ് ഗിൽഡ്), ജോബിറ്റ് തോമസ് - സെക്രട്ടറി (ടീച്ചേർസ് ഗിൽഡ്), ഡയറക്ടേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഓണാഘോഷം നടത്തി.**

പൂക്കളമിട്ടും കേരളത്തിന്റെ തനതായ വേഷങ്ങൾ അണിഞ്ഞും മാർ സ്ലീവാ മെഡിസിറ്റിയിലെ സ്റ്റാഫ് അംഗങ്ങൾ ഓണം ആഘോ

ഷിച്ചു. ഓൺലൈൻ മത്സരത്തിലൂടെ മലയാളിമങ്ക, കേരള ശ്രീമാൻ എന്നിവരെ തിരഞ്ഞെടുക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**കോവിഡ് വാക്സിൻ എടുക്കാൻ അവസരമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

കോവിഡ് വാക്സിൻ എടുക്കാൻ പൊതുജനങ്ങൾക്ക് അവസരമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ. എല്ലാ ദിവസവും രാവിലെ 9 മുതൽ 5 മണിവരെ വാക്സിൻ എടുക്കാൻ അവസരം. cowin.gov.in ൽ ലോഗിൻ ചെയ്തതിനുശേഷം 686584 എന്ന പിൻകോഡ് ഉപയോഗിച്ച് സെർച്ച് ചെയ്ത മാർ സ്ലീവാ മെഡിസിറ്റി പാലാ സെലക്ട് ചെയ്ത് സ്ലോട്ടുകൾ ബുക്ക് ചെയ്യാവുന്നതാണ്. 700 രൂപയാണ് വാക്സിന്റെ വിലയായി ഈടാക്കുന്നത്. സ്പോട്ട് രജിസ്ട്രേഷനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

New Doctors list (August)

ഡോ. പ്രദീപ് കോട്ടം - സീനിയർ കൺസൾറ്റന്റ് ന്യൂറോളജി

ഡോ. മീനാക്ഷി ആർ. - റേഡിയോളജിസ്റ്റ്
- റേഡിയോ ഡയഗ്നോസിസ് & ഇമേജിങ്

ഡോ. മിതുൽ വി.എസ്. - രജിസ്ട്രാർ
- അനസ്തേഷ്യോളജി & പെരിഓപ്പറേറ്റീവ് മെഡിസിൻ

ഡോ. സുമി മെറിൻ തോമസ് - രജിസ്ട്രാർ
- അനസ്തേഷ്യോളജി & പെരിഓപ്പറേറ്റീവ് മെഡിസിൻ

**മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ

ലേഖനം

# വിസ്മരിക്കപ്പെട്ട രണ്ടു ഗോവർണദോർമാർ

## കട്ടക്കയം അബ്രാഹം മല്പാൻ ഗോവർണദോർ
## ശങ്കൂരിക്കൽ ഗീവർഗ്ഗീസ് മല്പാൻ ഗോവർണദോർ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

നസ്രാണികളുടെ ചരിത്രത്തിലെ സംഭവബഹുലമായ കാലഘട്ടമാണ് കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പോലീത്തായുടെയും (1742-1786) പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെയും (1736-1799) തച്ചിൽ മാത്തുത്തരകന്റെയും (1741-1814) ജീവിത കാലവും പ്രവർത്തനസമയവും.

1599 ൽ നസ്രാണിയുടെ സ്വത്വവും സ്വാതന്ത്ര്യവും നഷ്ടമായി. 1653 നും 1665 നുമിടയിൽ ഐക്യവും ഇല്ലാതായി. കൂനൻകുരിശുസത്യത്തോടുകൂടി (1653 ജനുവരി 3) വന്ന വിഭജനത്തിന്റെ (പഴയകൂറും പുത്തൻകൂറും) വേദനയിൽ സഭാംഗങ്ങൾ കഴിയുന്ന കാലം. കരിയാറ്റിയുടെയും പാറേമ്മാക്കലിന്റെയും റോമായാത്രയുടെ ലക്ഷ്യങ്ങളിലൊന്ന് പുത്തൻകൂറിലെ ആറാം മാർത്തോമ്മായുടെ പുനരൈക്യമായിരുന്നു. കരിയാറ്റിയുടെ അകാലചരമത്തെത്തുടർന്ന് പാറേമ്മാക്കൽ നസ്രാണികളുടെ ഗോവർണദോരായി സഭാഭരണം ഏറ്റെടുത്തു. പാറേമ്മാക്കൽ ഗോവർണദോർ എന്ന നിലയിൽ ശ്രദ്ധേയമായ നേതൃത്വമാണു നല്കിയത്. പന്ത്രണ്ടു കൊല്ലത്തെ ഭരണശേഷം 1799 ൽ പാറേമ്മാക്കൽ നിര്യാതനായി. 1653 ലെ കൂനൻകുരിശുസത്യം ആഗോള ക്രൈസ്തവചരിത്രത്തിൽ സ്ഥാനംപിടിച്ച സ്വാതന്ത്ര്യപ്രഖ്യാപനമാണ്. അതിനു നേതൃത്വംകൊടുത്ത മാർത്തോമ്മാ അർക്കദിയാക്കോനും പിന്നീട് മലങ്കരസഭയുടെ മെത്രാപ്പോലീത്താ ആയ പറമ്പിൽ (പള്ളി വീട്ടിൽ) ചാണ്ടിയും കുറവിലങ്ങാടിന്റെ വീരസന്താനങ്ങളാണ്. സഭ രണ്ടായി പിളർന്നു. പുത്തൻകൂറ്റുകാർ മാർത്തോമ്മായുടെകൂടെയും പഴയകൂറ്റുകാർ ചാണ്ടിമെത്രാന്റെകൂടെയും. കുടുംബക്കാരുകൂടിയായ ഇവർ ഒന്നിച്ചിരുന്നെങ്കിൽ ഭാരത നസ്രാണികളുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു. പറമ്പിൽ മത്തായിക്കത്തനാർ (1700), ചാണ്ടിമെത്രാന്റെ അനന്തരവനായിരു

ന്നു. അദ്ദേഹം സുറിയാനിഭാഷയിൽ 'ഭാരതത്തിലെ ക്രിസ്തുമതം' എന്ന ഗ്രന്ഥമെഴുതി.

പാലാ കട്ടക്കയം കുടുംബം അതിപ്രഗല്ഭരായ വൈദികർക്കും സാഹിത്യകാരന്മാർക്കും ജന്മംകൊടുത്ത തറവാടാണ്. അവരിൽ ഏറ്റവും ശ്രദ്ധേയരായവരാണ് അബ്രാഹം കത്തനാർ (1739 -1819), മഹാകവി ചെറിയാൻ മാപ്പിള (1859-1936), കട്ടക്കയം വലിയ ചാണ്ടിച്ചൻ (1828-1909), കൊച്ചുചാണ്ടിച്ചൻ (1866-1933), മോൺ. കൊച്ചുചാക്കോച്ചൻ (1879-1950) എന്നിവർ.

**കട്ടക്കയം അബ്രാഹം മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും**

കട്ടക്കയം അബ്രാഹം പാലാ ഇടവകയിൽ 1739 ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം വൈദികപരിശീലനത്തിനായി ഒരുങ്ങി. അന്നത്തെ കീഴ്‌വഴക്കമനുസരിച്ച് കീർത്തികേട്ട മല്പാനച്ചന്മാരുടെയും കത്തനാർമാരുടെയും പക്കൽനിന്ന് സുറിയാനിയും ലിറ്റർജിയും പഠിക്കുക എന്നതായിരുന്നു പതിവ്. അതനുസരിച്ച് വൈദികവിദ്യാഭ്യാസം  കടനാട്ടിൽ ഐപ്പ് മല്പാന്റെ കൂട്ടത്തിലായിരുന്നു. പാറേമ്മാക്കൽ ഗോവർണദോരും ഈ പഠനകേന്ദ്രത്തിലെ വിദ്യാർത്ഥിയായിരുന്നു. കട്ടക്കയം കത്തനാരും പാറേമ്മാക്കൽ കത്തനാരും തമ്മിൽ വലിയ ഇഴയടുപ്പം ഉണ്ടായിരുന്നു. തോമ്മാക്കത്തനാരുടെ സകല പരിശ്രമങ്ങൾക്കും അബ്രാഹം കത്തനാരുടെ പിൻബലം ഉണ്ടായിരുന്നു. സുറിയാനിഭാഷയിൽ രണ്ടുപേരും അവഗാഹം നേടി. രണ്ടുപേരും അതിബുദ്ധിമാന്മാരായിരുന്നു. സഭയുടെ മഹനീയപാരമ്പര്യത്തോടുള്ള ഇരുവരുടെയും ആഭിമുഖ്യവും പ്രത്യേകം എടുത്തുപറയേണ്ടതാണ്. പാറേമ്മാക്കലിന്റെ കുടുംബത്തിൽത്തന്നെ 'ചാണ്ടി മല്പാൻ' എന്നറിയപ്പെട്ടിരുന്ന മറ്റൊരു കത്തനാരുംകൂടി ഉണ്ടായിരുന്നു. കട്ടക്കയം അബ്രാഹം 1764 ൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായിൽനിന്ന് ഗുരുപ്പട്ടം സ്വീകരിച്ചു. താമസം സ്വന്തം ഇടവകയായ പാലാപ്പള്ളിയിലും. സ്വന്തം ഇടവകയ്ക്കുവേണ്ടിയായിരുന്നു പട്ടം സ്വീകരിച്ച് പോന്നത്.

**പാലാപ്പള്ളി വികാരിത്തം**

1765 ൽ പാലാപ്പള്ളിക്കുവേണ്ടി മുന്നിട്ടിറങ്ങിയത് അബ്രാഹം കത്തനാരായിരുന്നു. പാലാപ്പള്ളിയുടെ ഭരണപരമായ കാര്യങ്ങൾ

അക്കാലത്ത് അത്ര സമാധാനപൂർവമായ ഒരു അന്തരീക്ഷത്തിലല്ലായിരുന്നു. പള്ളിപ്രമാണികളും പള്ളിപ്രധാനികളുമായ അല്മായർ ശക്തമായ രീതിയിൽ ഇടവകഭരണത്തിൽ ഏർപ്പെട്ടിരുന്നു. നാലു വീട്ടുകാരുടെ പ്രത്യേക ഇടപെടലുകൾ പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. മേമ്പൂട്ടുകാരുടെ പക്കൽനിന്ന് താക്കോൽ കരസ്ഥമാക്കി പള്ളിമേടയിൽത്തന്നെ വയ്ക്കണമെന്നുമുള്ള ചിന്തകൾ വളർന്നുവന്ന കാലമായിരുന്നു അത്. ജനാധിപത്യരീതിയിൽ പള്ളിക്കൈക്കാരന്മാരെ തിരഞ്ഞെടുക്കണമെന്ന അഭിപ്രായത്തിനും കൂടുതൽ വ്യാപ്തി കിട്ടി. ഈ കാര്യങ്ങളെല്ലാം നിവേദനങ്ങളാക്കി കൊടുങ്ങല്ലൂർ രൂപതാധ്യക്ഷനു സമർപ്പിക്കുകയുണ്ടായി. ഇതിന്റെ പിന്നിൽ അബ്രാഹം കത്തനാരുടെ പ്രേരണയും ബുദ്ധിപരമായ ഇടപെടലുകളും അജപാലനപരമായ കരുതലുകളും ഉണ്ടായിരുന്നു. ഇക്കാലയളവിൽ പള്ളിമേമ്പൂട്ടുകാർ അബ്രാഹം കത്തനാരുടെ മരുമകൻ വായൂമറ്റത്തു മുതലാളിയും സഹോദരീഭർത്താവായ വയലക്കൊമ്പിൽ ഇട്ടിയേപ്പുമാപ്പിളയുമായിരുന്നു. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയിരുന്ന സാൽവദോർ റെയ്നാമായി ആലോചന നടത്തുകയും സമ്മതം ലഭിക്കുകയും ചെയ്തതിനുശേഷമാണ് പള്ളിഭരണത്തിനു യോഗക്കാരെ നിയോഗിക്കാൻ ആഗ്രഹിച്ചത്.

**എന്നും ജനങ്ങളോടൊത്ത്**

അബ്രാഹം കത്തനാർ എന്നും ജനകീയനായിരുന്നു; ജനങ്ങളോടൊത്തും ജനങ്ങളുടെ പക്ഷത്തുമായിരുന്നു. ഇടവക ഭരണക്രമത്തിൽ ജനാധിപത്യക്രമം ഏർപ്പെടുത്തണമെന്ന് തീവ്രമായി ആഗ്രഹിച്ചിരുന്നു. വലിയ എതിർപ്പുകളോടുകൂടി അദ്ദേഹം പാലായിൽ കൈക്കാരന്മാരെ തിരഞ്ഞെടുക്കുകയും താക്കോലുകൾ അവരെ ഏല്പിക്കുകയും ചെയ്തു. പള്ളിവികാരിത്തം യോഗ്യരായിട്ടുള്ള സ്വന്തം ഇടവകയിൽനിന്നുളള ഇടവകവൈദികർക്ക് മാറിമാറി കൊടുക്കുന്ന ശൈലിയായിരുന്നു അന്നുണ്ടായിരുന്നത്. പലപ്പോഴും ചുരുങ്ങിയ മാസങ്ങൾ മാത്രമേ തുടർച്ചയായി വികാരിസ്ഥാനം ലഭിച്ചിരുന്നുള്ളൂ. അബ്രാഹം കത്തനാർക്ക് നിരന്തരമായ എതിർപ്പുകൾ സഹിക്കേണ്ടതായിവന്നു. അദ്ദേഹം തന്റെ ബോധ്യങ്ങളിൽനിന്നു മാറാൻ തയ്യാറായില്ല. സമർത്ഥനായ ഭരണകർത്താവായിരുന്നു അദ്ദേഹം. സ്വന്തക്കാരെ വകവച്ചില്ല എന്നുമാത്രമല്ല, പല

പ്പോഴും അവരോട് ഏറ്റുമുട്ടുകയും ചെയ്തു. പള്ളിയോഗം രൂപീക രിച്ചെങ്കിലും കാര്യക്ഷമമായി യോഗത്തിന് ഇടപെടാൻ സാധിക്കാതെവന്നു എന്നത് നിർഭാഗ്യകരമായ ചരിത്രസംഭവമായി നില്ക്കുന്നു.

**പാലാവിടുന്ന അബ്രാഹം കത്തനാർ**

തന്റെ അജപാലനചിന്തകൾ നടപ്പാക്കാൻ സാധിക്കുന്നില്ല എന്നുകണ്ടപ്പോൾ അദ്ദേഹം പാലായിൽ തുടരാൻ ആഗ്രഹിച്ചില്ല. ഒരു ഇടവകവൈദികനെ അന്യ ഇടവകയിൽ പറഞ്ഞയയ്ക്കുന്ന പതിവ് അന്ന് അത്ര പതിവില്ലായിരുന്നു. സ്വന്തം ഇടവകയ്ക്കു വേണ്ടിയായിരുന്നു ദേശത്തു പട്ടക്കാർ. പക്ഷേ, നിശ്ചയദാർഢ്യക്കാരനായ കത്തനാർ വിട്ടുകൊടുത്തില്ല. 1766 ൽ പാലാ കടവിൽനിന്ന് കോട്ടയത്തേക്കു വള്ളംകയറി. മടക്കിക്കൊണ്ടുവരുവാൻ പാലാക്കാർ പല വള്ളങ്ങളിൽ അനുഗമിച്ചെങ്കിലും വിജയിച്ചില്ല. പല വള്ളങ്ങൾ കോട്ടയത്ത് ഒരുമിച്ചെത്തിയെന്നതാണു സത്യം. അസാധാരണ നേതൃപാടവം ഉണ്ടായിരുന്നെങ്കിലും പാലായ്ക്കുവേണ്ടി അദ്ദേഹം ഉദ്ദേശിച്ച കാര്യങ്ങൾ ചെയ്യാനായില്ല. എന്നും ശിരസ്സുയർത്തി നില്ക്കാൻ മാത്രമേ കത്തനാർ തയ്യാറായുള്ളൂ.

**കുമരകത്തു സ്ഥലം വാങ്ങുന്നു**

കട്ടക്കയം അബ്രാഹം കത്തനാർ അനുഭവങ്ങളുടെ തീച്ചുളയിൽനിന്ന് സ്വന്തം നിലപാടുകളിലേക്കുമാറി. പാലായിൽനിന്നു യാത്രപറഞ്ഞ അബ്രാഹം കത്തനാർ കോട്ടയത്ത് വലിയ പള്ളിയിൽ ഏതാനും ആഴ്ചകൾ താമസിച്ചു. കുമരകം കേന്ദ്രമാക്കി നടത്തിയ അന്വേഷണത്തിന്റെ ഫലമായി അവിടെ കുറെ സ്ഥലം വാങ്ങിച്ചു. കുമരകത്ത് കൊടുവന്തറ ഒരു ധനികന്റെവക പുരയിൽ പരിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. കുമരകത്തെ സ്ഥലം ദളവായുടെ അനുമതിയോടെയാണു പതിച്ചുകിട്ടിയത്. അബ്രാഹം കത്തനാരുടെ സഹോദരൻ കുരുവിള പാലായിൽനിന്ന് ഒരു പുര വാങ്ങിച്ച് കുമരകത്ത് പതിച്ചുകിട്ടിയ സ്ഥലത്ത് പുനർനിർമിച്ച് ഒന്നിച്ചു താമസം തുടങ്ങി. തുടർന്ന് അബ്രാഹം കത്തനാർ കുമരകത്ത് പള്ളിപണി ആരംഭിച്ചു. വി. നെപുംസിയാന്റെ പേരു പള്ളിക്കു നല്കി. 1769 മേയ് 16 ന് പള്ളി കൂദാശ ചെയ്തു.

### പള്ളിയോടൊത്ത് സെമിനാരിയും

അബ്രാഹം കത്തനാർ ഉത്തമനായ സുറിയാനി പണ്ഡിതൻകൂടിയായിരുന്നു. നസ്രാണി വൈദികർ സുറിയാനിയും ആരാധനക്രമവും നല്ലവണ്ണം പഠിക്കണമെന്ന് കത്തനാർക്കു നിർബന്ധമുണ്ടായിരുന്നു. തച്ചിൽ മാത്തുത്തരകനുമായി കത്തനാർക്ക് ആത്മബന്ധമുണ്ടായിരുന്നു. കത്തനാരുടെ സഭാജീവിതത്തിലും പൊതുജീവിതത്തിലും മാത്തുത്തരകൻ കാര്യമായ സ്വാധീനം ചെലുത്തി. ആവശ്യാനുസരണം സാമ്പത്തികപിൻബലം നല്കി.

### അബ്രാഹം കത്തനാർ ഭരണപരമായ കാര്യങ്ങളിലേക്ക്

പാറേമ്മാക്കൽ ഗോവർണദോർ 1787 ഫെബ്രുവരി 1 ന് അങ്കമാലിയിൽ സുറിയാനിപ്പള്ളിക്കാരെയെല്ലാം ഒന്നിച്ചുകൂട്ടി. ആ സമ്മേളനഫലമാണ് അങ്കമാലി പടിയോല. സുറിയാനിപ്പള്ളിക്കാരെയെല്ലാം ചേർത്തു സഭാഭരണം സംബന്ധിച്ച വ്യവസ്ഥകൾ തയ്യാറാക്കി. പൗരാണികകാലംമുതലുള്ള സുറിയാനിഭാഷയും അർക്കദിയാക്കോൻപദവിയും തുടരണമെന്ന് എല്ലാവരും ഉറപ്പിച്ചുപറഞ്ഞു. സുറിയാനിപ്പള്ളിക്കരുടെ ശ്രേയാഭിവൃദ്ധിക്കും പരിരക്ഷയ്ക്കുമായി പന്ത്രണ്ടുവൈദികരെ കാനോനിസ്റ്റുകളായി നിയമിക്കണമെന്നും നിശ്ചയിച്ചു. കട്ടക്കയം അബ്രാഹം കത്തനാർ ഉൾപ്പെടെ 12 കത്തനാർമാരെ കാനോനിസ്റ്റുമാരായി തിരഞ്ഞെടുത്തു. വലിയ ചുമതലകളാണ് അവരെ ഏല്പിച്ചത്. സഭയുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതായിരുന്നു ഇവരുടെ പ്രധാന ചുമതല. ഒരാൾ മരണപ്പെട്ടാൽ മറ്റു പതിനൊന്നുപേരും ചേർന്ന് പന്ത്രണ്ടാമത്തെ വ്യക്തിയെ തിരഞ്ഞെടുക്കാം. മരിച്ച കത്തനാരുടെ വസ്തുവകയിന്മേൽ അദ്ദേഹത്തിന്റെ വീട്ടുകാർക്ക് അവകാശമുണ്ടായിരിക്കുകയില്ല. അബ്രാഹം കത്തനാർ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ആലോചനക്കാരിൽ ഒരാളായിരുന്നു. പാറേമ്മാക്കൽ അധികാരത്തിൽ വന്നപ്പോൾത്തന്നെ വരാപ്പുഴ വികാരി അപ്പസ്തോലിക്ക അദ്ദേഹത്തിന്റെ കീഴിലുള്ള സുറിയാനിപ്പള്ളികളെല്ലാം ഗോവർണദോർക്കു വിട്ടുകൊടുത്തു. തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരും ഗോവർണദോരെ ആദരിച്ചിരുന്നു. പലർക്കും മറ്റ് അധികാരസ്ഥാനങ്ങളും രാജാവിൽനിന്നു ലഭിക്കുകയും ചെയ്തു.

**കട്ടക്കയം അബ്രാഹം ഗോവർണദോർ**

പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ മരണശേഷം നസ്രാണികൾക്കിടയിൽ പല സംഭവങ്ങളും അരങ്ങേറി. പുത്തൻചിറ ഇടവകക്കാരനായ പണ്ടാരി പൗലോസ് അബ്രാഹം മെത്രാനും പന്ത്രണ്ട് കാനോനിസ്റ്റുമാരും മറ്റു വൈദികരും മാത്തുത്തരകൻ തുടങ്ങിയ ജനപ്രമാണിമാരും ചങ്ങനാശ്ശേരി പള്ളിയിൽ കൂടി ഭരണകാര്യങ്ങൾ ആലോചിച്ചു. പ്രസ്തുത യോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള അഭിപ്രായത്തോടുകൂടി കട്ടക്കയത്തിൽ അബ്രാഹം മല്പാനെ ഗോവർണദോരായി തിരഞ്ഞെടുത്തു. പഴയകൂർ നസ്രാണിക്കത്തോലിക്കരുടെ സഭാഭരണം ഏല്പിച്ചുകൊടുക്കുകയും ചെയ്തു. പൗലോസ് അബ്രാഹം മെത്രാൻ കട്ടക്കയത്തിൽ ഗോവർണദോർക്ക് അധികാരപത്രങ്ങൾ കൈമാറുകയും ചെയ്തു. കട്ടക്കയം ഗോവർണദോരുടെ ഭരണകാലം നസ്രാണികൾക്ക് ആദ്യന്തം പ്രാധാന്യമുള്ള കാലഘട്ടമായിരുന്നു. ഗോവർണദോർ എന്നനിലയിൽ ഒന്നരവർഷമേ കട്ടക്കയം അബ്രാഹം കത്തനാർ ഭരണം നടത്തിയുള്ളൂ. പണ്ടാരി പൗലോസ് മെത്രാനും കട്ടക്കയം അബ്രാഹം ഗോവർണദോരും പരിശുദ്ധ സിംഹാസനം അറിയാതെ അധികാരമെടുത്തു എന്ന ന്യൂനത നിലനിന്നതിനാൽ സഭയിലാകമാനം അത് ഒരു ചിന്താക്കുഴപ്പം സൃഷ്ടിച്ചിരുന്നു. ഒരുപക്ഷേ, പാറേമ്മാക്കൽ തോമ്മാക്കത്തനാരും വിചാരിച്ചിരുന്നിരിക്കണം നിയമാനുസൃതമായി ഒരു ഗോവർണദോരെ നിയമിക്കാൻ തനിക്ക് അധികാരമില്ലെന്ന്.

**പുനരൈക്യം സാധ്യമായി**

വാസ്തവത്തിൽ മാർത്തോമ്മായുടെ പുനരൈക്യം റോമിൽനിന്ന് കരിയാറ്റിമെത്രാപ്പോലീത്തായ്ക്കു കൊടുത്ത അധികാരമായിരുന്നു. പാറേമ്മാക്കലിന് ഇതു നന്നായി അറിയാമായിരുന്നതുകൊണ്ടുകൂടിയായിരുന്നിരിക്കണം അദ്ദേഹത്തിന്റെ കാലത്ത് പുനരൈക്യം നടക്കാതിരുന്നത്. കാരണം, സ്വീകരിക്കാൻ അധികാരമുള്ള ആൾ ഇല്ലാതായി. ഉദയംപേരൂർമുതൽ സ്വന്തമെത്രാന്മാരെ കിട്ടാത്തതിനാൽ ഏറെ സഹിച്ച ഒരു സഭയാണ് നസ്രാണികൾ. ആ സഹനത്തെത്തുടർന്നുള്ള പിരിവുകളും പിരിമുറുക്കങ്ങളുമാണ് പിന്നീട് നാം കാണുന്നതെല്ലാം.

അല്പകാലത്തേക്കുമാത്രമായിരുന്നുള്ളൂവെങ്കിലും പുനരൈക്യം സാധ്യമായി. ഇത് അബ്രാഹം ഗോവർണദോരുടെ കാലത്തായിരുന്നു. ചരിത്രപ്രസിദ്ധമായ ഈ സംഭവത്തിൽ പണിയെടുത്തത് തച്ചിൽ മാത്തുത്തകരനും അബ്രാഹം മല്പാനുമാണ്. പാറേമ്മാക്കൽ ഗോവർണദോർ മരിച്ചു മൂന്നുമാസം കഴിഞ്ഞാണ് ആറാം മാർത്തോമ്മാ ആലപ്പുഴ തത്തമ്പള്ളിയിൽവച്ച് കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടത്. മാർത്തോമ്മാ മെത്രാൻ ഒരു കത്തോലിക്കാ മെത്രാന്റെ അധികാരാവകാശങ്ങളോടുകൂടി കത്തോലിക്കാസഭയിൽ നില്ക്കാൻ അത്ര തത്പരനല്ലായിരുന്നു. ലത്തീൻ മെത്രാന്മാരുടെ ഭാഗത്തുനിന്നുള്ള എതിർപ്പുകളുമുണ്ടായിരുന്നു. പക്ഷേ, മാർത്തോമ്മായെ അതേപടി സ്വീകരിക്കാമെന്ന് സുറിയാനിക്കാർ ഉറച്ചുനിന്നു. 1799 ജൂൺ 22 ന് ഉടമ്പടിയുണ്ടാക്കി. എല്ലാ കൗൺസിൽ പ്രബോധനങ്ങളും സ്വീകരിച്ചുകൊള്ളാമെന്നു സമ്മതിക്കുകയും ചെയ്തു. പുനരൈക്യപത്രം സ്വീകരിക്കേണ്ടത് കൊച്ചി മെത്രാനായിരുന്നെങ്കിലും അദ്ദേഹം വിസമ്മതിച്ചു. ഏതായാലും വളരെ വേഗത്തിൽ കത്തോലിക്കാക്കൂട്ടായ്മ ആറാം മാർത്തോമ്മാ ഉപേക്ഷിക്കുകയാണുണ്ടായത്.

**അബ്രാഹം കത്തനാർ ഗോവർണദോർ സ്ഥാനം ഉപേക്ഷിക്കുന്നു**

കട്ടക്കയം അബ്രാഹത്തിന്റെ തിരഞ്ഞെടുപ്പിന്റെ സാധുതയെക്കുറിച്ച് വരാപ്പുഴ അധികാരികൾ തർക്കം തുടങ്ങി. സുറിയാനിക്കാരുടെമേൽ വരാപ്പുഴയ്ക്ക് അധികാരമുണ്ടെന്ന് പാറേമ്മാക്കൽ മരിച്ച ഉടനെ വീണ്ടും പറഞ്ഞുപരത്തി. പുതിയ ഗോവർണദോറുടെ തിരഞ്ഞെടുപ്പ് അസാധുവാണെന്നു പറഞ്ഞു സുറിയാനിക്കാർതന്നെ കുറേപ്പേർ വരാപ്പുഴ പള്ളിയിൽ ചേർന്നു. കൊച്ചി, കൊടുങ്ങല്ലൂർ രൂപതകളിൽ മെത്രാന്മാർ ഇല്ലാതെവരുമ്പോൾ അവിടെ അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കുന്നതിന് ഗോവാ മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ട്. അക്കാലത്ത് കൊച്ചി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന Alosyius de Rebeemer എന്ന വൈദികന് കൊടുങ്ങല്ലൂർ രൂപതയുടെ ഭരണംകൂടി ഗോവായിൽനിന്നു കൊടുത്തു. അദ്ദേഹം തന്റെ പ്രതിനിധിയായി കൊടുങ്ങല്ലൂർ രൂപത ഭരിക്കുന്നതിന് മാത്തുത്തരകന്റെ അനുജനച്ചൻ തച്ചിൽ അബ്രാഹം മല്പാനെ ഗോവർണദോരാക്കി. സഹോദരനായ മാത്തുത്തരകൻതന്നെ ആ

നിയമനത്തെ എതിർത്തു. സ്വയംഭരണത്തിനുവേണ്ടിയുള്ള വലിയ തത്രപ്പാടുകളാണ് ഇവിടെ നാം കാണുന്നത്.

**അംഗീകാരമില്ലാത്ത കപ്പിത്തളം**

പാറേമ്മാക്കൽ ഗോവർണദോർ നടത്തിയ ഏറ്റവും വലിയ പരിഷ്കാരം കപ്പിത്തളം (chapter) എന്ന വൈദികസംഘത്തോട് ഉപമിക്കാവുന്ന ഒരു ആലോചനാസംഘത്തിന്റെ സ്ഥാപനമായിരുന്നല്ലോ (കാനോനിസ്റ്റുമാർ). 12 വൈദികരുടെ സംഘമായിരുന്നു ഇത്. ഗോവർണദോർ പറയുന്ന സ്ഥലത്ത് ഇവർ താമസിക്കണമായിരുന്നു. ഉപജീവനമാർഗം ലഭിക്കും. ഇവരിൽ ഒരുവനായിരുന്നു കട്ടക്കയം കത്തനാർ. കപ്പിത്തളത്തിന്റെ ചുമതലയായിരുന്നു മെത്രാൻ വരുന്നിടംവരെ ഗോവർണദോരെ നിയമിക്കൽ. പക്ഷേ, മാർപാപ്പായുടെ അംഗീകാരം കിട്ടാത്ത കപ്പിത്തളം ആയിരുന്നു. തന്മൂലം ബുദ്ധിമാനായ കട്ടക്കയം പിൻവാങ്ങി. പോർച്ചുഗീസുകാരും കട്ടക്കയത്തിന് അനുകൂലമല്ലായിരുന്നു. സഭയുടെ ഐക്യം മാത്രം ആഗ്രഹിച്ച ക്രാന്തദർശിയായ കട്ടക്കയം സ്ഥാനം ഉപേക്ഷിച്ചു. തർക്കങ്ങൾ ഒന്നുമില്ലാതെ പുതിയ ഗോവർണദോറുടെ കൂട്ടത്തിൽ നിന്നു. ഗോവർണദോർ സ്ഥാനമൊഴിഞ്ഞ കട്ടക്കയം കുമരകത്തുതന്നെ താമസം തുടർന്നു. കുമരകം പള്ളിയുടെയും സെമിനാരിയുടെയും ചുമതല തുടർന്നു. അപ്രകാരം പാരമ്പര്യത്തിന്റെയും തനിമയുടെയും ഊർജം പകർന്നു. അബ്രാഹം കത്തനാർ 1819 ൽ എൺപതാം വയസ്സിൽ നിര്യാതനായി. അവസാനനിമിഷംവരെ സജീവതയുടെ ആൾരൂപമായിരുന്നു. താൻ സ്ഥാപിച്ച പള്ളിയുടെ മദ്ബഹായിൽ ഭൂദാനം ചെയ്യപ്പെട്ടു.

**ശങ്കൂരിക്കൽ ഗീവർഗീസ് ഗോവർണദോർ**

വരാപ്പുഴ മിഷനറിമാരുടെ നിർദ്ദേശപ്രകാരം അലോഷ്യസ് റീബീമർ ഏതാനും പള്ളിക്കാരെ ആലപ്പുഴ മാർ സ്ലീവാ പള്ളിയിൽ വിളിച്ചുകൂട്ടി വേറൊരാളെ ഗോവർണദോരായി തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടു. ശങ്കൂരിക്കൽ ഗീവർഗീസ് മല്പാനെ ഗോവർണദോരായി തിരഞ്ഞെടുക്കുകയും ഗോവാ മെത്രാപ്പോലീത്താ അത് അംഗീകരിക്കുകയും ചെയ്തു. അങ്ങനെ കൊടുങ്ങല്ലൂരിന്റെ ഭരണനിർവ്വഹണത്തിൽ നിയമാനുസൃതമായി പാറേമ്മാക്കലിന്റെ പിൻഗാമിയെ ലഭിച്ചു. സമുദായ ഐക്യം നിലനിർത്താൻ കട്ടക്കയം പുതിയ

ഗോവർണദോരുടെ നേതൃത്വം അംഗീകരിച്ചു. കട്ടക്കയത്തിന്റെ അസാധാരണമായ കുലീനത്വം അതാണ്. വിഭജനമല്ല ഐക്യമാണ് ശക്തിയെന്ന് കട്ടക്കയം തിരിച്ചറിഞ്ഞിരുന്നു. ഹൃദയത്തിൽ അപര പ്രിയത്വം എന്ന ദാർശനീകത കാത്തുസൂക്ഷിച്ചു. സമുദായപ്രമാണി മാരും ഈ നിയമനത്തെ അംഗീകരിക്കുകയാണുണ്ടായത്. ശങ്കൂരി ക്കലിന്റെ കാര്യത്തിൽ നിയമതടസ്സമൊന്നുമില്ലാത്തതിനാൽ അദ്ദേ ഹമാണ് പാറേമ്മാക്കലിനുശേഷം വന്ന നിയമാനുസൃതമായ ഗോവർണദോർ എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ആലപ്പുഴ യിൽ യോഗംകൂടി നാലുപേരുടെ ലിസ്റ്റ് തയ്യാറാക്കി, ശങ്കൂരിക്കൽ ഗീവർഗ്ഗീസ്, തോട്ടയ്ക്കാട് യാക്കോബ് കൂരിയത്ത് കത്തനാർ, തച്ചിൽ അബ്രാഹം മല്പാൻ (മാത്തൂത്തരകന്റെ അനുജൻ), പ്ലാത്തോട്ട ത്തിൽ തോമ്മാക്കത്തനാർ. വരാപ്പുഴയിലെ ലൂയിസ് മറിയം മെത്രാ നിൽനിന്നാണ് റീബീമറിന് ഈ പേരുകൾ ലഭിച്ചത്. ശങ്കൂരിക്കൽ റോമിലെ പ്രൊപ്പഗാന്തയിൽ പഠിച്ച ആളായിരുന്നു. അദ്ദേഹത്തെ യാണ് കൊടുങ്ങല്ലൂർ മഹാമെത്രാസന ഇടവകയുടെ ഗോവർണദോ റാക്കിയത്. ഗോവാ മെത്രാപ്പോലീത്തായും സമ്മതിച്ചു. പണ്ടാരി പൗലോസ് മെത്രാൻ സ്വേച്ഛാപൂർവം സ്ഥാനത്യാഗം ചെയ്ത് വരാ പ്പുഴയിലെ ലൂയിസ് മറിയം അപ്പസ്തോലിക്കായ്ക്കു കീഴ്പ്പെട്ടു. അദ്ദേഹം എവിടെ മരിച്ചു എന്നറിയില്ല. മെസ്സൊപ്പൊട്ടോമിയായി ലേക്കു പോയി എന്നും വാർത്തകൾ ഉണ്ടായിരുന്നു. 1801 ൽ ശങ്കൂരി ക്കൽ ഗോവർണദോർ അന്തരിച്ചു.

---

NB: 2021 സെപ്റ്റംബർ 2 ന് ദീപനാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം.

ലേഖനം

# പാലാ രൂപതയിൽ ബേസ് അപ്രേം നസ്രാണി ദയറ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

വാസസ്ഥലം, മേച്ചിൽപ്പുറം, വീട് എന്നെല്ലാം അർത്ഥമുള്ള ദയറാ (Dayara) എന്ന പൗരസ്ത്യസുറിയാനി വാക്ക് ആലങ്കാരികമായി (Metaphorically) സന്ന്യാസാശ്രമം (Monastery) എന്നും സൂചിപ്പിക്കുന്നു. പൗരസ്ത്യസഭകളിൽ ഒരു സന്ന്യാസഭവനത്തെ ദയറ എന്നാണു വിളിക്കുന്നത്.

അനവധി ദയറാകൾ പൗരസ്ത്യസഭകളുടെ ആധ്യാത്മികസമ്പന്നതയെ വിളിച്ചോതുന്നു. സന്ന്യാസപ്രസ്ഥാനത്തിന്റെ പ്രഭവകേന്ദ്രം ഈജിപ്താണെന്നു പറയുമ്പോഴും അതിനുമുമ്പേ തന്നെ സുറിയാനിസഭകളിലും മധ്യേഷൻ നാടുകളിലും തീക്ഷ്ണതയേറിയ സന്ന്യാസതാപസ ദൈവാരാധനാസങ്കേതങ്ങളുണ്ടായിരുന്നുവെന്നുള്ളത് നിശ്ചയമാണ്. ക്രമീകൃതമായ ജീവിതപ്രസ്ഥാനമായി സന്ന്യാസസമൂഹത്തെ വിഭാവനം ചെയ്തു വളർത്തിയതിനാലാണ് ഈജിപ്തിലെ വിശുദ്ധ അന്തോനീസിനെ സന്ന്യാസത്തിന്റെ പിതാവായി വിളിക്കുന്നത്. എന്നാൽ, സുറിയാനിസഭകളിലെ സന്ന്യാസജീവിതത്തിനു പഴയനിയമഗ്രന്ഥങ്ങളിലെ പ്രവാചകന്മാരുടെയും യഹൂദറബ്ബിമാരുടെയും നാസീം വ്രതബദ്ധരായ താപസന്മാരുടെയും ശൈലിയും ചൈതന്യവും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ദൈവാന്വേഷണത്തിന്റെ പ്രാരംഭപടികൾ കടന്ന് ഈശോമിശിഹായിലൂടെ നല്കപ്പെട്ട ദൈവികവെളിപ്പെടുത്തലിന്റെ പഴയതും പുതിയതുമായ കൃപാവരപാഠങ്ങൾ പഠിച്ച് വിശ്വാസത്തിൽ പൂർണമായ ആത്മസമർപ്പണം നടത്തി പരിശുദ്ധമായ ദൈവാരാധനയിൽ ലോകത്തിൽനിന്ന് ഉയരുന്ന ജീവിതമാണ് ദയറാകളുടേയത്. ഓരോ ദയറായും ശുദ്ധമായ ദൈവാരാധനയുടെ ആലയവും കലർപ്പില്ലാത്ത തിരുസ്സഭാപ്രബോധനത്തിന്റെ പഠനക്കളരിയും മാനവചേതനയെ ആന്തരികമായി സ്പർശിക്കുന്ന പുണ്യഗേഹങ്ങളുമാണ്.

ദയറാജീവിതത്തെ ഏറ്റവും വിലമതിച്ച സമൂഹമാണ് മാർത്തോമ്മാ നസ്രാണികൾ. നമ്മുടെ പഴയകാല ആവാസകേന്ദ്രങ്ങളിൽ പലയിടത്തും ദയറാകളുണ്ടായിരുന്നു. മിക്കവാറും വൈദികജീവിതപരിശീലനവേദികളായ മല്പാനേറ്റുകളും ദയറാകളിൽത്തന്നെ ആയിരുന്നു.

ഇന്നത്തെ പാലാ രൂപതാതിർത്തിയിൽത്തന്നെ നിരവധി സ്ഥലങ്ങളിൽ മല്പാനേറ്റുകളും ദയറാകളും ഉണ്ടായിരുന്നു. ചരിത്രത്തിന്റെ ഗതിവിഗതികളിൽ അവയെല്ലാം മാറ്റത്തിനു വിധേയമായെന്നുമാത്രം. എങ്കിലും, തോമ്മാമാർഗമെന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന വിശ്വാസജീവിതത്തിന്റെ പരമോദാത്തമായ ആ ചൈതന്യം നമ്മുടെ മനസ്സിൽനിന്നു വിട്ടുമാറിയിട്ടില്ല. അസംഖ്യമായ വൈദികസന്ന്യാസവിളികൾ, സമർപ്പിതസമൂഹങ്ങൾ, പ്രാർത്ഥനാശുദ്ധിയുള്ള കുടുംബങ്ങൾ, ആദർശധീരരും തീക്ഷ്ണമതികളുമായ അല്മായസഹോദരങ്ങൾ എല്ലാം ഈ മണ്ണിൽ കൊരുത്തത് ലോകത്തെ വിട്ട് ദൈവത്തിലേക്കു തിരിയുന്നത് ആ സുവിശേഷമാർഗത്തിന്റെ നിഗൂഢസാന്നിധ്യംകൊണ്ടുതന്നെയാണ്. ഇതഃപര്യന്തമുള്ള നസ്രാണിചരിത്രത്തിൽ ജനസമൂഹത്തെ സ്വാധീനിക്കാനും നയിക്കാനും ഈ നാട്ടിൽനിന്നു പുണ്യജന്മങ്ങൾ ഏറെയുണ്ടായി. മാന്നാനത്ത് പോരൂക്കര, പാലയ്ക്കൽ മല്പാന്മാരും വിശുദ്ധ ചാവറ കുര്യാക്കോസച്ചനും ചേർന്ന് ആദ്യത്തെ ഏതദ്ദേശീയ കർമ്മലീത്താസന്ന്യാസസമൂഹം (CMI) വളർത്തിയതുപോലെ പാലാ ഇടവകക്കാരൻ കുടക്കച്ചിറ അന്തോണിക്കത്തനാർ പ്ലാശനാലിൽ അരുവിത്തുറ ഇടവകാതിർത്തിയിൽ മറ്റൊരു സന്ന്യാസപ്രസ്ഥാനത്തിനും ഭവനത്തിനും (ദയറ) രൂപം നല്കി. സഭാനേതൃത്വത്തിൽ പിന്നീടുവന്ന മാറ്റത്തിലാണ് പ്ലാശനാൽ ദയറ മുന്നോട്ടു പോകാതായത്. അൻപതിലധികം സുറിയാനിഗ്രന്ഥങ്ങളെഴുതിയ കളപ്പുര അന്ത്രയോസ് മല്പാനും പാലാ രൂപതക്കാരനാണ്. തോമസ് അരയത്തിനാൽ അച്ചന്റെ സംഭാവനയും അദ്ഭുതാവഹമത്രേ.

ഈ നാളുകളിൽ പാലാ രൂപതയിൽ ഒരു ദയറ ഉയർന്നുവരികയാണ് - ബേസ് അപ്രേം നസ്രാണി ദയറ, കാപ്പുന്തല. സുറിയാനി ദൈവശാസ്ത്രവിചിന്തനങ്ങളുടെ സുവർണകാലഘട്ടമായി അടയാളപ്പെടുത്താവുന്ന സഭാപിതാവ് നിസിബിസിലെ മാർ അപ്രേ

മിന്റെ നാമത്തിലാണ് ഈ ഭവനം ഉയരുന്നത്. 'പരിശുദ്ധ റൂഹായുടെ വീണ' എന്നും സുറിയാനി സഭകളുടെ 'മല്പാൻ മല്പാനേ' (ഗുരുക്കന്മാരുടെ ഗുരു) എന്നും വാഴ്ത്തപ്പെടുന്ന മാർ അപ്രേം അനവധി വിശേഷണങ്ങൾക്കും അതീതനായി നില്ക്കുകയാണ്. 'നസ്രാണി' എന്ന പദം ഈ നാട്ടിലെ ക്രൈസ്തവസമൂഹത്തിന്റെ ശ്ലൈഹികവും പൗരാണികവുമായ ചരിത്രത്തെ ജ്വലിപ്പിക്കുന്നതും 'നസ്രായന്റെ അനുയായികൾ' എന്ന അർത്ഥം പകരുന്നതുമാണ്.

**കൂനമ്മാക്കൽ തോമ്മാക്കത്തനാർ**

വിശ്രുത സുറിയാനിമല്പാനും പിതാക്കന്മാരുടെ പഠനത്തിലും തിരുസ്സഭാചരിത്രത്തിലും ദൈവശാസ്ത്രവിഷയങ്ങളിലും അവഗാഹവുമുള്ള റവ. ഡോ. കൂനമ്മാക്കൽ തോമാക്കത്തനാർ കാപ്പുന്തലയിൽ ബേസ് അപ്രേം നസ്രാണി ദയറ എന്ന പദ്ധതിക്കു തുടക്കംകുറിച്ചു. റോമിലും ഓക്സ്ഫോർഡിലും പരിശീലനം നേടിയ തോമ്മാക്കത്തനാർ സുറിയാനിഭാഷയിൽ അസാധാരണമായ പണ്ഡിത്യം കരസ്ഥമാക്കി. 1999 മാർച്ചുമാസം 20-ാം തീയതി, പാറേമ്മാക്കൽ തോമ്മാ ഗോവർണദോറുടെ 200-ാം ചരമവാർഷികദിനത്തിൽ ആ പുണ്യപിതാവിന്റെ ജന്മഗേഹത്തിലും പുണ്യകുടീരത്തിലും സ്മരണാഞ്ജലി അർപ്പിച്ച് തൊഴുകൈകളോടെ തുടങ്ങിയതാണീ സംരംഭം. ധീരരും പുണ്യശ്ലോകരും പണ്ഡിതരുമായ ഗുരുയോഹന്ദ് എന്നറിയപ്പെടുന്ന ബഹുമാനപ്പെട്ട ജോൺ ബോസ്കോ തോട്ടക്കര CMI, ബഹുമാനപ്പെട്ട എമ്മാനുവേൽ തെള്ളിയിൽ CMI എന്നിവരും ഈ ദൗത്യത്തിൽ അച്ചനോടൊപ്പം ചേർന്നു. ദയറായിൽ സുറിയാനി പൈതൃകത്തോട് ബന്ധപ്പെട്ട സമ്പന്നമായ ഒരു ഗ്രന്ഥശാലയുമുണ്ട്. കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ വ്യക്തിപരമായ പരിശ്രമഫലമായിട്ടാണ് ഈ വിശിഷ്ട ഗ്രന്ഥങ്ങളെല്ലാം ശേഖരിക്കാൻ സാധിച്ചത്. ആധുനിക സീറോ മലബാർ സഭയുടെ പ്രകാശതാരകവും പതാകവാഹകനുമായ റവ. ഡോ. പ്ലാസിഡ് ജെ. പൊടിപാറ CMI യുടെ 100-ാം ജന്മവാർഷികവും ഉദയംപേരൂർ സൂനഹദോസ് എന്ന സമ്മേളനത്തിന്റെ 400-ാം വർഷവും 1999 ൽത്തന്നെ ആയിരുന്നുവെന്നത് യാദൃച്ഛികമല്ല. മറിച്ച്, ഉദയംപേരൂർ സമ്മേളനത്തിലൂടെ നസ്രാണിസമൂഹത്തിന്റെമേൽ ചുമത്തപ്പെട്ട വ്യതിയാനങ്ങൾ ഓരോന്നായി എടുത്തുമാറ്റാനുള്ള മണിമുഴക്കമായി (count

down) അതു മാറണമെന്ന് അവർ ആഗ്രഹിച്ചു. ദയറായുടെ വെഞ്ചെരിപ്പ് 2010 ജൂൺ 12 ന് 3pm. സുറിയാനി ഭാഷയിൽ നടത്താൻ സാധിച്ചത് ഭാഗ്യമായി കരുതുന്നു. ശൂറായ സഭയിലെ അഭിവന്ദ്യ സഹായ മെത്രാന്മാരും സന്നിഹിതരായിരുന്നു. ബഹു. തോമ്മാക്കത്തനാർ 2019 ജനുവരി 20 ന് SEERI ൽനിന്നും മുട്ടുചിറയിലേക്കുമാറി. 2019 ഫെബ്രുവരി 23 ന് അച്ചന്റെ നിർബന്ധംമൂലം ദയറായുടെ ഡയറക്ടർ സ്ഥാനത്തുനിന്നും മാറ്റുകയും ബഹു. സെബാസ്റ്റ്യൻ അടപ്പശ്ശേരിയിലച്ചനെ ചുമതല ഏല്പ്പിക്കുകയും ചെയ്തു. 2017 ജനുവരി 25 ന് ദയറാ സംബന്ധമായ ഔദ്യോഗിക രേഖകൾ തോമ്മാക്കത്തനാർ രൂപതാ കേന്ദ്രത്തിൽ ഏല്പ്പിച്ചു.

### സെബാസ്റ്റ്യൻ അടപ്പശ്ശേരി

ആരോഗ്യകരമായ കാരണങ്ങളാൽ തോമ്മാക്കത്തനാർ ദയറായിൽനിന്ന് രൂപതയുടെ മുട്ടുചിറ വിയാനി വൈദികമന്ദിരത്തിലേക്കു വിശ്രമത്തിനായി മാറി. തുടർന്ന് ദയറായുടെ ചുമതല റവ. ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിയെയാണ് ഏല്പ്പിച്ചത്. നല്ല ഇടവക വികാരിയും സുറിയാനി ഭാഷാപണ്ഡിതനും പേപ്പൽ അത്തനേയത്തിൽ വി. ഗ്രന്ഥം പഠനത്തിൽ ലൈസൻഷ്യേറ്റും നേടിയ വ്യക്തിയാണ്. പരി. കുർബാനയും യാമപ്രാർത്ഥനകളും സുറിയാനിഭാഷയിൽതന്നെ അദ്ദേഹം അർപ്പിക്കുന്നു. പൗരസ്ത്യ സുറിയാനിയുടെ കൂട്ടത്തിൽ എസ്ത്രാംഗലേയും കർഷോണും അച്ചനു വശമാണ്. ദയറായുടെ അകവും പുറവും എല്ലാം ഈ രണ്ടു വർഷത്തിനുള്ളിൽ പുതുക്കി. സുറിയാനി ക്ലാസുകൾ അവിടെവച്ച് നടത്തുന്നു. ആശ്രമത്തിന്റെ തീക്ഷ്ണതയിൽ ആ പ്രദേശം മുഴുവൻ മാറികൊണ്ടിരിക്കുകയാണ്. ആശ്രമങ്ങളുടെ പ്രത്യേകത ഇത്തരം സ്വാധീനങ്ങളാണ്.

ദയറാ അനുഭവം വൈദികരായ നമ്മെല്ലാവരും സ്വന്തമാക്കാൻ പരിശ്രമിക്കണം. ദയറായിലെ പ്രാർത്ഥനാ രീതികളും ലൈബ്രറിയും പൗരസ്ത്യ സുറിയാനി ഭാഷാഭിമുഖ്യവും നമ്മെ എല്ലാവരെയും സ്വാധീനിക്കണം. പല പ്രസ്ഥാനങ്ങളിൽ ഒരെണ്ണം മാത്രമായി ദയറായെ കാണരുത്. ആന്തരിക ഗുണമേന്മയുള്ള വൈദികരും അല്മായരുമായിട്ട് ജീവിക്കുവാൻ ഈ ദയറ കാരണമാകും. ഒപ്പം സഭയുടെ ആധികാരികമായ നവീകരണത്തിനും വളർച്ചയ്ക്കും ഐക്യത്തിനും

ഉപകാരപ്പെടും. ഈ ദയറായിലൂടെ രൂപതയുടെ ആത്മീയ വേരുകൾക്ക് ആഴംകിട്ടണം. ആഴത്തിലുളള വായന ഇഷ്ടപ്പെടുന്ന ആർക്കും ദയറായിലെ ഗ്രന്ഥാലയം തൃപ്തികരമായ ഉത്തരം നല്കും.

ദയറ തുടങ്ങുന്നതിന്റെ പ്രഖ്യാപിതലക്ഷ്യങ്ങൾ ഏറെ ഉത്കൃഷ്ടവും കാലഘട്ടത്തിന്റെ ആവശ്യവുമാണ്. (1) മാർത്തോമ്മാനസ്രാണികളുടെ പാരമ്പര്യമനുസരിച്ചുള്ള ആത്മീയതയിൽ ജീവിക്കുക. (2) പൗരസ്ത്യസുറിയാനിസഭയുടെ ആരാധനക്രമം ആദ്ധ്യാത്മികതയിൽ ജീവിക്കുകയും അതിനു സാക്ഷ്യംവഹിക്കുകയും ചെയ്യുക. (3) പൗരസ്ത്യ സുറിയാനി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. (4) മലങ്കര മല്പാനേറ്റ്, സ്ലീവാ സ്കൂൾ, പാറേമ്മാക്കൽ ലൈബ്രറി, മാർ കരിയാറ്റിൽ മ്യൂസിയം എന്നിവ സ്ഥാപിക്കുക. (5) പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രസ്രോതസ്സുകളുടെ വിവരങ്ങൾ ശേഖരിക്കുകയും പഠിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക. (6) നസ്രാണി എന്ന പേരിൽ ഔദ്യോഗികജിഹ്വ പ്രസിദ്ധീകരിക്കുക. (7) പൗരസ്ത്യ സുറിയാനി ഭാഷയിൽ പരിശുദ്ധ കുർബാനയും യാമനമസ്കാരങ്ങളും അർപ്പിക്കുക. (8) മലങ്കര നസ്രാണിമക്കളുടെ പൊതുവായ പൗരസ്ത്യസുറിയാനി പ്രാഭവവും ഉറവിടശുദ്ധിയും തറവാടും തിരിച്ചറിഞ്ഞ് ഐക്യത്തിന്റെ സാക്ഷ്യം വർദ്ധിപ്പിക്കുക. (9) പൗരസ്ത്യ സുറിയാനിപാരമ്പര്യത്തിനും നസ്രാണി ചൈതന്യത്തിനും യോജിക്കുന്നവിധത്തിൽ സന്ന്യാസജീവിതം നയിക്കുക.

ബേസ് അപ്രേം നസ്രാണി ദയറായിലൂടെ സീറോമലബാർ സഭയുടെ കാതുകളിൽ ഇതിനോടകം മന്ത്രിക്കപ്പെട്ടവയിൽ കാലപ്രവാഹത്തിൽ നഷ്ടപ്പെട്ടുപോയ നസ്രാണികളുടെ കൗദാശികവും ആചാരപരവുമായ ഒട്ടനവധി കാര്യങ്ങളുണ്ട്. അതിൽ ഒന്നാമത്തേതാണ് പുളിപ്പിച്ച അപ്പം പരിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന പൗരസ്ത്യ നസ്രാണി പാരമ്പര്യം അനുവർത്തിക്കാൻ മല്ക്കാ എന്ന വിശുദ്ധ പുളിപ്പ് തിരിച്ചുകൊണ്ടുവന്നു എന്നുള്ളത്.

**ബേസ് അപ്രേം ദയറായുടെ ഘടന**

ബേസ് അപ്രേം നസ്രാണി ദയറായിൽ മൂന്നു താമസമുറികളുണ്ട്. രൂപാന്തരീകരണമലയിൽ പത്രോസ് പണിയാമെന്നു

പറഞ്ഞ മൂന്നു കൂടാരങ്ങൾപോലെ. ഓരോന്നിന്റെയും വാതില്ക്കൽ സുറിയാനിലിഖിതങ്ങൾ (inscriptions) കാണാം. പഴയ സുറിയാനി ലിപിയായ എസ്ത്രാൻഗലാ (Estrangela) യിലാണ് അവ എഴുതി യിരിക്കുന്നത്. കിഴക്കേ അറ്റത്തുള്ള ആദ്യത്തെ മുറിയുടെ മുമ്പിൽ അപ്രേം, ഇസഹാക്ക് എന്ന് മുകളിലും താഴെയുമായി എഴുതിയിരി ക്കുന്നു. ഈ ദയറായുടെ സ്വർഗ്ഗീയമദ്ധ്യസ്ഥരാണ് ഇവർ രണ്ടു പേരും. ഇന്നത്തെ തുർക്കിയിൽ നിസിബിസ് എന്ന സ്ഥലത്ത് AD 306-ൽ ജനിച്ച മാർ അപ്രേം 373 ജൂൺ 09 ന് എഡേസായിൽ വച്ച് അന്തരിച്ചു.

ഇസഹാക്ക് : ദയറായുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ നിന വേയിലെ വി. ഇസഹാക്ക് (St. Isaac of Nineve) 7-ാം നൂറ്റാണ്ടിൽ ജീവിച്ച സുറിയാനി ദൈവശാസ്ത്രമിസ്റ്റിക് പ്രതിഭയും ശുദ്ധമതി യായ സന്ന്യാസിയുമാണ്. ഖത്തറിൽ ജനിക്കുകയും വടക്കൻ ഇറാ ക്കിൽ സന്ന്യാസജീവിതം നയിക്കുകയും ചെയ്തു. അഞ്ചുമാസ ക്കാലം മാത്രം നിനവേ രൂപതയുടെ മെത്രാനായിരുന്ന അദ്ദേഹം സന്ന്യാസജീവിതത്തിലേക്കു തിരിച്ചുപോന്നു. പുണ്യപിതാവിന്റെ രചനകൾ സന്ന്യാസമാർഗ്ഗത്തിൽ ചരിക്കുന്നവർക്ക് അത്യന്താപേ ക്ഷിതമാണ്.

മാർ അപ്രേമിന്റെയും മാർ ഇസഹാക്കിന്റെയും പേരുകൾക്കിടയിൽ നാലു പേരുകൾകൂടി രേഖപ്പെടുത്തിയിട്ടുണ്ട്. നിസിബിസിലെ നാലു മെത്രാന്മാരുടെ പേരുകളാണവ.

യാക്കോബ്

ബാവു

വൽഗാശ്

അവ്റാഹം

ഇവരിൽ മാർ യാക്കോവ് (Bishop Mar Jacob) നിസിബി സിന്റെ ആദ്യത്തെ മെത്രാനും മാർ അപ്രേമിനെ ബാല്യകാലംമുതൽ മതപഠനത്തിൽ വളർത്തിയവനുമാണ്. അപ്രേമിന് ഡീക്കൻപട്ടം കൊടുക്കുകയും നിസിബിസ് ദൈവശാസ്ത്രകേന്ദ്രത്തിലെ വേദപു സ്തകവ്യാഖ്യാതാവ് (Biblical Exegete) ആയി നിയമിക്കുകയും ചെയ്തു. 338 ൽ മാർ യാക്കോവ് കാലം ചെയ്തു.

മാർ ബാവു 338-350 കാലഘട്ടത്തിൽ മാർ യാക്കോവിന്റെ പിൻഗാമിയായി നിസിബിസിലെ മെത്രാൻ ആയിരുന്നു.

മാർ വൽഗാശ് നിസിബിസിന്റെ മൂന്നാമത്തെ മെത്രാനായിരുന്ന കാലഘട്ടത്തിലാണ് (350-361) മാർ അപ്രേം ഏറ്റവും അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനായി ഉയർന്നത്.

മാർ വൽഗാശിനുശേഷം നിസിബിസ് മെത്രാനായ മാർ അവ്റാഹത്തിന്റെ നാളുകളിൽ 363 ൽ പേർഷ്യൻ സാമ്രാജ്യം നിസിബിസ് ആക്രമിച്ചുകീഴടക്കുകയും ആ നാട്ടിലെ ക്രിസ്ത്യാനികൾ നാടുവിടുകയും ചെയ്തു. മാർ അപ്രേം എഡേസായിലേക്കു പലായനം ചെയ്യുകയും പത്തുവർഷം അവിടെ ജീവിച്ച് എഡേസായിൽ മരിക്കുകയും ചെയ്തു.

ദയറായുടെ രണ്ടാമത്തെ താമസമുറിയുടെ മുമ്പിൽ തോമാ എന്നും യോഹന്നാൻ എന്നും എഴുതിയിരിക്കുന്നു. നമ്മുടെ പിതാവ് മാർ തോമ്മാശ്ലീഹായുടെയും സ്നാപകയോഹന്നാന്റെയും പേരുകളാണവ. ദയറാജീവിതത്തെ താങ്ങിനിർത്തുന്ന രണ്ടു പുതിയനിയമ വേദപുസ്തകങ്ങളാണ് ഈ പേരുകളെ കരുതുന്നത്.

മൂന്നാമത്തെ താമസമുറിയുടെ മുമ്പിലായി മൂന്നു പഴയനിയമ വ്യക്തികളുടെ പേരുകൾ കോറിയിട്ടിരിക്കുന്നു. മുകളിലും താഴെയുമായി മൂശെ (മോസസ്) എന്നും ഏലിയാ (Elijah) എന്നും എഴുതിയിരിക്കുന്നു. നമ്മുടെ നസ്രാണി ദയറായുടെ രണ്ടു പഴയനിയമ വേദപുസ്തകത്തൂണുകളായാണ് മൂശെയെയും ഏലിയായെയും പരിഗണിക്കുന്നത്. ഈ രണ്ടു പേരുകൾക്കിടയിലായി മൂന്നാമത് എഴുതിയിരിക്കുന്നത് ശെംശോ നസീറേ ദാലാഹാ എന്നാണ്. ദൈവത്തിന്റെ നാസീർവ്രതക്കാരനായ സാംസൺ എന്നാണ് ഇതിനർത്ഥം. നമ്മുടെ ദയറാജീവിതത്തെ പഴയനിയമത്തിലെ നാസീർ വ്രതത്തോടു ബന്ധിപ്പിക്കാൻ ആഗ്രഹിക്കുകയാണ് ഇതിലൂടെ.

ദയറായുടെ അടുക്കള ഭക്ഷണമുറി ഭാഗത്ത് നാലു പേരുകൾകൂടി കാണാം. നാലും സ്ത്രീകളുടേതാണ്. ഒന്നാമത്തേത് മറിയം - ഈശോയുടെ അമ്മയും സഭയുടെ അമ്മയും മാതൃകയുമായ പരിശുദ്ധ മറിയം. ദയറായിലും അമ്മ.

രണ്ടാമത്തേത് ശ്മോനി. മൂന്നാമത്തേത് മസ്ക്കൻതാ. നാലാമത്തേത് അർമൽത്താ (വിധവ)

ഈ ലിഖിതങ്ങൾക്കുപുറമേ അടുക്കളഭാഗത്ത് മാർ അപ്രേമിന്റേതായി എട്ടുവരി കവിതയും ദയറായുടെ തുടക്കംകുറിക്കുന്ന ആറുവരി എഴുത്തും ഉണ്ട്.

മാർ അപ്രേമിന്റെ വരികൾ ഇങ്ങനെയാണ്:

മിൻ അർആ സ്ഹീത്താ
ഗാസേ മബുആ
ദ് ഹു സാപേക് ല്മസ്ബാ
സഹ്യാ ദ് അമ്മേ
മിൻ ഉമ്പാ ബ്സൂലാ
അക് മിൻ ശോആ
ശ്വഹ് സർആ ദ് മെന്നേ
ഹ്വയ് അല്ലാസാ
മാർ അപ്രേം

**അർത്ഥം:**

ജനങ്ങളുടെ ദാഹം
ശമിപ്പിക്കാൻ മതിയായ
ഉറവയൊഴുകുന്നു
വരണ്ട മണ്ണിൽനിന്ന്
ശിലയിൽനിന്നെന്നപോലെ
കന്യാഉദരത്തിൽനിന്ന്
വിത്തു മുളയിട്ടു
കൊയ്ത്ത് വന്നെത്തി
മാർ അപ്രേം

ദയറായുടെ തുടക്കത്തെക്കുറിച്ചുള്ളത്:

ഹാവേ ശൂറായ ദ്ബെനിയാനാ ദ് ദയറാ
ഹാദേ ദ് അൽ ശേം ബേസ് അപ്രേം
എശ്ത്താസസ് ബീറഹ് ഈലോൽ ബ്യോം
ദ്ശത്ത് മ്ശി വീസേഹ് തഹ്ത്ത്
മ്തല്ലാസാ ദ് കന്തീശാ മാർ അപ്രേം
വദ് കന്തീശാമാർ ഇസഹാക്ക് ദ് നിനവേ

**അർത്ഥം:**

ബേസ് അപ്രേം എന്നപേരിലുള്ള ഈ ദയറായുടെ നിർമ്മാണാരംഭം ഇതാകുന്നു.

പരിശുദ്ധരായ മാർ അപ്രേമിന്റെയും മാർ ഇസഹാക്ക് നിനവേയുടെയും സംരക്ഷണത്തിലായിരിക്കുന്ന ഈ ദയറാ,

മിശിഹാക്കാലം 2006-ാം ആണ്ടിൽ സെപ്റ്റംബർമാസം 25-ാം തീയതി ഇത് ഉറപ്പിക്കപ്പെട്ടു.

**കൽസ്ലീവാ**

നസ്രാണി ദയറായുടെ മുറ്റത്ത്, പരിശുദ്ധ കുർബാന അർപ്പിക്കുന്ന ചാപ്പലിന്റെ നേരേ മുമ്പിലായി കിഴക്കോട്ടു ദർശനത്തിൽ ഒരു ബേസ് സ്ലീവാ (കുരിശുപള്ളി, കുരിശടി) ഉണ്ട്. ദയറായിൽ എത്തുന്നവർ ആദ്യം കാണുന്നതും വളരെ ഇഷ്ടപ്പെടുന്നതുമായ ഒന്നാണത്. ഏറ്റവും മുകളിൽ ആകാശത്തേക്ക് ഉയർന്നുനില്ക്കുന്ന കൽസ്ലീവാ. അതിന്റെ ഒരുവശത്ത് സുറിയാനിയക്ഷരങ്ങളിൽ ആദ്യത്തേതും അവസാനത്തേതുമായ അക്ഷരങ്ങൾ ആല്പ്, താവ് എന്നിവയും അവയ്ക്കിടയിൽ ഒരു കുരിശടയാളവും കാണാം. കൽസ്ലീവായുടെ മറുവശത്തു നടുവിലായി ദാവീദിന്റെ നക്ഷത്രം അടയാളപ്പെടുത്തിയിരിക്കുന്നു. അപ്പുറത്തും ഇപ്പുറത്തും ഉള്ള സ്ലീവാമുദ്രയും നക്ഷത്ര അടയാളവും ഈശോമിശിഹായെ പ്രത്യേകമായി സൂചിപ്പിക്കുന്നു. അവിടുന്ന് ആദിയും അന്ത്യവുമായവനാകുന്നു. കൽസ്ലീവായുടെ ചുവട്ടിലേക്ക് എത്തിനില്ക്കുന്ന എട്ട് സവിശേഷ എടുപ്പുകൾ കാണാം. അവ ഓരോന്നും താഴേക്കിറങ്ങി ബേസ് സ്ലീവായുടെ മധ്യഭാഗത്തെ എട്ടു ചട്ടം അല്ലെങ്കിൽ എട്ടു മുഖം ഉള്ള ഒരു ഭവനമാക്കി മാറ്റുന്നു. സ്ലീവാച്ചുവട്ടിലേക്കു പോകുന്ന എട്ട് എടുപ്പുകളുടെ താഴെഭാഗത്ത് മുകളിലേക്കും വലത്തേക്കും ഇടത്തേക്കും നില്ക്കുന്ന കുരിശടയാളങ്ങളുണ്ട്. അത് സത്യസഭയുടെയും സത്യവിശ്വാസത്തിന്റെയും സാർവ്വത്രിക സ്വഭാവത്തെ സൂചിപ്പിക്കാനാണ്. ബേസ് സ്ലീവായുടെ മധ്യഭാഗത്ത് രണ്ടു നിലകളിലായി എട്ടുവീതം ഉള്ളിലേക്കു തുറന്നിരിക്കുന്ന വളച്ചുവാതിലുകളുണ്ട്. അവയിൽ ഒരു നില ഉയരം കൂടിയതും മറ്റേത് ഉയരം കുറഞ്ഞതുമാണ്. ഉയരമുള്ള ഭാഗത്ത് നാലു ദിക്കുകളിലേക്ക് ദർശനമാകുന്നവിധത്തിൽ നാലു സ്ലീവാകൾ പ്രതിഷ്ഠിച്ചിരിക്കുന്നു. അവിടെ ബാക്കിയുള്ളിടത്തും താഴത്തെ ഉയരം കുറഞ്ഞ നിലയിലുമായി എണ്ണയൊഴിച്ചു കത്തിക്കുന്ന കൽവിളക്കുകളുണ്ട്. താഴെ തറയിൽനിന്ന് ഉയർന്നുനില്ക്കുന്ന ബേസ് സ്ലീവായുടെ അധോഭാഗം ചതുരാകൃതിയാണ്.

അവിടെ നാലുവശത്തുമായി മൂന്നുവീതം കൽവിളക്കുകൾ മധ്യഭാഗത്തുള്ളതുപോലെ ക്രമീകരിച്ചിരിക്കുന്നു. തറയിൽ കരിങ്കല്ലുകൾ പാകിയിരിക്കുകയാണ്. നമസ്കാരങ്ങളും മറ്റു തിരുക്കർമ്മങ്ങളും അനുഷ്ഠിക്കുവാൻവേണ്ടി മുൻവശത്ത് ബേമ്മായുണ്ട്. ചതുരാകൃതിയിൽ തറയിൽനിന്ന് ഉയർന്നുനില്ക്കുന്ന ഭാഗം മുൻവശം മാത്രം മൂന്നു കാർമ്മികരെ സൂചിപ്പിക്കുന്നവിധം മൂന്നു മുഖങ്ങളായി വെട്ടിയിരിക്കുന്നു.

കരിങ്കല്ലുകൾ പാകിയിരിക്കുന്ന തറഭാഗം നിലത്തുനിന്ന് ഉയർന്നുനില്ക്കുന്നതാണ്. നാലുവശത്തുനിന്നും അവിടേക്കു പ്രവേശിക്കാൻ നടകളുണ്ട്. തറയുടെ നാലറ്റത്തും ചതുരാകൃതിയിൽ ഉയരം കുറഞ്ഞ സ്തംഭങ്ങളുണ്ട്. അവ ഓരോന്നിന്റെയും ഓരോ വശത്തും സുറിയാനിലിഖിതങ്ങളും സ്ലീവായുടെ മുദ്രകളുമുണ്ട്.

നിലത്തുനിന്ന് ബേസ് സ്ലീവായിലേക്കു കയറാനുള്ള മുൻവശത്തെ പ്രധാനപടികളിൽ എഴുതിയിരിക്കുന്നത്:

സല്ലാവ് ദ് നെഹ്‌വെ
ശൈനാ ബവ്റീസാ

പൗരസ്ത്യസുറിയാനി ലിപിയിലുള്ള ഈ എഴുത്ത് സീറോ മലബാർ കുർബാനക്രമത്തിൽനിന്നുള്ളതാണ്. 'സൃഷ്ടികളിൽ സമാധാനമുണ്ടാകുന്നതിനായി നിങ്ങൾ പ്രാർത്ഥിക്കുവിൻ' എന്നാണിതിനർത്ഥം. ബേസ് സ്ലീവായിൽ കയറുന്നതിലെ പൊതുനിയോഗം ഇത് ഓർമ്മിപ്പിക്കുന്നു.

മാർത്തോമ്മാനസ്രാണികളുടെ ചരിത്രപ്രസിദ്ധമായ തറവാടുഭൂമിയാണ് കുറവിലങ്ങാട്. അവിടെ പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണം നടന്നതായി സാക്ഷ്യപ്പെടുത്തുന്നു. ലോകത്തുണ്ടായിട്ടുള്ള മരിയൻ പ്രത്യക്ഷീകരണങ്ങളുടെ പട്ടികയിൽ ഏറ്റവും പുരാതനമായത് കുറവിലങ്ങാട്ടേതാണ്. അതിനാൽ, കുറവിലങ്ങാട് മർത്ത് മറിയത്തിന്റെ കല്ലിൽ കൊത്തിയ അടയാളം മുൻഭാഗത്ത് രണ്ടുവശങ്ങളിലും വച്ചിരിക്കുന്നു. ബേസ് സ്ലീവായുടെ വലതുഭാഗത്ത് പരിശുദ്ധമാതാവിന്റെ അടയാളത്തിനുമുകളിൽ മർത്ത് മറിയം – 'പരിശുദ്ധ മറിയം' – എന്നും താഴെ

എമ്മാഹ് ദമ്ദീത്ത
ബ്രീക്ത്താ ദ് കുറവിലങ്ങാട്

എന്നും എഴുതിയിരിക്കുന്നു. ഇതിന്റെ അർത്ഥം 'അനുഗൃഹീതപട്ടണമായ കുറവിലങ്ങാടിന്റെ അമ്മ' എന്നാണ്. എസ്ത്രാൻഗലാ ലിപികളിൽ ഉള്ള ഈ എഴുത്തിൽ 'കുറവിലങ്ങാട്' എന്നതിന്റെ 'ങ്ങാട്' എന്ന ഭാഗം സുറിയാനി മലയാളമായ 'കർഷോൻ' (Karshon) ലിപിയാണ്.

ഇടതുവശത്ത് എഴുതിയിരിക്കുന്നത് :

മർത്ത് മറിയം

ബ് സുൽത്താ കന്തീശ്ത്താ

'പരിശുദ്ധ കന്യകാമറിയം' എന്നാണ് ഇതിനർത്ഥം.

വലത്തേ തൂണിന്റെ മറ്റു മൂന്നുവശങ്ങളിലുമുള്ള ലിഖിതങ്ങൾ ഇപ്രകാരമാണ്.

ഹാ എന്നാ

അംസേ ദ് മറിയാ

നെഹ്വേ ലി

അക് മെൽഡാക്

"ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്നാണ് ഇതിനർത്ഥം. ലൂക്കാ 1:38 ൽ നിന്നെടുത്തതാണ്.

മറ്റൊന്ന്:

അയ്മെക്കാ ലി ഹാദേ

ദെമ്മേ ദ് മറിയാ

തേസേ ല്വാസ്

"കർത്താവിന്റെ അമ്മ എന്റെ അടുക്കൽ എത്തിയ ഇത് എനിക്ക് എവിടെനിന്ന്" (ലൂക്ക 1:43).

---

NB: 2021 ഓഗസ്റ്റ് 19 ലെ ദീപനാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം




# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസപരിശീലനക്ലാസ്സുകൾ**

ഓൺലൈൻ വിശ്വാസപരിശീലനക്ലാസ്സുകൾ ഇടവകതലത്തിൽ ക്രമീകൃതമായി നടന്നു വരുന്നു. വിശ്വാസപരിശീലകർ ഓൺലൈൻ ഉപയോഗിച്ച് ലൈവ് ക്ലാസ്സുകൾ എടുക്കുകയാണ് ചെയ്യുന്നത്. വിശ്വാസപരിശീലനം സജീവമായി നിലനിർത്താൻ ഇത്തരം ക്ലാസ്സുകൾ ഏറെ സഹായിക്കുന്നുണ്ട്.

**2. വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ പ്രതിമാസറിപ്പോർട്ട്**

ഓരോ ഇടവകയിലും നടത്തുന്ന വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ പ്രതിമാസറിപ്പോർട്ട് പ്രഥമാധ്യാപകർ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏൽപ്പിച്ചു. വിശ്വാസപരിശീലന ക്ലാസ്സുകൾ ലൈവായിആയി നൽകുന്നതോടൊപ്പം കുട്ടികൾക്കായി വിവിധ വിശ്വാസവിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകളും ഇടവകതലത്തിൽ സംഘടിക്കപ്പെടുന്നുണ്ട്. വിശ്വാസപരിശീലനവേദിയെ ശക്തമാക്കാൻ ഉപകരിക്കുന്ന രക്ഷാകർത്താക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സമ്മേളനങ്ങളും നടത്തപ്പെട്ടു. ബൈബിൾ ക്വിസ്, കുഞ്ഞുമിഷനറി മാസികയെ അടിസ്ഥാനമാക്കിയുള്ള ക്വിസ് എന്നിവയോടൊപ്പം കുട്ടികൾക്ക് നമസ്കാര പഠനപരിശീലനവും നൽകിവരുന്നു. കലാസാഹിത്യമത്സരങ്ങളും ഇടവക തലത്തിൽ നടത്തി സമ്മാനങ്ങൾ നൽകുന്നുണ്ട്. കുട്ടികൾക്ക് വിശുദ്ധകുർബാന യിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഒരുക്കുന്നുണ്ട്. സൺഡേ സ്കൂൾ അസംബ്ലി ഓൺലൈനായി ഭംഗിയായി നടത്തുന്നുണ്ട്. രൂപത വിശ്വാസപരിശീലന കേന്ദ്രം നൽകുന്ന പൊതുനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം ഗുണകരമായ ഇതര വിശ്വാസപരിശീലനപ്രവർത്തനങ്ങൾ ഇടവകകളിൽ സംഘടിപ്പി ക്കപ്പെടുന്നത് വിശ്വാസപരിശീലനവേദിയെ സജീവമായി നിലനിർത്താൻ ഉപകരിക്കുന്നുണ്ട്.

**3. CTP ഉദ്ഘാടനം**

വിശ്വാസപരിശീലകർക്കുള്ള പരിശീലനപരിപാടിയായ Catechists Training Programme ന്റെ ഉദ്ഘാടനം 2021 ഓഗസ്റ്റ് 15 ഞായറാഴ്ച രാത്രി 8.45നു നടത്തപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ പെരി.ബഹു. ജോസഫ് മലേപ്പറമ്പിൽ അച്ചൻ 2021 -2022 വർഷത്തെ CTP ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ നിർദ്ദേശങ്ങൾ നൽകി. 495 പേരാണ് ഈ വർഷം CTP -യിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്തിരിക്കുന്നത്.

**4. CTP ക്ലാസ്സുകൾ**

12 വിഷയങ്ങളെ അധികരിച്ചു 60 ദിവസത്തെ LIVE ക്ലാസ്സുകളാണ് ഈ വർഷത്തെ CTP യിൽ ഉള്ളത്. 2021 ഓഗസ്റ്റ് 17 -നു ആരംഭിച്ചു. 2021 നവംബർ 27 ന് അവസാനിക്കത്തക്ക രീതിയിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. രാത്രി 8. 45 മുതൽ 10 .00 pm വരെയാണ് ക്ലാസ്സ് എടുക്കുന്ന സമയം.

ഓഗസ്റ്റ് മാസത്തെ ക്ലാസ്സുകൾ :-

ഓഗസ്റ്റ് 17 : Fundamental Principles of Catechesis

ഓഗസ്റ്റ് 18, 19, 20, 24, 26, 27 തിയതികൾ : Bible I

ഓഗസ്റ്റ് 28, 31, സെപ്തംബർ 2, 3 തിയതികൾ : Church History I

5. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്രരംഗം

സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്രക്ലാസ്സുകൾ ജൂലൈ മാസത്തിൽ ആരംഭിച്ചു. ഓൺലൈനായി ലൈവ് ക്ലാസ്സുകളാണ് കുട്ടികൾക്കു നൽകുന്നത്. കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളുടെ വിതരണം പൂർത്തിയായി വരുന്നു. പരീക്ഷകളുടെ ക്രമീകരണം ചെയ്യുന്നതിനുവേണ്ടി Question Board രൂപീകരിച്ചു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ വൈദികരുടെ മാധ്യാനം 3-ാം തീയതി നടത്തപ്പെട്ടു. ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ധ്യാനചിന്തകൾ പങ്കുവച്ചു.

**2. വിയാനി ഡേ**

ആഗസ്റ്റ് മാസം 4-ാം തീയതി റീജണിലെ എല്ലാ ഇടവകകളിലും ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു.

**3. സ്വർഗ്ഗാരോപണത്തിരുനാൾ**

ആഗസ്റ്റ് മാസം 15-ാം തീയതി ഞായറാഴ്ച റീജണിലെ എല്ലാ ഇടവകകളും പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഭക്ത്യാദര പൂർവ്വം ആചരിച്ചു. അന്നേദിവസം ആഘോഷപൂർവ്വമായ തിരുനാൾ പ്രദക്ഷിണവും സ്നേഹവിരുന്നും നടത്തപ്പെട്ടു.

**4. നിയമനം**

റവ. ഫാ. മാത്യു കോലത്ത് ബാപ്പുനഗർ മദർ മേരി സീറോ മലബാർ വിശ്വാസസമൂഹത്തിന്റെ പ്രീസ്റ്റ് ഇൻചാർജ്ജ് (അഡീഷണൽ) ആയി നിയമിക്കപ്പെട്ടു.

**ബഹു. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ - എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ഓഗസ്റ്റ് മാസത്തെ എക്സിക്യൂട്ടീവ് യോഗം 2021 ഓഗസ്റ്റ് 01 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഓൺലൈനായി നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം വരും മാസങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**സെക്രട്ടേറിയറ്റ് യോഗങ്ങൾ**

സംഘടനയുടെ ഓഗസ്റ്റ് മാസത്തെ സെക്രട്ടേറിയറ്റ് യോഗങ്ങൾ ഓഗസ്റ്റ് 01, 09 തീയതികളിൽ നടന്നു.

**രൂപതാ മാനേജിംഗ് കമ്മിറ്റിയും കുഞ്ഞേട്ടൻ അനുസ്മരണവും**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാ മാനേജിംഗ് കമ്മിറ്റിയും കുഞ്ഞേട്ടൻ അനുസ്മരണവും 2021 ആഗസ്റ്റ് 07 ശനിയാഴ്ച വൈകിട്ട് 8.30 ന്ഓൺലൈനായി നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. മിഷൻലീഗിന്റെ മുൻ രൂപത പ്രസിഡന്റും ഇപ്പോൾ ദേശീയ സമിതി അംഗവുമായ ശ്രീ ലൂക്ക് അലക്സ് പിണമറുകിൽ കുഞ്ഞേട്ടൻ അനുസ്മരണപ്രഭാഷണം നടത്തി. സംഘടനയുടെ ദേശീയ പ്രസിഡന്റ് ശ്രീ ബിനോയി പള്ളിപ്പറമ്പിൽ മേഖലാ പ്രവർത്തനങ്ങളെപ്പറ്റി സംസാരിച്ചു. തുടർന്ന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട മേഖലാ ഭാരവാഹികളെ പ്രസിഡന്റുമാർ പരിചയപ്പെടുത്തി. വൈസ് ഡയറക്ടർ സി. ദിവ്യ D.S.T., സെക്രട്ടറി ശ്രീ മനുചെറുകാട്ടിൽ, ജന. ഓർഗനൈസർ ശ്രീ ജോബി ആലയ്ക്കപ്പറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി. രൂപതാസമിതി അംഗങ്ങളും 17 മേഖലകളിലെ ഭാരവാഹികളും ഈ മാനേജിംഗ് കമ്മിറ്റിയിൽ സംബന്ധിച്ചു.

**അനുസ്മരണദിനാചരണം**

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) പന്ത്രണ്ടാം ചരമവാർഷികാചരണം ആഗസ്റ്റ് 11 ന് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ ചെമ്മലമറ്റത്തു വച്ചു നടത്തി. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ വി.കുർബ്ബാന അർപ്പിച്ചു. തുടർന്ന് കുഞ്ഞേട്ടന്റെ കബറിടത്തിൽ ഒപ്പീസ് നടത്തി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു

നടന്ന അനുസ്മരണത്തിൽ ദേശീയ, രൂപത, മേഖല, ശാഖാ പ്രതിനിധികളും കുഞ്ഞേട്ടന്റെ കുടുംബാംഗങ്ങളും പങ്കെടുത്തു.

**വൈസ് ഡയറക്ടേഴ്സ് മീറ്റ്**

ചെറുപുഷ്പമിഷൻലീഗ് ശാഖാ, മേഖലാ വൈസ് ഡയറക്ടർമാരുടെ സമ്മേളനം 2021 ആഗസ്റ്റ് 14 ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് ഓൺലൈനായി നടത്തി. രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. മുൻ സംസ്ഥാന വൈസ് ഡയറക്ടർ സി. ഡോണ F.C.C. ക്ലാസ് നയിച്ചു. രൂപതാഭാരവാഹികൾ നേതൃത്വം നൽകി.

**സംസ്ഥാന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതിയുടെ 2021-24 വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2021 ഓഗസ്റ്റ് 19 ന് ഓൺലൈനായി നടന്നു. രൂപതാഭാരവാഹികൾ പങ്കെടുത്തു. പ്രസ്തുത ഇലക്ഷനിൽ സംസ്ഥാന സമിതിയുടെ കോട്ടയം റീജിയൺ ഓർഗനൈസറായി മുൻ രൂപതാപ്രസിഡന്റ് ശ്രീ തോമസ് സെബാസ്റ്റ്യൻ അടുപ്പുകല്ലുങ്കൽ തിരഞ്ഞെടുക്കപ്പെട്ടു. തോമസ് സാറിന് പ്രത്യേകം അഭിനന്ദനങ്ങൾ.

**കുഞ്ഞുമിഷനറി മാസിക**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കുഞ്ഞുമിഷനറി മാസിക ഓഗസ്റ്റ് മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**കുഞ്ഞുമിഷനറി ക്വിസ്**

2021 മാർച്ച്, ഏപ്രിൽ ലക്കങ്ങളിലെ കുഞ്ഞുമിഷനറി മാസികയെ അടിസ്ഥാനമാക്കി ഓഗസ്റ്റ് 22 ഞായറാഴ്ച ശാഖാതലത്തിൽ ക്വിസ് മത്സരം നടത്തി.

**ജീവദർശൻ കോഴ്സ്**

C.T.P. കോഴ്സ് പാസായ വിശ്വാസപരിശീലകർക്കായി രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജീവദർശൻ കോഴ്സ് 2021 സെപ്റ്റംബർ മാസം ഓൺലൈനായി നടത്തുന്നതാണ്.

**മേഖലാ വാർത്തകൾ**

**1. പാലാ മേഖല - എക്സിക്യൂട്ടീവ്**

ചെറുപുഷ്പമിഷൻലീഗ് പാലാ മേഖലയുടെ ഓഗസ്റ്റ് മാസത്തെ എക്സിക്യൂട്ടീവ് യോഗം ഓഗസ്റ്റ് 1 ഞായറാഴ്ച നടന്നു. പ്രസിഡന്റ് ശ്രീ അഗസ്റ്റിൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. ജോസഫ് മണിയങ്ങാട്ട് സന്ദേശം നൽകി.

**മേഖലാ ഉദ്ഘാടനവും സെമിനാറും**

2021-22 വർഷത്തെ മിഷൻലീഗ് പാലാ മേഖലാ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2021 ഓഗസ്റ്റ് 7 ശനിയാഴ്ച ഓൺലൈനായി നടത്തി. മേഖലാഡയറക്ടർ

ഫാ. ജോസഫ് മണിയങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വലവൂർ ഇടവക വികാരി ഫാ. ജോൺ മറ്റം പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. സി. ഡോണ F.C.C. സെമിനാർ നയിച്ചു. വലവൂർ ശാഖയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രോഗ്രാമിന് മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

**ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

മേഖലയിലെ ശാഖാ ജോയിന്റ് ഡയറക്ടർമാരുടെ ഒരു സമ്മേളനം ഓഗസ്റ്റ് 8 ഞായറാഴ്ച ഓൺലൈനായി നടത്തി. ഡയറക്ടർ ഫാ. ജോസഫ് മണിയങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ശാഖാ ജോയിന്റ് ഡയറക്ടർമാരും മേഖലാ ഭാരവാഹികളും സംബന്ധിച്ചു.

**വൈസ് ഡയറക്ടേഴ്സ് മീറ്റ്**

മേഖലയിലെ ശാഖാ വൈസ് ഡയറക്ടർമാരുടെ ഒരു സമ്മേളനം ഓഗസ്റ്റ് 9 തിങ്കളാഴ്ച ഓൺലൈനായി നടത്തി. ശാഖാ വൈസ് ഡയറക്ടേഴ്സ് യോഗത്തിൽ സംബന്ധിച്ചു. മേഖലാഭാരവാഹികൾ നേതൃത്വം നൽകി.

**കുഞ്ഞേട്ടൻ അനുസ്മരണം**

മേഖലയുടെ ആഭിമുഖ്യത്തിൽ മിഷൻലീഗ് സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ അനുസ്മരണം 2021 ഓഗസ്റ്റ് 15 ഞായറാഴ്ച നടത്തി. ളാലം ഓൾഡ് ശാഖയുടെ നേതൃത്വത്തിൽ നടത്തിയ പ്രോഗ്രാമിൽ ശ്രീ അലക്സ് കാവുകാട്ട് അനുസ്മരണ പ്രഭാഷണം നടത്തി.

**സെമിനാറുകൾ**

മേഖലയുടെ ആഭിമുഖ്യത്തിൽ 2021 ഓഗസ്റ്റ് മാസം വിവിധ ശാഖകളിൽ സെമിനാർ നടത്തി. കുടക്കച്ചിറ, കിഴതടിയൂർ, മേവിട, മൂന്നാനി, മീനച്ചിൽ, നെല്ലിയാനി ശാഖകളിൽ നടന്ന സെമിനാറുകളിൽ സി.ഡോണ F.C.C, ശ്രീ ബെന്നി മുത്തനാട്ട്, ഐബി തോമസ്, മനു ചെറുകാട്ടിൽ, ദിയ ഫ്രാങ്ക്സൻ എന്നിവർ ക്ലാസുകൾ നയിച്ചു. മേഖലാഭാരവാഹികൾ സെമിനാറുകൾക്ക് നേതൃത്വം നൽകി.

**2. കുറവിലങ്ങാട് മേഖല**

**പ്രവർത്തനവർഷ ഉദ്ഘാടനം**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം 2021 ഓഗസ്റ്റ് 8 ഞായറാഴ്ച ഓൺലൈനായി നടത്തി. മേഖലാപ്രസിഡന്റ് ശ്രീ അമൽ വാക്കാട്ടിൽപുത്തൻപുരയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം മേഖലാരക്ഷാധികാരി ആർച്ച് പ്രീസ്റ്റ് റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമസ് കൊച്ചോടയ്ക്കൽ ആമുഖസന്ദേശം നൽകി. രൂപതാപ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ, മുൻ മേഖലാ പ്രസിഡന്റ് ശ്രീ ബിജോയി വാക്കാട്ടിൽപുത്തൻപുര തുടങ്ങിയവർ ആശംസകളർപ്പിച്ചു. വൈസ് ഡയറക്ടർ സി. അനു C.M.C, മേഖലാ ഭാരവാഹികളായ ദിയ ഫ്രാങ്ക്സൻ, ഡിബിൻ ഡൊമിനിക്, ലിഷ വർഗീസ്, സെബിൻ പോൾ, ലിജോ ജോർജ്, ലിജോ ടോണി തുടങ്ങിയവർ നേതൃത്വം നൽകി.

**യൂട്യൂബ് ചാനൽ**

മേഖലയുടെ ആഭിമുഖ്യത്തിൽ 2021 ഓഗസ്റ്റ് 9 ന് ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചു.

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ ചരമദിനമായ ഓഗസ്റ്റ് 11 ന് മേഖലാസമിതി അനുസ്മരണം നടത്തി. ഡയറക്ടർ ഫാ. തോമസ് കൊച്ചോടയ്ക്കലിന്റെ നേതൃത്വത്തിൽ ഭാരവാഹികൾ കുഞ്ഞേട്ടന്റെ കബറിടത്തിലെത്തി പ്രാർത്ഥന നടത്തി.

**ഓൺലൈൻ പ്രസംഗമത്സരം**

മേഖലയുടെ ആഭിമുഖ്യത്തിൽ 2021 ഓഗസ്റ്റ് 22 ഞായറാഴ്ച ഓൺലൈൻ പ്രസംഗമത്സരം നടത്തി.

**3. അരുവിത്തുറ മേഖല**

**പ്രവർത്തനവർഷ ഉദ്ഘാടനവും കുഞ്ഞേട്ടൻ അനുസ്മരണവും**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും കുഞ്ഞേട്ടൻ അനുസ്മരണവും 2021 ഓഗസ്റ്റ് 15 ഞായറാഴ്ച ഓൺലൈനായി നടത്തി. മേഖലാ പ്രസിഡന്റ് ശ്രീ ഷാജു കുന്നക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം മേഖലാ രക്ഷാധികാരി വെരി. റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സ്കറിയ മേനാംപറമ്പിൽ ആമുഖസന്ദേശം നൽകി. രൂപതാ എക്സിക്യൂട്ടീവ് അംഗം ശ്രീ സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ കുഞ്ഞേട്ടൻ അനുസ്മരണ പ്രഭാഷണം നടത്തി. രൂപതാപ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ, രൂപത റീജണൽ ഓർഗനൈസർ ശ്രീ ജോബിൻ തട്ടാംപറമ്പിൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു. വൈസ് ഡയറക്ടർ സി. സാലി F.C.C, സെക്രട്ടറി ശ്രീ ബെന്നിസൺ മണ്ണാറാത്ത്, ഓർഗനൈസർ ശ്രീ ജിജോമോൻ കല്ലുംമാക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. തീക്കോയി മേഖല**

**പ്രവർത്തനവർഷ ഉദ്ഘാടനവും കുഞ്ഞേട്ടൻ അനുസ്മരണവും**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും കുഞ്ഞേട്ടൻ അനുസ്മരണവും 2021 ഓഗസ്റ്റ് 15 ഞായറാഴ്ച ഓൺലൈനായി നടത്തി. മേഖലാ പ്രസിഡന്റ് ശ്രീ സഞ്ജു പുല്ലാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം മേഖലാ രക്ഷാധികാരി വെരി. റവ. ഡോ. തോമസ് മേനാച്ചേരി ഉദ്ഘാടനം ചെയ്തു. തീക്കോയി സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ജോജോ പുന്നപ്ലാക്കൽ കുഞ്ഞേട്ടൻ അനുസ്മരണപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. മാത്യു വളയംപള്ളിൽ, രൂപതാ സെക്രട്ടറി ശ്രീ മനുചെറുകാട്ടിൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു. വൈസ് ഡയറക്ടർ സി. ജോസ്മി F.C.C, മേഖലാ ഭാരവാഹികളായ നേഹാ സന്തോഷ്, ജെസ്ബിൻ ജെയ്സൺ, പ്രിൻസ് തോമസ്, സ്നേഹാമോൾ സെബാസ്റ്റ്യൻ തുടങ്ങിയവർ നേതൃത്വം നൽകി.

**5.തുടങ്ങനാട് മേഖല കുഞ്ഞേട്ടൻ അനുസ്മരണം**

മേഖലാസമിതിയുടെ ആഭിമുഖ്യത്തിൽ നീലൂർ ശാഖയുടെ സഹകരണത്തോടെ 2021 ഓഗസ്റ്റ് 15 ഞായറാഴ്ച കുഞ്ഞേട്ടൻ അനുസ്മരണം ഓൺലൈനായി നടത്തി. പ്രസിഡന്റ് ശ്രീ സിബി കെ.ജെ.യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. ജോൺ കുറ്റാരപ്പള്ളിൽ ആമുഖസന്ദേശം നൽകി. രൂപതാ എക്സിക്യൂട്ടീവ് അംഗം സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ കുഞ്ഞേട്ടൻ

അനുസ്മരണപ്രഭാഷണം നടത്തി. നീലൂർ ശാഖാഡയറക്ടർ ഫാ. ജോർജ്ജ് പോളച്ചിറ കുന്നുംപുറം സ്വാഗതവും ശാഖാപ്രസിഡന്റ് ശ്രീ ബിനു ടോം നന്ദിയും പറഞ്ഞു. മേഖലാഭാരവാഹികൾ പരിപാടിക്ക് നേതൃത്വം നൽകി.

**6. പ്രവിത്താനം മേഖല പ്രവർത്തനവർഷ ഉദ്ഘാടനം**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം 2021 ഓഗസ്റ്റ് 16 തിങ്കളാഴ്ച ഓൺലൈനായി നടത്തി. മേഖലാപ്രസിഡന്റ് ശ്രീ ആകാശ് മാനുവൽ ടോമിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം മേഖലാ ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ ഉദ്ഘാടനം ചെയ്തു. മിഷൻലീഗ് ദേശീയ പ്രസിഡന്റ് ശ്രീ ബിനോയി പള്ളിപ്പറമ്പിൽ, രൂപതാപ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ, മുൻ മേഖലാ പ്രസിഡന്റ് ശ്രീ വിൻസെന്റ് അരീക്കാട്ട് തുടങ്ങിയവർ ആശംസകളർപ്പിച്ചു. വൈസ് ഡയറക്ടർ സി. സുജാത C.M.C, മേഖലാ ഭാരവാഹികളായ ജോർജുകുട്ടി ജോസ്, ശ്രീമതി ആൻസി ഫ്രാൻസിസ് തുടങ്ങിയവർ നേതൃത്വം നൽകി.

**7. കടനാട് മേഖല കുഞ്ഞേട്ടൻ അനുസ്മരണവും സെമിനാറും**

മേഖലയുടെ ആഭിമുഖ്യത്തിൽ കുഞ്ഞേട്ടൻ അനുസ്മരണവും സെമിനാറും 2021 ഓഗസ്റ്റ് 28 ശനിയാഴ്ച ഓൺലൈനായി നടത്തി. രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി ഐബി തോമസ് കുഞ്ഞേട്ടൻ അനുസ്മരണപ്രഭാഷണം നടത്തി. മേഖലയിലെ പത്താം ക്ലാസ് പാസായ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ടു 'നവമാധ്യമങ്ങളിലെ നവ പ്രേഷിതൻ'എന്ന വിഷയത്തിൽ സെമിനാർ നടത്തി. അഡ്വ. ജിജിൽ ജോസഫ് ക്ലാസ് നയിച്ചു. മേഖലാഭാരവാഹികൾ നേതൃത്വം നൽകി.

**8. മൂലമറ്റം മേഖല ക്വിസ് മത്സരം**

മേഖലയുടെ ആഭിമുഖ്യത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളിനോടനുബന്ധിച്ച് ഒരു ക്വിസ് മത്സരം നടത്തി. ഗൂഗിൾ ഫോമിൽ നടത്തിയ മത്സരത്തിൽ വിവിധ ശാഖകളിലെ നാനൂറിലധികം കുട്ടികൾ പങ്കെടുത്തു.

**9. രാമപുരം മേഖല – കുഞ്ഞുമിഷനറിക്വിസ്**

മേഖലയുടെ ആഭിമുഖ്യത്തിൽ 2021 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ കുഞ്ഞു മിഷനറി മാസിക അടിസ്ഥാനമാക്കി 2021 ഓഗസ്റ്റ് 29 ഞായറാഴ്ച ക്വിസ് മത്സരം നടത്തി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സമ്മാനവിതരണം നടത്തി**

കെ.സി.എസ്.എൽ പാലായുടെ ആഭിമുഖ്യത്തിൽ 50 നോമ്പിനോട് അനുബന്ധിച്ച് 'ക്രൂശിതനെ ഉത്ഥിതനെ' എന്ന ഓൺലൈൻ ബൈബിൾ വിചാരങ്ങൾ വീഡിയോ രൂപത്തിലും ബുക്ക് രൂപത്തിലും മത്സരങ്ങൾ നടത്തിയതിന്റെ സമ്മാനവിതരണം കെ.സി.എസ്.എൽ ഓഫീസിൽ വച്ച് നടത്തി.

**പാലാ ദൂത് ഓൺലൈന് ക്വിസ്സ് – വിജയികളെ പ്രഖ്യാപിച്ചു**

കെ.സി.എസ്.എൽ പാലായുടെ ആഭിമുഖ്യത്തിൽ പൂവരണി CML-SMYM സംഘടനകൾ സംയുക്തമായി ചേർന്ന് രൂപതയിലെ വിശ്വാസികൾക്കായി പാലാദൂത് ക്വിസ് ജൂലൈ 31 ശനിയാഴ്ച രാത്രി 8 മണിക്ക് നടത്തപ്പെട്ടു. 2021 ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള Issues ആയിരുന്നു ക്വിസ് മത്സരത്തിന്റെ പഠനവിഷയം. Google Form വഴി നടത്തിയ മത്സരത്തിൽ രണ്ട് കാറ്റഗറികളിലായി 20 വയസ്സിനു താഴെ, 20 വയസ്സിനു മുകളിൽ – 346 പേർ പങ്കെടുത്തു.

വിജയികളെ പൂവരണി പള്ളിയുടെയും കെ.സി.എസ്.എൽ പാലായുടെ Official Youtube ചാനലുകളിൽ ആഗസ്റ്റ് പന്ത്രണ്ടാം തീയതി 8 മണിക്ക് ലൈവ് ആയി കെ.സി.എസ്.എൽ രൂപതാ ഡയറക്ടറും പൂവരണി പള്ളിയുടെ അസി. വികാരിയുമായ റവ. ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് പ്രഖ്യാപിച്ചു. ഫലപ്രഖ്യാപനവേളയിൽ രൂപതാ വികാരി ജനറൽ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, പാലാ ദൂത് ചീഫ് എഡിറ്റർ സാബു. ഡി. മാത്യു എന്നിവൽ സംസാരിച്ചു.

20 വയസ്സിൽ താഴെയുള്ളവർക്കുള്ള A വിഭാഗത്തിൽ അന്ന മരിയ അഗസ്റ്റിൻ, ആഗ്നേറ്റ് മരിയ സോയ്, മാനുവൽ ബിനോജ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. 20 വയസ്സിനു മുകളിലുള്ളവർക്കുള്ള B വിഭാഗത്തിൽ അമലു അഗസ്റ്റിൻ, ലിജ ജേക്കബ്, ബാബു പോൾ എന്നിവർക്കും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചു. സമ്മാനർഹരായവർക്കു ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും ട്രോഫിയും വിതരണം ചെയ്തു.

**ഓൺലൈനായി വായിക്കാനും പഠിക്കാനും കെ.സി.എസ്.എൽ ബ്ലോഗ്**

ഓൺലൈൻ പഠനവേളയിൽ ആയിരിക്കുന്ന കുട്ടികളോടൊത്ത് സഞ്ചരിക്കാൻ കെ.സി.എസ്.എൽ പാലായുടെ പുതിയ ബ്ലോഗ് നിർമിച്ചു. കുട്ടികൾക്കു പഠിക്കാനും വായിക്കാനും പുതുതായി രൂപം കൊടുത്ത ഈ ഓൺലൈൻ പോർട്ടൽ ഉപകാരപ്രദമാണെന്ന് കുട്ടികളുടെ മാതാപിതാക്കളും അധ്യാപകരും സാക്ഷ്യപ്പെടുത്തി. വരുന്നനാളുകളിൽ കുട്ടികളുടെ ഇതര സൃഷ്ടികൾ കെ.സി.എസ്.എൽ പാലായുടെ പുതിയ ബ്ലോഗിൽ പോസ്റ്റ് ചെയ്യുന്നതും മറ്റു കുട്ടികളിലേക്ക് അവ എത്തിക്കുന്നതുമായിരിക്കും.

**നിങ്ങൾക്കും ആകാം ന്യൂസ് റീഡർ**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണദിവസമായ ആഗസ്റ്റ് 15 നു കെ.സി.എസ്.എൽ പാലാ സ്കൂൾ കുട്ടികൾക്കായി ഒരുക്കിയ 'നിങ്ങൾക്കും ആകാം ന്യൂസ് റീഡർ" എന്ന വീഡിയോ മത്സരത്തിന്റെ ഭാഗമായി ഏകദേശം 50 ഓളം കുട്ടികൾ വീഡിയോകൾ തയ്യാറാക്കി തന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചതിന്റെ 71–ാം വർഷത്തിലാണ് സ്വർഗ്ഗാരോപണം സംബന്ധിച്ചുള്ള കുറിപ്പുകൾ, വീഡിയോ രൂപത്തിൽ കുട്ടികൾ തയ്യാറാക്കി തന്നത്. തയ്യാറാക്കി തന്ന വിഡിയോകൾ പൊതുവായി കാണുന്നതിനും Like ഉം Views ഉം കിട്ടുന്നതിനായി KCSLPALA DIOCESE Youtube Chanal ൽ 'നിങ്ങൾക്കും ആകാം ന്യൂസ് റീഡർ എന്ന Playlist ൽ ലഭ്യമാണ്. ആഗസ്റ്റ് 31 വരെ കുട്ടികളുടെ വീഡിയോയുടെ 30% മാർക്കായി പരിഗണിക്കുന്നതാണ്.

**അഖിലകേരള അൽഫോൻസാ ക്വിസ്സ് മത്സരം**

കെ. സി. എസ്. എൽ പാലാ രൂപതയുടെയും വാകക്കാട് അൽഫോൻസാ ഹൈസ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ അഖില കേരളാ അൽഫോൻസാ ക്വിസ് ആഗസ്റ്റ് 28 ന് നടത്തുന്നു. വാകക്കാട് സ്കൂളിൽ അധ്യാപികയായിരുന്ന വി. അൽഫോൻസാമ്മയുടെ അധ്യാപനത്തിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായാണ് അൽഫോൻസാ ക്വിസ് സംഘടിപ്പിക്കുന്നത്.

**ഫാ. ജീമോൻ ജെയിംസ് പനച്ചിക്കൽകരോട്ട്** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. ഹൈത്സാന**

പാലാ രൂപത എസ്.എം.വൈ.എം. - അരുവിത്തുറ ഫൊറോന എസ്.എം.വൈ.എം. സംയുക്തമായി ഹൈത്സാന എന്ന പേരിൽ ജൂലൈ 31 വൈകുന്നേരം 7 മണിക്ക് പ്രോലൈഫ് വെബിനാർ നടത്തി. സ്റ്റുഡന്റ് കൗൺസിലർ റ്റിനു സോണി, കേരള ജീസസ് യൂത്ത് പ്രോലൈഫ് മിനിസ്ട്രി കോർഡിനേറ്റർ, ഡോ. മാമ്മൻ ചെറിയാൻ, നാഷണൽ കോർഡിനേറ്റ് ഓഫ് ജീസസ് യൂത്ത് പ്രൊലൈഫ് മിനിസ്ട്രി ഡോ. ഡിനോ പോൾ എന്നിവർ ക്ലാസുകൾ നയിച്ചു.

**2. ശൂനായ നോമ്പാചരണം**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന് ഒരുക്കമായി എസ്.എം.വൈ.എം. യുവജനങ്ങൾ 15 ദിവസം നോമ്പ് ആചരിക്കുകയും സ്റ്റാറ്റസ് വീഡിയോ നിർമിച്ച് തിരുനാളിനോടനുബന്ധിച്ചുള്ള സന്ദേശങ്ങൾ ഓരോ ദിവസവും നല്കുകയും ചെയ്തു.

**3. വൈദികദിനം ആഘോഷിച്ചു.**

വൈദികർക്കെതിരെ മാധ്യമങ്ങളിലൂടെയും ചാനൽ ചർച്ചകളിലൂടെയും വിവാദങ്ങൾ ഉടലെടുത്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ഓർമ്മദിനമായ ആഗസ്റ്റ് 4 ബുധനാഴ്ച ലോകമെമ്പാടുമുള്ള വൈദികർക്കായി എസ്.എം.വൈ.എം. പാലാ രൂപതയിലെ യുവജനങ്ങൾ ഒന്നു ചേർന്നു പ്രാർത്ഥിച്ചു. വൈകുന്നേരം 6.30 മുതൽ 7 മണി വരെ സൂം വഴി നടന്ന 'അഭിഷിക്തർക്കായി' എന്ന ഓൺലൈൻ മീറ്റിംഗിൽ റവ. ഫാ. ജോർജ് നെല്ലിക്കൽ (പ്രീസ്റ്റ് ഇൻ ചാർജ്, സീറോ മലബാർ കമ്മ്യൂണിറ്റി, ആനന്ദ് - കരംസദ്, സെന്റ് തോമസ് സബർമതി മിഷൻ, ഗുജറാത്ത്) യുവജനങ്ങൾക്ക് വൈദികദിനത്തോടനുബന്ധിച്ചുള്ള സന്ദേശം നൽകി. എസ്.എം.വൈ.എം.പാലാ രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്., ബ്രദർ റീജന്റ് സേവ്യർ മുക്കുടിക്കാട്ടിൽ, രൂപത പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, ജനറൽ സെക്രട്ടറി കെവിൻ ടോം, വൈസ് പ്രസിഡന്റ് സുസ്മിത സ്കറിയ, സിസ്റ്റർ ആനിമേറ്റേഴ്സ്, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും പാലാ രൂപതയിലെ വിവിധ ഇടവകകളിൽനിന്നുള്ള യുവജനങ്ങളും മീറ്റിംഗിൽ പങ്കെടുത്ത് വൈദികർക്കായി പ്രാർത്ഥിച്ചു.

**4. വാക്സിനേഷൻ ക്യാമ്പിൽ വോളന്റിയർസ്**

മാർ സ്ലീവാ മെഡിസിറ്റിയിലെ ആഗസ്റ്റ് മാസം നടന്ന കോവിഡ് വാക്സിനേഷൻ ക്യാമ്പിലേക്ക് വോളണ്ടിയേഴ്സായി എസ്.എം.വൈ.എം. യുവതീയുവാക്കൾ എല്ലാ ദിവസവും പ്രവർത്തിച്ചു. പങ്കെടുത്ത ഏവരെയും അഭിനന്ദിക്കുന്നു.

**5. കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ**

എസ്.എം.വൈ.എം ഗുഡ് സമരിറ്റൻ ഫോഴ്സിന്റെ നേതൃത്വത്തിൽ യുവാക്കൾ കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ നടത്തി. ആകെ എണ്ണം 200 കവിഞ്ഞു.

**6. ജസ്റ്റിസ് ജെ.ബി. കോശിയുമായി കൂടിക്കാഴ്ച**

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ-സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ. ബി. കോശി (റിട്ട.) ആഗസ്റ്റ് 6 ന് രൂപത കേന്ദ്രം സന്ദർശിച്ചു. രൂപത ഡയറക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കിയ പൊതുനിവേദനം രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ജസ്റ്റിസ് ജെ.ബി കോശിക്കു കൈമാറി.

**7. മാർഗ്ഗംകളി അവതരിപ്പിച്ചു.**

ക്രൈസ്തവരുടെ പുരാതനമായ കലകളെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആഗസ്റ്റ് 11 ന് വൈകുന്നേരം 4 മണിക്ക് ഉാലം പുത്തൻപള്ളിയുടെ തിരുമുറ്റത്ത് പുരുഷന്മാർ അവതരിപ്പിച്ച മാർഗ്ഗംകളിയിൽ എസ്.എം.വൈ.എം. അംഗങ്ങൾ സംഘാടകരായി.

**8. പ്രോലൈഫ് മീറ്റിംഗ്**

എസ്.എം.വൈ.എം. ഉം ഫാമിലി അപ്പോസ്തലേറ്റും സംയുക്തമായി നടത്തുന്ന പ്രോലൈഫ് മീറ്റിംഗിനെകുറിച്ചുള്ള ചർച്ചയിൽ എസ്.എം.വൈ.എം. രൂപത പ്രസിഡന്റ് പങ്കെടുത്തു.

**9. പ്രവാസി അപ്പോസ്തലേറ്റ് മീറ്റിംഗ്**

പാലാ രൂപത സംഘടിപ്പിച്ച പ്രഥമപ്രവാസി അപ്പോസ്തലേറ്റിന്റെ മീറ്റിംഗ് ആഗസ്റ്റ് 13 ന് വൈകിട്ട് 7 മുതൽ 9 മണി വരെ നടത്തപ്പെട്ടു. ഓൺലൈനായി നടത്തിയ പരിപാടിയിൽ എസ്.എം.വൈ.എം. അംഗങ്ങൾ സാങ്കേതികസഹായം നൽകി. രൂപത ഡയറക്ടർ ഏവരെയും മീറ്റിംഗിലേക്കു സ്വാഗതം ചെയ്തു.

**10. ചിങ്ങം 1 കർഷകദിനമായി ആചരിച്ചു.**

മലയാള വർഷാരംഭമായ ചിങ്ങം ഒന്നിന് (ആഗസ്റ്റ് 17) 11 മണിക്ക് ബിഷപ് ഹൗസിൽ വച്ച് കർഷകദിനം ആചരിച്ചു. ഇൻഫാം കോട്ടയം ജില്ലാ ഘടകവും എസ്.എം.വൈ.എം. പാലായും സംയുക്തമായി നടത്തിയ ചടങ്ങിന്റെ ഉദ്ഘാടനം രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**11. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഓഗസ്റ്റ് പതിനാറാം തീയതി രാത്രി 9.30 മുതൽ 11.30 വരെ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. പ്രസ്തുത സമ്മേളനത്തിൽ ഫാമിലി അപ്പോസ്തലേറ്റിനോട് ചേർന്ന് പ്രോലൈഫ് പ്രോഗ്രാം നടത്തുന്നതിനെക്കുറിച്ചും ഓൺലൈൻ കലോത്സവമായ ദൽക്കാ 2.0 യുടെ മത്സരയിനങ്ങളും ഇൻചാർജേഴ്സിനെയും തീരുമാനിച്ചു.

സെപ്റ്റംബർ 10 ന് പാറേമ്മാക്കൽ ഗോവർണ്ണദോർ ജന്മദിനത്തോടനുബന്ധിച്ച് നടത്താനിരിക്കുന്ന പ്രോഗ്രാമിനെകുറിച്ചും EWS Certificate Form ഡയറക്ടറിയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

**12. ദൽക്കാ 2.0 ഓൺലൈൻ കലോത്സവം ഉദ്ഘാടനം ചെയ്യപ്പെട്ടു.**

എസ്. എം. വൈ. എം. പാലാ രൂപത ആഗസ്റ്റ് 20 മുതൽ ആഗസ്റ്റ് 24 വരെ യുവജനങ്ങൾക്കായി നടത്തുന്ന ഓൺലൈൻ കലോത്സവം ദൽക്കാ 2.0 യുടെ ഉദ്ഘാടനം കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ എഡ്വേർഡ് രാജു കുരിശിങ്കൽ നിർവ്വഹിച്ചു. കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ഷിജോ ഇടയാടിൽ, വൈസ് പ്രസിഡന്റ് ശ്രീമതി റോഷ്ന മറിയം ഈപ്പൻ, എസ്.എം.വൈ.എം.പാലാ രൂപത ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്. എന്നിവർ ആശംസകൾ നേർന്നു.

എസ്.എം.വൈ.എം.പാലാ രൂപത പ്രസിഡന്റ് സാം സണ്ണി ഓടയ്ക്കൽ, ജനറൽ സെക്രട്ടറി കെവിൻ ടോം മൂങ്ങാമാക്കൽ, വൈസ് പ്രസിഡന്റ് സുസ്മിത സ്കറിയ, റീജന്റ് ബ്രദർ സേവ്യർ മുക്കുടിക്കാട്ടിൽ മറ്റു ഭാരവാഹികളും വിവിധ യൂണിറ്റുകളിൽ നിന്നുമുള്ള യുവജനങ്ങളും പങ്കെടുത്തു.

**ദൽക്കാ 2.0 : മത്സരയിനങ്ങൾ**

**വ്യക്തിഗത ഇനങ്ങൾ :** (A and B തിരിച്ച് മത്സരങ്ങൾ നടത്തപ്പെടുന്നു )

ലളിതഗാനം : 20/08/2021, പ്രസംഗം : 21/08/2021, ഫോട്ടോഗ്രഫി : 22/08/2021, ഡിജിറ്റൽ പോസ്റ്റർ ഡിസൈനിങ് : 23/08/2021, ചെറുകഥാ രചന : 20/08/2021, കവിതാരചന : 21/08/2021, മുദ്രാവാക്യ രചന : 22/08/2021, പെൻസിൽ ഡ്രോയിങ് : 23/08/2021

**ഇടവകതല ഇനം** – മാഷപ്പ് 24/08/2021

13. **ജന്മദിനാഘോഷം**

എസ്.എം.വൈ.എം. രൂപത ഡയറക്ടർ ഫാ. തോമസ് തയ്യിലിന്റെ ജന്മദിനാഘോഷം 23 ന് എസ്.എം.വൈ.എം. ഓഫീസിൽ വച്ച് നടത്തപ്പെട്ടു. ഫാ. കുര്യൻ മറ്റം പ്രസ്തുത ചടങ്ങിൽ പ്രാർത്ഥനകൾ നേർന്നു. ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്., എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുത്തിരുന്നു. തുടർന്ന് സമിതിയുടെ ഭാവി പരിപാടികളെപ്പറ്റിയുള്ള ചർച്ചയും നടന്നു.

**14. ഹെയർ ഡൊണേഷൻ**

എസ്.എം.വൈ.എം. വനിതകൾ കാലഘട്ടത്തിനു അനുയോജ്യമായ പുണ്യകർമ്മമായ ഹെയർ ഡൊണേഷൻ നടത്തിവരുന്നു.

**15. ബ്ലെഡ് ഡൊണേഷൻ**

ആവശ്യക്കാർ വിളിക്കുന്നതിനനുസരിച്ച് എസ്.എം.വൈ.എം. യുവാക്കൾ രക്തദാനം നടത്തിവരുന്നു.

**16. എട്ടുനോമ്പ് ആചരണം**

മാർത്തോമാ നസ്രാണികൾ അനുഷ്ഠിച്ചുവരുന്ന എട്ടുനോമ്പ് മർത്ത് മറിയ

ത്തിന്റെ ജനനത്തിരുനാളിനൊരുക്കമായി യുവാക്കൾ ഭക്തിനിർഭരമായി ആചരിക്കുന്നു. നോമ്പ് എടുക്കുന്നതുകൂടാതെ സായാഹ്നങ്ങളിൽ ഫൊറോനാവൈസിൽ റംശാ നമസ്കാരവും നടത്തുന്നു.

**ഫാ. സിറിൽ തോമസ് തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. മിഷൻ ഡേ ആചരണം**

പാലാ സോണിലെ ജീസസ് യൂത്ത് അംഗങ്ങൾ ഓഗസ്റ്റ് 6 ന് മിഷൻ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് മിഷൻദിനമായി ആചരിച്ചു.

**2. വെബിനാർ – കൊഴുവനാൽ**

കൊഴുവനാൽ ഇടവകയിലെ ജീസസ് യൂത്ത് പ്രവർത്തകർ ഓഗസ്റ്റ് 8 ന് സ്നേഹബന്ധങ്ങൾ, മീഡിയാകാപട്യം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് ഒരു വെബിനാർ നടത്തി. ഡോ. മാമ്മൻ പി. ചെറിയാൻ, ഡിനോ പോൾ, ടിന്റു സോണി എന്നിവർ ക്ലാസുകൾ നയിച്ചു. വികാരി ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. ജോസ് ആലാനിക്കൽ എന്നിവർ നേതൃത്വം നല്കി.

**3. ആനിമേറ്റേഴ്സ് മീറ്റ്**

ജീസസ് യൂത്തിന്റെ ചാപ്ലെയിൻസിന്റെ അഖിലകേരള സമ്മേളനം ഓഗസ്റ്റ് 3 ന് ഓൺലൈനായി നടന്നു. ഫാ. ജോസഫ് എഴുമായിൽ, മനോജ് സണ്ണി എന്നിവർ നേതൃത്വം നല്കി.

**4. കാമ്പസ് മിനിസ്ട്രി**

കാമ്പസ് മിനിസ്ട്രി അംഗങ്ങളുടെ ദ്വിദിനസമ്മേളനം വേഴങ്ങാനം ഇടവകയിൽ ഓഗസ്റ്റ് 19, 20 തീയതികളിൽ നടന്നു. കുര്യൻ മറ്റം, ഫാ. ജോർജ് കാവുംപുറത്ത്, സിജോ, അമല ട്രീസ, ജോമോൻ ജോൺ എന്നിവർ നേതൃത്വം നല്കി.

**5. ടീൻസ് മിനിസ്ട്രി സമ്മേളനം – കുടക്കച്ചിറ**

ടീൻസ് മിനിസ്ട്രി അംഗങ്ങളുടെ ഏകദിനപ്രോഗ്രാം കുടക്കച്ചിറ ഡിവൈൻ മേഴ്സി ധ്യാനമന്ദിരത്തിൽ ഓഗസ്റ്റ് 20 ന് നടത്തി. ഫാ. കുര്യൻ മറ്റം, ബെല്ലാ, ആൽഫി എന്നിവർ നേതൃത്വം നല്കി.

**6. രൂപത വെബിനാർ**

ഓഗസ്റ്റ് 15 ന് രൂപതാതലത്തിലുള്ള ഒരു വെബിനാർ അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ ചേർന്നു. പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചും സഭയുടെ വിശ്വാസസത്യങ്ങളെക്കുറിച്ചും പിതാവ് സംസാരിച്ചു. തുടർന്ന് യുവജനങ്ങളുടെ സംശയങ്ങൾക്ക് പിതാവ് കൃത്യതയോടും വ്യക്തതയോടുംകൂടി മറുപടി നല്കി. ഫാ. കുര്യൻ മറ്റം, അമല ട്രീസ, ജോമോൻ എന്നിവർ നേതൃത്വം നല്കി.

**7. ജസ്റ്റിസ് കോശി കമ്മീഷൻ നിവേദനം**

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ സമർപ്പിക്കാനുള്ള 700ലധികം നിവേദനങ്ങൾ ജീസസ് യൂത്ത് അംഗങ്ങൾ ജൂലൈ 26 ന് ഫാ. കുര്യൻ മറ്റത്തിന്റെ

നേതൃത്വത്തിൽ കമ്മീഷൻ നടപടികളുടെ കോർഡിനേറ്റർ ഫാ. സിറിൽ തയ്യിലിനു സമർപ്പിച്ചു. അമല ട്രീസ, സിബിൻ ചാലിൽ, ചാൾസ് ഇടപ്പാടി, ജസ്റ്റിൻ വടക്കൻ എന്നിവർ സംബന്ധിച്ചു.

**8. സോണൽ സമ്മേളനം**

ജീസസ് യൂത്തിന്റെ സോണൽ സമ്മേളനം ഓഗസ്റ്റ് 22 ന് നടന്നു. ഫാ. കുര്യൻ മറ്റം, ശശി ഇമ്മാനുവൽ എന്നിവർ മുഖ്യസന്ദേശങ്ങൾ നല്കി. അമല ട്രീസാ, ജോമോൻ എന്നിവർ നേതൃത്വം നല്കി.

**9. ഏകദിന ആരാധന –മൂന്നാംതോട്**

ജീസസ് യൂത്ത് അംഗങ്ങളുടെ പ്രതിമാസ ആരാധന മൂന്നാംതോട് ആശ്രമത്തിൽ ഓഗസ്റ്റ് 19 ന് നടന്നു.

**10. ഫാമിലി സമ്മേളനം**

ജീസസ് യൂത്തിന്റെ ഫാമിലി സ്ട്രീമിന്റെ സമ്മേളനവും ഒരു വർഷത്തേക്കുള്ള പ്ലാനിംഗും ഓഗസ്റ്റ് 14 ന് കോർഡിനേറ്റർ മാത്യു എം. കുര്യാക്കോസിന്റെ അധ്യക്ഷതയിൽ നടന്നു. ഫാ. കുര്യൻ മറ്റം, ബിലാസ് ജോസഫ്, ജോസ് മാത്യു എന്നിവർ നേതൃത്വം നല്കി.

**11. രൂപത കൗൺസിൽ**

ജീസസ് യൂത്തിന്റെ രൂപത കൗൺസിൽ സമ്മേളനം ഭരണങ്ങാനത്ത് ഓഗസ്റ്റ് 29 ന് നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, അമല ട്രീസ എന്നിവർ നേതൃത്വം നല്കി.

**12. മംഗളവാർത്താധ്യാനം**

അടുത്ത മംഗളവാർത്താധ്യാനം സെപ്തംബർ 9 മുതൽ 16 വരെ നടക്കും. ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. കുര്യൻ മറ്റം, ഫാ. തോമസ് കോഴിമല എന്നിവർ നേതൃത്വം നല്കും.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

## കുടുംബക്കൂട്ടായ്മ

**1. അഭിനന്ദനങ്ങൾ**

1/08/2021 കുടുംബകൂട്ടായ്മ രൂപതാസമിതിയുടെ അടിയന്തരയോഗം ഓൺലൈനിൽ കൂടി. പരിശുദ്ധ പിതാവ് പ്രഖ്യാപിച്ച കുടുംബവർഷത്തോടനുബന്ധിച്ച് പാലാ രൂപതയിലെ വലിയ കുടുംബങ്ങൾക്ക് കൈത്താങ്ങായി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച രൂപതയുടെ പ്രിയപ്പെട്ട ഇടയൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് പാലാ രൂപത കുടുംബക്കൂട്ടായ്മ അഭിനന്ദനങ്ങളും അഭിവാദ്യങ്ങളും അർപ്പിച്ചു. ജീവന്റെ മഹത്ത്വം ഉയർത്തിക്കാട്ടുന്ന അഭിവന്ദ്യ പിതാവിന്റെ ധീരവും മാതൃകാപരവുമായ തുടക്കത്തിന് കുടുംബക്കൂട്ടായ്മയുടെ പൂർണ പിന്തുണ പ്രഖ്യാപിച്ചു.

**2. രൂപതാസമിതി റിസോഴ്സസ് ടീം സംയുക്ത യോഗം**

7/08/3021 ശനിയാഴ്ച നാലുമണിക്ക് കുടുംബകൂട്ടായ്മ രൂപതാസമിതിയുടെയും റിസോഴ്സസ് ടീമിന്റെയും സംയുക്തയോഗം ഗൂഗിൾ മീറ്റ് വഴി നടത്തപ്പെട്ടു.

രൂപതാ ഡയറക്ടർ ബഹു. വിൻസന്റ് മൂങ്ങാമാക്കലച്ചൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. ജസ്റ്റിസ് ജെ.ബി കോശി കമ്മീഷനു നിവേദനങ്ങൾ സമർപ്പിച്ചതിനെക്കുറിച്ച് ഫൊറോനാ തിരിച്ചുള്ള അവലോകനം നടത്തി. താമരശ്ശേരി രൂപതയിൽ തിരുവമ്പാടിയിലേക്ക് സ്ഥലം മാറിപ്പോകുന്ന റിസോഴ്സ് ടീം അംഗം ബഹു. സിസ്റ്റർ ഗ്രേസ് വഞ്ചിപ്പുരയ്ക്കലിന്റെ സേവനങ്ങൾക്ക് യോഗം നന്ദി രേഖപ്പെടുത്തുകയും യാത്രാമംഗളങ്ങൾ ആശംസിക്കുകയും ചെയ്തു. കുടുംബക്കൂട്ടായ്മ ഭരണങ്ങാനം ഫൊറോനാ കോഡിനേറ്റർ ആയിരുന്ന ശ്രീ ജോസ് നടക്കലിന്റെ സഹോദരൻ ഡൽഹിയിൽ നിര്യാതനായ ഫാ. ജോർജ് നടയ്ക്കൽ സലേഷ്യന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തുകയും പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

**3. പ്രാർത്ഥനായജ്ഞം**

13/08/2021 രൂപതാസമിതിയുടെയും റിസോഴ്സ് ടീമിന്റെയും സംയുക്തയോഗം സൂം പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. രൂപതയിലെ എല്ലാ ഫൊറോന സമിതികളുടെയും നേതൃത്വത്തിൽ ഇടവകയിൽനിന്നുള്ള കുടുംബക്കൂട്ടായ്മ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ ദിവസവും കരുണക്കൊന്തചൊല്ലി താഴെ കൊടുത്തിരിക്കുന്ന നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു.

നിയോഗങ്ങൾ

1. കോവിഡ് മഹാമാരിയിൽനിന്നു മോചനം ലഭിക്കുവാൻ.
2. സീറോ മലബാർ സഭയുടെ സിനഡ് പിതാക്കന്മാരുടെ നിയോഗങ്ങൾക്കായി.
3. ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷന്റെ റിപ്പോർട്ടിലൂടെ ക്രൈസ്തവ സമൂഹത്തിന് നീതി ലഭിക്കുവാൻ.

എല്ലാ ഫൊറോനാകളിലും മുൻകൂട്ടി നിശ്ചയിച്ച് അറിയിക്കുന്ന സമയങ്ങളിൽ അവരവരുടെ ഭവനങ്ങളിൽ ഇരുന്ന് കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്കുകയും ആഴ്ചയിലൊരു ദിവസം ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഒത്തുകൂടി പ്രാർത്ഥിക്കുകയും ചെയ്തു വരുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക കോഴ്സ്**

**1. സർട്ടിഫിക്കറ്റ്**

**ആഗസ്റ്റ് മാസത്തെ ഓൺലൈൻ** വിവാഹ ഒരുക്ക കോഴ്സിൽ 171 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

2021 സെപ്റ്റംബർ മാസത്തെ ഓൺലൈൻ കോഴ്സിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് കോഴ്സ് 2021 സെപ്റ്റംബർ 30 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.

### 3. Grand Parents Day

ജൂലൈ മാസം 25-ാം തീയതി 'Grand Parents Day' Zoom Meeting വഴി നടത്തി. മാർപാപ്പയുടെ ആഹ്വാനപ്രകാരം 25-ാം തീയതി **Grand Parents** ദിനാചരണം നടത്തിയത്. രാവിലെ പത്ത് മണിക്ക് **Zoom** ൽ കൂടിയ യോഗത്തിൽ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. മാർ ജോസഫ് പള്ളിക്കാപറമ്പിലാണ് യോഗം ഉദ്ഘാടനം ചെയ്ത് റവ. ഡോ. കുര്യൻ മറ്റം **Grand Parents day** യുടെ സന്ദേശം നല്കി. 386 കുടുംബങ്ങളിൽ നിന്നുള്ളവർ മീറ്റിങ്ങിൽ സംബന്ധിച്ചു.

**4. സന്തുഷ്ടകുടുംബപദ്ധതി**

കൂടുതൽ മക്കളുള്ള കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ട കുടുംബപദ്ധതി ആരംഭിച്ചു. 2000-മാണ്ടിനുശേഷം വിവാഹിതരായ പാലാ രൂപതാംഗങ്ങളായ ദമ്പതികൾക്ക് അഞ്ചോ അതിൽ കൂടുതലോ കുട്ടികളുണ്ടെങ്കിൽ ഓരോ മാസവും 1500 രൂപയുടെ സാമ്പത്തികസഹായം 2021 ആഗസ്റ്റ് മാസം മുതൽ നല്കുന്നു. പ്രസ്തുത പദ്ധതിയിൽനിന്നും സഹായം ആവശ്യമുള്ളവർ ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടിയ അപേക്ഷ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**5. വെബ് സൈറ്റ് ഉദ്ഘാടനം**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ പുതിയ വെബ്സൈറ്റ് ഓഗസ്റ്റ് 9-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ടു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവഹിച്ചു. **Marriage Preparation Retreat** രജിസ്റ്റർ ചെയ്യുന്നതിനും പങ്കെടുക്കുന്നതും ഇനിമുതൽ **www.familyapostolatepalai.in** എന്ന **site** ആണ് ഉപയോഗിക്കേണ്ടത്.

**6.** ജീവന്റെ സംരക്ഷണത്തിനും പോഷണത്തിനുമായി പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നടത്തിയ ചില പ്രഖ്യാപനങ്ങളുടെ പേരിൽ സാമൂഹ്യമാധ്യമങ്ങളിൽ രൂപതയെ അവഹേളിക്കുന്ന തരത്തിലുള്ള പ്രസ്താവനകളെയും ചർച്ചകളെയും ഫാമിലി അപ്പോസ്തലേറ്റ് അപലപിച്ചു. യോഗത്തിൽ മാതൃ-പിതൃവേദിയുടെയും പ്രോലൈഫ് സമിതിയുടെയും രൂപതാസമിതി അംഗങ്ങൾ സംബന്ധിച്ചു.

## B. പിതൃവേദി

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് ആഗസ്റ്റ് 12-ാം തീയതി സൂം മീറ്റിങ് വഴി നടത്തി. പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തു.

## C. മാതൃവേദി

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ആഗസ്റ്റ് മാസം 16-ാം തീയതി മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് സൂം മീറ്റിങ് വഴി നടത്തി.

## D. പ്രോലൈഫ് സമിതി

### 1. ജീവന്റെ സംരക്ഷണദിനം

ഭാരതത്തിൽ MTP Act ( Medical Termination of Pregnancy Act) നിലവിൻ വന്നതിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് കെസിബിസി ജീവന്റെ സംരക്ഷണദിനമായി ആചരിച്ചു. MTP Act ലൂടെ നിയമവിധേയമാക്കിയ ഗർഭച്ഛിദ്രത്തെക്കുറിച്ച് ചിന്തിക്കുവാനും ദൈവകരുണ യാചിക്കുവാനുമാണ് ദിനാചരണം നടത്തിയത്. അന്നു വൈകുന്നേരം 5 മണിക്ക് പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ Online Platform ൽ പ്രാർത്ഥനാശുശ്രൂഷ നടത്തി.

## E. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക മാട്രിമോണിയലിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

### 2. ഡയറക്ടേഴ്സ് മീറ്റിങ്

സീറോ മലബാർ മാട്രിമണിയിലെ വിവിധ രൂപതകളിലെ മാട്രിമണി ഡയറക്ടർമാരുടെ മീറ്റിങ്ങ് നടത്തപ്പെട്ടു. ഡയറക്ടർ സംബന്ധിച്ച് സീറോ മലബാർ മാട്രിമണിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും കൂടുതൽ Profiles ശേഖരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

### 3. കോർ കമ്മിറ്റി മീറ്റിങ്

സീറോ മലബാർ മാട്രിമണിയുടെ കോർ കമ്മിറ്റി മീറ്റിങ്ങിൽ പാലാ മാട്രിമണിയുടെ ഡയറക്ടർ ഫാ. ജോസ് കുറ്റിയാങ്കൽ സംബന്ധിച്ചു.

## F. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി ജൂലൈ മാസത്തിൽ **മോനിപ്പള്ളി** ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**നിവേദനം നല്കി.**

ക്രിസ്ത്യൻ പിന്നാക്കാവസ്ഥ പഠിക്കുന്നതിനു നിയമിക്കപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മിഷനു കത്തോലിക്ക കോൺഗ്രസ്സ് പാല രൂപത കമ്മിറ്റിയുടെ നിവേദനം കമ്മിഷൻ ഓഫീസിൽ വച്ച് ചെയർമാൻ ജസ്റ്റിസ് ജെ.ബി. കോശിക്കും മെമ്പർ ഡോ. ക്രിസ്റ്റി ഫെർണാൻഡസ് ഐ.എ.എസിനും പ്രസിഡന്റ് എമ്മാനുവൽ നിധീരിയും ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേലും ജനറൽ സെക്രട്ടറി ജോസ് വട്ടുകുളവും ട്രഷറർ അഡ്വ. ജോൺസൺ വീട്ടിയാങ്കലുംകൂടി നല്കി.

**കാർഷിക സെമിനാർ**

കാർഷികമേഖലയിലെ മനുഷ്യാവകാശലംഘനങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി കത്തോലിക്ക കോൺഗ്രസ് രൂപത കമ്മിറ്റിയും വൈ.എം.സി.എ.യും ചേർന്നു സെമിനാർ നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാടിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ജസ്റ്റിസ് ജെ.ബി.കോശി ഉദ്ഘാടനം ചെയ്തു. കർഷകരില്ലാതെ സമൂഹത്തിനു നിലനിൽപ്പില്ലെന്നും ഏറ്റവും മാന്യമായ തൊഴിലാണ് കാർഷികവൃത്തിയെന്നും ഉദ്ഘാടനപ്രസംഗത്തിൽ ജസ്റ്റിസ് അഭിപ്രായപ്പെട്ടു. കൃഷിയിടത്തിൽ വിജയിക്കുന്ന കർഷകൻ വിപണിയിൽ പരാജയപ്പെടുകയാണെന്നും കാർഷിക ഉത്പന്നങ്ങൾക്ക് സ്ഥിരമായി ന്യായവില ലഭിക്കാൻ അധികൃതർ നടപടി സ്വീകരിക്കണമെന്നും അഭിവന്ദ്യപിതാവ് അഭിപ്രായപ്പെട്ടു. കർഷകരും മനുഷ്യാവകാശലംഘനവും എന്നെ വിഷയത്തെ സംബന്ധിച്ച് അഡ്വ. ജോൺസൺ വീട്ടിയാങ്കൽ സെമിനാർ നയിച്ചു. ഇമ്മാനുവൽ നിധീരി, ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, സാജു അലൻ, വൈ.എം.സി.എ. നേതാക്കൾ എന്നിവർ സംസാരിച്ചു.

**അടുക്കളത്തോട്ടം മത്സരം 2021**

**വിത്തുവിതരണ ഉദ്ഘാടനം**

രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന അടുക്കളത്തോട്ട മത്സരത്തിന്റെ വിത്തുവിതരണ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. പാലാ സോണിലെ ഫൊറോന പ്രസിഡന്റുമാർക്ക് വിത്തു പായ്ക്കറ്റുകൾ നല്കിക്കൊണ്ടാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. യോഗത്തിൽ പ്രസിഡന്റ് എമ്മാനുവൽ ജോൺ നിധീരി അധ്യക്ഷത വഹിച്ച് ഡോ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ കത്തിഡ്രൽ വികാരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ജോസ് വട്ടുകുളം, സി.എം. ജോർജ്, ആൻസമ്മ സാബു, സാജു അലൻ എന്നിവർ സംസാരിച്ചു. ചേർപ്പുങ്കൽ, പാലാ, രാമപുരം, ഭരണങ്ങാനം, പ്രവിത്താനം ഫൊറോന, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

**അടുക്കളത്തോട്ടം മത്സരം 2021**

സമ്മാനങ്ങൾ

ഒന്നാം സമ്മാനം 10,000 രൂപ
രണ്ടാം സമ്മാനം 5000 രൂപ
മൂന്നാം സമ്മാനം 3000 രൂപ
നാലാം സമ്മാനം 2000 രൂപ
അഞ്ചാം സമ്മാനം 1500 രൂപ

നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വിഷം കലർന്ന, മായം ചേർന്ന പച്ചക്കറികളെ ഉപേക്ഷിക്കുന്നതിനും അതുവഴി കുടുംബബഡ്ജറ്റ് ക്രമീകരിക്കുന്നതിനും അതിനോടൊപ്പം കുടുംബകൃഷി എന്ന ആശയം പ്രചരിക്കുന്നതിനും കത്തോലിക്കാ കോൺഗ്രസ് രൂപതയിലെ മുഴുവൻ ഇടവകകളെയും പങ്കെടുപ്പിച്ചുകൊണ്ട് അടുക്കളത്തോട്ടം മത്സരം 2021 സംഘടിപ്പിക്കുന്നു.

**നിബന്ധനകൾ**

ഇടവകതലത്തിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുന്നു.

ഇടവകയിൽനിന്ന് 1 ഉം, 2 ഉം, സ്ഥാനം കിട്ടുന്നവർക്ക് ഫൊറോന തലത്തിൽ മത്സരിക്കാം. ഫൊറോനയിൽനിന്ന് 1 ഉം, 2 ഉം സ്ഥാനം കിട്ടുന്നവർക്ക് രൂപതയിൽ മത്സരിക്കാം.

മത്സരത്തിന് താഴെ പറയുന്ന പച്ചക്കറിയിനങ്ങളിൽ മിനിമം ഏഴ് ഇനവും മാക്സിമം പത്ത് ഇനവും മാത്രമേ പരിഗണിക്കുകയുള്ളൂ.

പയർ, പാവൽ, വെണ്ട, ചീര, വഴുതന, മുളക്, പീച്ചിൽ, ചുര, പടവലം, കോവൽ, തക്കാളി, മല്ലി, കുക്കുംബർ, വെള്ളരി, കാബേജ്, ബീൻസ്, കോളിഫ്ളവർ, അടതാപ്പ്, മുരിങ്ങ, തഴുതാമ.

**മാർക്ക് ഇടീൽ തീയതികൾ**

യൂണിറ്റ് തലത്തിൽ നവംബർ 19-20 തീയതികളിൽ
ഫൊറോന തലത്തിൽ നവംബർ 22-23 തീയതികളിൽ
രൂപതാ തലത്തിൽ നവംബർ 25, 26, 27, 28 തീയതികളിൽ

**മത്സരത്തിന്റെ മാർക്ക് വിഭജനരീതി**

പുഷ്ടിമ/കരുത്ത് 40%
ഫലദായകത്വം 40%
ക്രമീകരണ മികവ് 20%

**ക്ഷേമപദ്ധതികൾ ആശ്വാസകരം**

കുടുംബവർഷം പ്രമാണിച്ച് പാലാരൂപത പ്രഖ്യാപിച്ച് ക്ഷേമപദ്ധതികൾ കുടുംബങ്ങൾക്ക് ആശ്വാസകരമായാണ് രൂപത കമ്മറ്റി. അഭിപ്രായപ്പെട്ടു. പാലാരൂപത നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾക്കു പൂർണപിന്തുണ നൽകാനും

പങ്കാളികളാകാനും നേതൃയോഗം തീരുമാനിച്ചു. സമ്മേളനം കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി അദ്ധ്യക്ഷത വഹിച്ചു. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം തുടങ്ങി എല്ലാ ഭാരവാഹികളും സംസാരിച്ചു.

**നിവേദനം നല്കി**

സർക്കാർ ഉത്തരവിൽ റോമൻ കത്തോലിക്ക് സിറിയൻ ക്രിസ്ത്യൻ എന്നതിനു പകരം സീറോമലബാർ ക്രിസ്ത്യൻ എന്ന് ചേർത്തിട്ടുള്ളതിനാൽ വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസുകളെ സമീപിക്കുന്നവർക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നതുകൊണ്ട് സർക്കാർ ഉത്തരവിൽ ചേർത്തിട്ടുള്ള സീറോ മലബാർ ക്രിസ്ത്യനും ആർ.സി.എസ്.സി.യും ഒന്നാണെന്ന് സ്പഷ്ടീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രൂപത സമിതി മുഖ്യമന്ത്രിക്ക് നിവേദനം നല്കി.

**അരുവിത്തറ സോൺ വിത്തുവിതരണം**

അടുക്കളത്തോട്ട മത്സരത്തിൽ പങ്കെടുക്കുന്ന അരുവിത്തറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ എന്നീ ഫൊറോനയിലുള്ള യൂണിറ്റുകൾക്കുള്ള വിത്തുവിതരണം അരുവിത്തുറ ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ നിർവ്വഹിച്ചു. സമ്മേളനത്തിൽ ഫൊറോന പ്രസിഡന്റ് ജയ്സൺ ജേക്കബ് കൊട്ടുകാപ്പള്ളി അധ്യക്ഷത വഹിച്ച് ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, റ്റോമി കണ്ണിറ്റുമ്യാലി, രൂപത ഫൊറോന യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

**പ്രസംഗമത്സരം**

മൂലമറ്റം ഫൊറോനസമിതിയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി ഓൺലൈൻ പ്രസംഗമത്സരം നടത്തി. സമ്മാനദാനം, രൂപത ഡയറക്ടർ ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവ്വഹിച്ചു. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകളും വിജയികൾക്ക് ക്യാഷ് അവാർഡും നല്കി. അസി. വികാരി ഫാ. സെബാസ്റ്റ്യൻ പേണ്ടാനം അദ്ധ്യക്ഷത വഹിച്ചു. രൂപത, ഫൊറോന ഭാരവാഹികൾ പങ്കെടുത്തു.

**ഫൊറോന കമ്മിറ്റി യോഗങ്ങൾ**

**മുട്ടുചിറ**

ഫൊറോന കമ്മിറ്റി യോഗം വികാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് തോമസ് അരുകുഴിപ്പിൽ അദ്ധ്യക്ഷത വഹിച്ചു. ആൻസമ്മ സാബു, രാജ് നെടുമറ്റം, രാജ് അരുവിക്കുഴിയിൽ എന്നിവർ സംസാരിച്ചു.

**കുറവിലങ്ങാട്**

കുറവിലങ്ങാട് ഫൊറോന കമ്മറ്റി പ്രസിഡന്റ് ഡോ. നിതീഷ് മാത്യു നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഡയറക്ടർ ആർച്ച് പ്രീസ്റ്റ് അഗസ്റ്റിൻ കുട്ടിയാനി സമ്മേളനം ഉദ്ഘാടനം ചെയ്തു. മേഖല സെക്രട്ടറി സെബാസ്റ്റ്യൻ, യൂണിറ്റുഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**പുതിയ യൂണിറ്റ് ഉദ്ഘാടനങ്ങൾ**

എടാട്

മൂലമറ്റം ഫൊറോനയിലെ എടാട് ഇടവകയിൽ പുതിയ യൂണിറ്റ് ഫാ. കുര്യാക്കോസ് പുളിന്താനത്ത് ഉദ്ഘാടനം ചെയ്തു. ഫ്രാൻസിസ് കരിമ്പാനി, അജിൻ പനച്ചിക്കൽ, സണ്ണി മാളിയേക്കൽ, കോസ് മൈലുങ്കൽ, റിനു ചിറയിൽ എന്നിവർ സംസാരിച്ചു.

**തുടങ്ങനാട്**

തുടങ്ങനാട് യൂണിറ്റിന്റെ ഉദ്ഘാടനം ഫാ. ജോൺ കുറ്റാരപ്പള്ളി നിർവ്വഹിച്ചു. എം.എം. ജേക്കബ്, ഫ്രാൻസിസ് കരിമ്പാനി, ജിസ്മോൻ നെല്ലൻകുഴിയിൽ, ജോസഫ് മിറ്റത്തിലാനി എന്നിവർ സംസാരിച്ചു.

**കാക്കൊമ്പ്**

കാക്കൊമ്പ് യൂണിറ്റിന്റെ ഉദ്ഘാടനം ഫാ. ജീവൻ കളദിക്കാട്ട് നിർവ്വഹിച്ചു. രൂപത സെക്രട്ടറി ഫ്രാൻസിസ് കരിമ്പാനി ജോസഫ് മിറ്റത്തിലാനി, ജോസ്മോൻ നെല്ലൻകുഴി, സിംജ അവിര എന്നിവർ സംസാരിച്ചു.

**നീലൂർ**

നീലൂർ യൂണിറ്റിന്റെ ഉദ്ഘാടനം ഫാ. ജോർജ് മടുക്കാവിൽ നിർവ്വഹിച്ചു. ഫാ. ജോസഫ്, എം.എം. ജേക്കബ് മുണ്ടയ്ക്കൽ, ജിസ്മോൻ നെല്ലൻകുഴിയിൽ, ജോസഫ് മിറ്റത്തിലാനി എന്നിവർ സംസാരിച്ചു.

**സ്മാർട്ട് ഫോണുകൾ വിതരണം ചെയ്തു.**

കത്തോലിക്കാ കോൺഗ്രസ്സ് കടുത്തുരുത്തി ഫൊറോന താഴത്തുപള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ സ്മാർട്ട്ഫോണുകൾ കുട്ടികൾക്കു വിതരണം ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ, മേഖല പ്രസിഡന്റ് സന്തോഷ് നടുപ്പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ ചാമക്കാല എന്നിവർ സംസാരിച്ചു.

**അഭിനന്ദിച്ചു**

സഭാതാരവും കത്തോലിക്കാ കോൺഗ്രസ് മുൻ പ്രസിഡന്റുമായ ജോൺ കച്ചിറമറ്റം പ്രൊഫ. ഐ.സി. ചാക്കോ അവാർഡിന് അർഹനായതിൽ രൂപത കമ്മറ്റി അഭിനന്ദിച്ചു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**ഓണച്ചന്ത ഉദ്ഘാടനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഓണവിപണി സംഘടിപ്പിച്ച വട്ടവടയിൽനിന്ന് കാരറ്റ്, കാബേജ്, ഉരുളക്കിഴങ്ങ്, സബോള, മുരിങ്ങാക്കായ്, മറയൂർ ശർക്കര, നാടൻ തേങ്ങ, കർഷകരുടെ ചേന, ഏത്തക്കുല, പച്ചക്കറി മുതലായവ മാർക്കറ്റ് വിലയിൽ താഴെ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ ഓണവിപണി സംഘടിപ്പിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ മാണി

സി. കാപ്പൻ എം.എൽ.എ. ഉദ്ഘാടനം നിർവഹിക്കുകയും മുനിസിപ്പൽ കൗൺസിലർ പി.സി. പ്രിൻസ് ഏറ്റുവാങ്ങുകയും ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഡാന്റീസ് കൂനാനിക്കൽ, സിബി കണിയാമ്പടി, പി.വി. ജോർജ് സാജു വടക്കേൽ, ബ്രദർ ജിബിൻ കന്നുതൊട്ടിയിൽ, റ്റിജോ, ജെയ്സി മാത്യു, ആലീസ് ജോർജ്, സിൽവി തങ്കച്ചൻ വട്ടക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**കർഷക ഓപ്പൺ മാർക്കറ്റ് ഉദ്ഘാടനം ചെയ്തു.**

കടനാട്, ഒരുമ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലപ്പള്ളിയിൽ ആരംഭിച്ച കർഷക സൂപ്പർ മാർക്കറ്റിന്റെ ഉദ്ഘാടനം സോൺ രക്ഷാധികാരി ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുരയുടെ അധ്യക്ഷതയിൽ മാണി സി. കാപ്പൻ എം.എൽ. എ. ഉദ്ഘാടനം ചെയ്തു. ആദ്യവില്പന പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ രാജേഷ് വാളിപ്ലാക്കൽ, കടനാട് പഞ്ചായത്ത് പ്രസിഡന്റ് ഉഷ രാജു, പഞ്ചായത്തുമെമ്പർമാർ തുടങ്ങിയവർ പ്രസംഗിച്ചു.

**പായസമേള ഉദ്ഘാടനം**

അഗ്രിമ കർഷക ഓപ്പൺമാർക്കറ്റിൽ ഓണനാളുകളിൽ പായസമേള സംഘടിപ്പിച്ചു പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ മാണി സി. കാപ്പൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. നബാർഡ് ജില്ലാ മാനേജർ റെജി വർഗീസിൽനിന്ന് കൗൺസിലർ പി.സി. പ്രിൻസ് ആദ്യവില്പന ഏറ്റുവാങ്ങി. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഡാന്റീസ് കൂനാനിക്കൽ, സിബി കണിയാംമ്പടി, ബ്രദർ ജിബിൻ കന്നുതൊട്ടിയിൽ, ജോയി വട്ടക്കുന്നേൽ, പി.വി. ജോർജ്, സാജു വടക്കേൽ, റ്റിജോ ജെയ്സി മാത്യു, സിൽവിയ തങ്കച്ചൻ, ആലീസ് ജോർജ്, ജോസുകുട്ടി അമൽ തുടങ്ങിയവർ പ്രസംഗിച്ചു.

**പുതിയ എസ്.എച്ച്.ജി. രൂപീകരണം**

പ്രവിത്താനം, വേദഗിരി, പെരിങ്ങുളം, മൂലമറ്റം എന്നീ സ്ഥലങ്ങളിൽ പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ നേതൃത്വത്തിൽ ഗ്രൂപ്പു രൂപീകരണ സെമിനാർ നടത്തപ്പെട്ടു.

**ഫുഡ് പ്രോസസിംഗ് ഫാക്ടറി ഉദ്ഘാടനം**

മാൻവെട്ടം ഫാർമർ പ്രോഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ ഫുഡ് പ്രോസസിംഗ് ഫാക്ടറിയുടെ വെഞ്ചരിപ്പ് കർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. ഫുഡ് പ്രോജക്ട് ഉദ്ഘാടനം പിതാവിന്റെ അധ്യക്ഷതയിൽ അഡ്വ. മോൻസ് ജോസഫ് എം.എൽ.എ. നിർവഹിക്കുകയും വികാരി ജനറാൾ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ അനുഗ്രഹപ്രഭാഷണവും പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും മാൻവെട്ടം പള്ളി വികാരി ഫാ. സൈറസ് വേലംപറമ്പിൽ ആമുഖസന്ദേശവും നൽകി. ബ്ലോക്ക്, പഞ്ചായത്ത്, മെമ്പർമാർ ആശംസകളർപ്പിച്ചു. സോൺ കോർഡിനേറ്റർ ഷിജി മാത്യു, മെർളിൻ, റ്റിജോ തുടങ്ങിയവർ സംബന്ധിച്ചു.

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ റൂബി ജൂബിലി ആഘോഷ വുമായി ബന്ധപ്പെട്ട് പി.എസ്.ഡബ്ല്യു.എസ്. നേരിട്ട് വേരിലേക്കു പരിമിതമായി വെള്ളവും നൽകി പരിചരിക്കുന്ന നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് അഞ്ച് വൃക്ഷങ്ങൾ സാന്തോം അഗ്രോ പ്രോഡ്യൂസർ കമ്പനി കോമ്പൗണ്ടിൽ ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ എന്നിവരുടെ നേതൃത്വത്തിൽ നട്ടു.

**ശീതകാല പച്ചക്കറിത്തൈവിതരണം**

സെപ്തംബർ 15 മുതൽ നവമ്പർ 30 വരെ അഗ്രിമ ഓപ്പൺ മാർക്കറ്റിൽ വച്ച് ശീതകാല പച്ചക്കറിത്തൈകൾ കാബേജ്, കോളിഫ്ളവർ, ക്യാപ്സിക്കം, ബ്രോക്കോളി, തക്കാളി, പയർ, പാവൽ, വെണ്ട, വഴുതന, ചീനി മുതലായ വിതരണം ചെയ്യും.

**ഹൈടെക് കൂട് വിതരണം**

കോഴി, കാട, മുയൽ തീറ്റയും വെള്ളവും പ്രത്യേകമായി ആവശ്യാനുസരണം ലഭ്യമാക്കുന്ന ഹൈടെക് കൂടുകളുടെ വിതരണം നടത്തിവരുന്നു.

**മുട്ടക്കോഴി വിതരണം**

ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം സെപ്തംബർ ആദ്യവാരം അഗ്രിമ ഓപ്പൺ മാർക്കറ്റിൽ വച്ച് നടത്തപ്പെടും.

**സൗജന്യ കശുമാവിൻതൈ വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കശുമാവ് വികസന ഏജൻസിയുമായി സഹകരിച്ച് 5000 കശുമാവിൻതൈകൾ പറത്താനം പള്ളി കോമ്പൗണ്ടിൽ വച്ച് വിതരണം ചെയ്തു. പറത്താനം പള്ളി വികാരി ഫാ. ജോസഫ് അറയ്ക്കലിന്റെ അധ്യക്ഷതയിൽ കൂട്ടിക്കൽ പഞ്ചായത്ത് പ്രസിഡന്റ് സജിമോൻ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും കാഞ്ഞിരപ്പള്ളി ബ്ലോക്ക് വൈസ് പ്രസിഡന്റ് അഡ്വ. സാജൻ കുന്നത്ത്, കൂട്ടിക്കൽ പഞ്ചായത്ത് മെമ്പർ ബോബച്ചൻ മടിക്കാങ്കൽ പി.എസ്.ഡബ്ല്യു.എസ്. സ്റ്റാഫ് സെക്രട്ടറി ജോയി മടിക്കാങ്കൽ സോൺ കോർഡിനേറ്റർ സെലിൻ ജോർജ് വെങ്ങാലൂർ, ജെയ്മോൻ മേലുക്കുന്നേൽ തുടങ്ങിയവർ ആശംസകളർപ്പിക്കുകയും ചെയ്തു.

**സോൺ അവലോകനം**

ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിച്ച് പാലാ, രാമപുരം, ചേർപ്പുങ്കൽ, കുറവിലങ്ങാട്, കോതനല്ലൂർ, ഇലഞ്ഞി, തീക്കോയി, അരുവിത്തുറ, കൂട്ടിക്കൽ, ഭരണങ്ങാനം, മൂലമറ്റം, പ്രവിത്താനം സോണുകളുടെ നേതൃത്വത്തിൽ അവലോകനം നടത്തപ്പെട്ടു. ഫാ. തോമസ് കിഴക്കേൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഡാന്റീസ് കൂനാനിക്കൽ, അതാത് സോൺ ഡയറക്ടർമാർ സോൺ കോർഡിനേറ്റർമാർ എസ്.എസ്. ഡയറക്ടർമാർ എന്നിവർ ക്ലാസ് നയിക്കുകയും പ്രസംഗിക്കുകയും ചെയ്തു. അലീന മാത്യു, ലിറ്റി സന്തോഷ്, മെർളിൻ ജെയിംസ്, പി.വി. ജോർജ്, സിബി കണിയാംപടി തുടങ്ങിയവർ നേതൃത്വം നൽകി.

**കാട്ടുകടുക്കത്തൈ വിതരണത്തിന്**

വളരെവേഗം വളർന്ന് വലുതാകുന്ന പാഴ്ത്തടിവർഗ്ഗത്തിൽപെട്ട കാട്ടുകടുക്കത്തൈകൾ അഗ്രിമ നഴ്സറിയിൽ വിതരണം ചെയ്തുവരുന്നു.

**ആശാകിരണം -** റിസോഴ്സ് ടീം ട്രെയിനിംഗ്

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി റിസോഴ്സ് ടീം അംഗങ്ങൾക്കായി പരിശീലനപരിപാടി സംഘടിപ്പിച്ചു. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ പരിപാടി ഉദ്ഘാടനം ചെയ്തു. ആശാകിരണം പ്രോജക്ട് ഓഫീസർ ശ്രീമതി സിബി പൗലോസ് മുഖ്യപ്രഭാഷണം നടത്തി. ആശാകിരണം പ്രോജക്ട് കോർഡിനേറ്റർ ലിറ്റി സന്തോഷ്, ലിജി ജോൺ എന്നിവർ പ്രസംഗിച്ചു.

**കാരിത്താസ് സൗജന്യ മെഡിക്കൽ കിറ്റ് വിതരണം**

കാരിത്താസ് ഇന്ത്യയുടെ നവജീവൻ പദ്ധതിയുടെ ഭാഗമായി തീക്കോയി പഞ്ചായത്തിലെയും പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെയും ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കും വാർഡ് മെമ്പറുകൾക്കുമുള്ള സൗജന്യമെഡിക്കൽകിറ്റിന്റെ വിതരണം നടത്തി. തീക്കോയി പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി കവിത രഞ്ജിത്തിന്റെ അധ്യക്ഷതയിൽ അസി. വികാരി ഫാ. മാത്യു വളയംപള്ളി വിതരണോദ്ഘാടനം നടത്തി. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ ഫാ. മാത്യു പീടികയിൽ പരിപാടി ഉദ്ഘാടനം നിർവഹിച്ചു. കാരിത്താസ് പ്രോജക്ട് കോർഡിനേറ്റർ ലിറ്റി സന്തോഷ്, സാജു വടക്കേൽ, ജെയ്സി മാത്യു, മെർലിൻ എന്നിവർ പ്രസംഗിച്ചു.

**ആശാകിരണം - സൗജന്യ ഭക്ഷ്യവിതരണം**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി കാൻസർ രോഗികൾക്കുവേണ്ടിയുള്ള സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം അഗ്രിമ ഓപ്പൺ മാർക്കറ്റിൽ വെച്ച് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു.

**ഇൻഫർമേഷൻ ഷെയറിംഗ് സെന്റർ (ഐ.എസ്.സി.)**

കാരിത്താസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇലഞ്ഞി മേഖലയിൽപെട്ട തിരുമാറാടി, കാക്കൂർ, സേവ്യർപുരം, ശാന്തിപുരം, ഇലഞ്ഞി, മുത്തോലപുരം, മരങ്ങോലി, പെരിയപ്പുറം, പിറവം, കൂത്താട്ടുകുളം എന്നീ സ്ഥലങ്ങളിലുള്ളവർക്കായി വാക്സിൻ രജിസ്ട്രേഷൻ, ടെലി കൗൺസിലിംഗ് കോവിഡ് കെയർ സെന്റർ, ആശുപത്രി സൗകര്യങ്ങൾ, ആംബുലൻസ് സൗകര്യം തുടങ്ങി കോവിഡിനോടനുബന്ധിച്ചുള്ള ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി ഇൻഫർമേഷൻ ഷെയറിംഗ് സെന്റർ ആരംഭിച്ചു. സെന്ററിന്റെ ഉദ്ഘാടനം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കലിന്റെ അധ്യക്ഷതയിൽ നിർവഹിച്ചു. ശ്രീമതി ലിറ്റി സന്തോഷ്, ശ്രീമതി മെർലിൻ ജെയിംസ്, അലീന മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

**കുടുംബോദ്ധാരണ ഫണ്ട് വിതരണം**

സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുടെ സഹായത്താൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി 234 കുടുംബങ്ങൾക്ക് എല്ലാമാസവും നൽകിവരുന്ന സാമ്പത്തിക സഹായം 180 കുടുംബങ്ങൾ കൈപ്പറ്റിയിരിക്കുന്നു.

**ജൈവകൃഷി സെമിനാർ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഓർഗാനിക് വളനിർമാണം, വളപ്രയോഗം, പ്രതിരോധമാർഗങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്കരണം സംഘടിപ്പിച്ചു. ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ റെജി വർഗീസ് ക്ലാസ് നയിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**ഡി.സി.എം.എസ് പാലാ രൂപത സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

കഴിഞ്ഞ വർഷം (2020 - 2021) എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പിജി, വേദപാഠം (പ്ലസ്സ് ടു) ഇതര കോഴ്സുകൾ എന്നിവയിൽ 60% ൽ കൂടുതൽ മാർക്ക് വാങ്ങിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് ഡി.സി.എം.എസ്. പാലാ രൂപത സമിതിയുടെ നേതൃത്വത്തിലുള്ള സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. സ്കോളർഷിപ്പിന് അർഹരായവർ അപേക്ഷ ഫോറം പൂരിപ്പിച്ച് മാർക്ക് ലിസ്റ്റ് സഹിതം വികാരിയച്ചന്റെയും യൂണിറ്റ് പ്രസിഡന്റിന്റെയും സാക്ഷിപ്പോടുകൂടി സെപ്റ്റംബർ 30 നകം രൂപത ഓഫീസിൽ നൽകേണ്ടതാണ്.

**KCBC സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

കേരള കത്തോലിക്കാ മെത്രാൻ സിമിതി ദലിത് - പിന്നാക്ക വിഭാഗവികസന കമ്മീഷൻ (KCBC SC/ST/BC COMMISSION) നൽകുന്ന സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. 2021 അധ്യയനവർഷം പാസ്സായ കുട്ടികൾക്കാണ് സ്കോളർഷിപ്പ്.

SSLC - 80%, plus two - 70%

UG, PG, Bsc Nursing, Engineering, Medicine - 60%

മാർക്ക് വാങ്ങി പാസ്സായ ദലിത് കത്തോലിക്കാ കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫോറം 2021 സെപ്റ്റംബർ 30 നു മുമ്പ് താഴെപ്പറയുന്ന അഡ്രസ്സിൽ ലഭിച്ചിരിക്കണം. അപേക്ഷാഫോറം ബഹു. രൂപത ഡയറക്ടറച്ചന്റെ പക്കൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകളെല്ലാം രൂപതാ ഡയറക്ടർ ശേഖരിച്ച്, സാക്ഷ്യപ്പെടുത്തി അവ ഒരുമിച്ച് അയച്ചുതരേണ്ടതാണ്. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ആവശ്യമെങ്കിൽ സ്കോളർഷിപ്പ് ബാങ്ക് വഴി നൽകാൻ അപേക്ഷകന്റെ/യുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾകൂടെ നിർബന്ധമായും ഉൾപ്പെടുത്തേതാണ്.

**PSC Coaching, Entrance Coaching പഠന ക്ലാസ്സുകൾ**

K.C.B.C SC/ST/BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ 10-ാം ക്ലാസ്സ് കഴിഞ്ഞ ദലിത് കത്തോലിക്കാ കുട്ടികൾക്കായി എൻട്രൻസ് കോച്ചിങ്, എസ്.എസ്.എൽ.സി/പ്ലസ്ടു/ഡിഗ്രി കഴിഞ്ഞവർക്ക് പി.എസ്.സി കോച്ചിങ് ക്ലാസ്സുകൾ ഫീസ് ഇളവോടുകൂടി സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്നതാണ്. ബ്രില്ല്യന്റ് കോച്ചിങ് സെന്ററിന്റെയും ലാലച്ചൻസ് അക്കാദമിയുടെയും നേതത്വത്തിൽ ഓൺലൈനായി ക്ലാസ്സ് നടത്തുന്നതാണ്. താത്പര്യമുള്ളവർ ആഗസ്റ്റ് 31 നകം ഡി.സി.എം.എസ് രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഡി.സി.എം.എസ് പാലാ രൂപതാ കമ്മിറ്റി**

2021 ജൂൺ 13, 14 തീയതികളിൽ ഡി.സി.എം.എസ് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപതാ കമ്മറ്റി ഓൺലൈൻ വഴികൂടി ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ സർവ്വേ, ന്യൂനപക്ഷ സ്കോളർഷിപ്പ്, കോവിഡ് ധനസഹായം, 2021 - 2024 വർഷത്തെ സംഘടന തിരഞ്ഞെടുപ്പ് എന്നിവയെക്കുറിച്ച് യോഗം ചർച്ച നടത്തി. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖ സന്ദേശം നൽകി. സെക്രട്ടറി ശ്രീ ജോണി പരമല റിപ്പോർട്ട് അവതരിപ്പിച്ചു.

**വെബിനാർ (വിഷയം - ന്യൂനപക്ഷ ക്ഷേമ വകുപ്പ്, സ്കോളർഷിപ്പ്)**

ന്യൂനപക്ഷ ക്ഷേമവകുപ്പ്, സ്കോളർഷിപ്പ് എന്ന വിഷയത്തെ അസ്പദമാക്കി 2021 ജൂൺ 19-ാം തീയതി 7.30 ന് ഡി.സി.എം.എസ് രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വെബിനാർ സംഘടിപ്പിച്ചു. പിന്നാക്കവിഭാഗവികസന വകുപ്പ് മുൻഡയറക്ടർ വി. ആർ. ജോഷി ക്ലാസ്സ് നയിച്ചു. റവ. ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ ജസ്റ്റിൻ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ശ്രീ ജോണി പരമല മോഡറേറ്റർ ആയിരുന്നു. ശ്രീ പി.ഒ പീറ്റർ, ശ്രീമതി സെലിൻ, ശ്രീമതി ബിജി സാലസ് തുടങ്ങിയവർ സംസാരിച്ചു.

**ഡി.സി.എം.എസ്. പാലാ രൂപതാ കമ്മിറ്റി**

ജസ്റ്റീസ് ജെ.ബി കോശി കമ്മീഷൻ മുമ്പാകെ നൽകുന്നതിനുള്ള നിവേദനം തയ്യാറാക്കുന്നതിനായി 2021 ജൂലൈ 8 -ാം തീയതി രാവിലെ 11 മണിക്ക് രൂപതാ കമ്മിറ്റി കൂടിചേർന്നു.

**ഡി.സി.എം.എസ്. രൂപത കൗൺസിൽ**

2021 ജൂലൈ 11 -ാം തീയതി ജസ്റ്റീസ് ജെ.ബി കോശി കമ്മീഷൻ നിവേദന ആശയങ്ങൾ പങ്കുവയ്ക്കുന്നതിനായി ഡി.സി.എം.എസ്. രൂപതാ കൗൺസിൽ യോഗം ഓൺലൈനായി കൂടി.

**എൻട്രൻസ് കോച്ചിങ് - മാതാപിതാക്കളുടെ മീറ്റിങ്**

ഡി.സി.എം.എസ് പാലാ രൂപതാസമിതിയുടെയും പാലാ ബ്രില്യന്റ് സെന്ററിന്റെയും നേതൃത്വത്തിൽ നടത്തിവരുന്ന long term എൻട്രൻസ് കോച്ചിങ്ങിൽ പങ്കെടുക്കുന്ന കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും മീറ്റിങ് 2021 ജൂലൈ 20-ാം തീയതി രാവിലെ 10 മണിക്ക് ഷാലോം പാസ്റ്റൽ

സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഡി.സി.എം.എസ് പാലാ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബ്രില്ല്യന്റ് കോച്ചിങ് സെന്റർ മാനേജിംഗ് ഡയറക്ടർ ശ്രീ സെബാസ്റ്റ്യൻ ജി. മാത്യു ഗണപതിപ്ലാക്കൽ, ശ്രീ. ജ്യോതിഷ് ജോയി മാപ്പിളക്കുന്നേൽ എന്നിവർ ക്ലാസ്സെടുത്തു.

**നിവേദനം നൽകി**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ ജസ്റ്റീസ് ജെ.ബി കോശി കമ്മീഷന് സമർപ്പിക്കുവാൻവേണ്ടി തയ്യാറാക്കിയ നിവേദനത്തിന്റെ കോപ്പി 2021 ജൂലൈ 24 ന് പാലാ രൂപതാ അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന് ഡി.സി.എം.എസ് ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു, സെക്രട്ടറി ശ്രീ ജോണി പരമല എന്നിവർ ചേർന്ന് സമർപ്പിച്ചു. എസ്.എം.വൈ.എം രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, വൈസ് പ്രസിഡന്റ് സെലിൻ ജോസഫ്, കമ്മറ്റിയംഗം മേരി എം.പി, ബിപിൻ ബേബി എന്നിവർ സന്നിഹിതരായിരുന്നു.

K.C.B.C SC/ST/BC കമ്മീഷന്റെ നേതൃത്വത്തിൽ ജസ്റ്റീസ് ജെ.ബി കോശി കമ്മീഷന് സമർപ്പിച്ച ദലിത് ക്രൈസ്തവരുടെ വിവിധ ആവശ്യങ്ങൾ അടങ്ങിയ നിവേദനത്തിന്റെ കോപ്പി 2021 ജൂലൈ 30-ാം തീയതി കെ.സി.ബി.സി പ്രസിഡന്റ് അഭിവന്ദ്യ കർദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന് SC/ST/BC കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോസ് വടക്കേക്കുറ്റ് സമർപ്പിച്ചു. എസ്.എം.വൈ.എം രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, ആൽവിൻ മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

ഡി.സി.എം.എസ് പാലാ രൂപതാ കമ്മിറ്റി തയ്യാറാക്കിയ നിവേദനം 2021 ജൂലൈ 30-ാം തീയതി രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു, സെക്രട്ടറി ശ്രീ ജോണി പരമല എന്നിവർ ചേർന്നു ജസ്റ്റീസ് ജെ.ബി കോശി കമ്മീഷൻ ഓഫീസിൽ സമർപ്പിച്ചു.

**ഫാ. ജോസഫ് കൊച്ചുപറമ്പിൽ അനുസ്മരണം**

ഡി.സി.എം.എസ് സംഘടനയുടെ രണ്ടാമത്തെ സംസ്ഥാന ഡയറക്ടറായിരുന്ന ഫാ. ജോസഫ് കൊച്ചുപറമ്പിലിന്റെ ചരമ വാർഷികദിനമായ ആഗസ്റ്റ് 3 -ാം തീയതി രാവിലെ 10 മണിക്ക് വിജയപുരം വിമലഗിരി കത്തീഡ്രൽ പള്ളിയിൽ വച്ച് സമൂഹബലിയും കബറിടത്തിങ്കൽ അനുസ്മരണപ്രാർത്ഥനയും നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ഡി.സി.എം.എസ് വിജയപുരം മുൻ രൂപതാ ഡയറക്ടർ ഫാ. ജോൺ കുന്നത്തുകുഴി എന്നിവർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് ഡി.സി.എം.എസ് സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഡി.സി.എം.എസ് സംസ്ഥാന ഡയറക്ടർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് സെലിൻ ജോസഫ്, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ദേവദാസ്, കമ്മറ്റിയംഗം ശ്രീ പി.ഒ പീറ്റർ, വിജയപുരം രൂപതാ പ്രസിഡന്റ് ശ്രീ ഷിബു, സെക്രട്ടറി ശ്രീ ടോമി എന്നിവർ സന്നിഹിതരായിരുന്നു.

**സമത്വവും സാമൂഹികനീതിയും ഉറപ്പാക്കണം**

1950 ലെ പ്രസിഡൻഷ്യൽ ഓർഡർ ഉത്തരവ് പ്രകാരം പട്ടികജാതികളിൽപ്പെട്ട ക്രൈസ്തവർക്ക് പട്ടികജാതി സംവരണം നഷ്ടപ്പെട്ടു. ഹിന്ദുമതം ഒഴിച്ചുള്ള ഇതരമത വിഭാഗങ്ങളിൽപ്പെട്ടവർക്ക് പട്ടികജാതി സംവരണം നൽകാൻ പാടില്ല എന്ന ഉത്തരവ് റദ്ദാക്കി. ഭരണഘടന അനുസൃതമായ സംവരണം എല്ലാ മതങ്ങളിലുംപ്പെട്ട പട്ടികജാതികൾക്ക് ലഭ്യമാക്കണമെന്നും എല്ലാവർക്കും 'സമത്വവും സാമൂഹ്യനീതിയും ഉറപ്പാക്കണമെന്നും' KCBC SC/ST/BC കമ്മീഷൻ ചെയർമാനും പാലാ രൂപതാ സഹായമെത്രാനുമായ അഭിവന്ദ്യ മാർ. ജേക്കബ് മുരിക്കൻ പ്രസ്താവിച്ചു.

DCMS , CDC, KCC എന്നീ സംഘടനകളുടെ സംയുക്ത ആഹ്വാനപ്രകാരം ദേശീയ വഞ്ചനാദിനത്തോടനുബന്ധിച്ച് ഡി.സി.എം.എസ് പാലാ രൂപതാ സമിതി ഓഗസ്റ്റ് 10 ന് പാലാ ഹെഡ് പോസ്റ്റ് ഓഫീസിന് മുമ്പിൽ നടത്തിയ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം KCBC SC/ST/BC കമ്മീഷൻ സെക്രട്ടറിയും ഡി.സി.എം.എസ് സംസ്ഥാന-രൂപതാ ഡയറക്ടറുമായ റവ. ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. ഡി.സി.എം.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ്, രൂപത ഓർഗനൈസർ ശ്രീ പി.ഒ പീറ്റർ, മുൻ രൂപത ഓർഗനൈസർ ശ്രീ അലോഷ്യസ് കണ്ണച്ചാകുന്നേൽ എന്നിവർ പ്രസംഗിച്ചു. ശ്രീമതി അഞ്ജലി സെബാസ്റ്റ്യൻ, കുമാരി മാനസി മാത്യു എന്നിവർ നേതൃത്വം നൽകി.

**രൂപതാ കമ്മറ്റി**

2021 ആഗസ്റ്റ് 14 -ാം തീയതി രാവിലെ 11 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ 2021 – 24 വർഷത്തെ യൂണിറ്റ്, മേഖല, രൂപതാ തിരഞ്ഞെടുപ്പ് കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി രൂപതാ കമ്മറ്റി കൂടിചേർന്നു. രൂപതാ സെക്രട്ടറി ശ്രീ ജോണി പരമല റിപ്പോർട്ട് വായിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖ സന്ദേശം നൽകി.

**എൻട്രൻസ് കോച്ചിങ് – മാതാപിതാക്കളുടെ മീറ്റിങ്**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെയും പാലാ ബ്രില്യന്റ് സെന്ററിന്റെയും നേതൃത്വത്തിൽ നടത്തിവരുന്ന long term എൻട്രൻസ് കോച്ചിങിൽ പങ്കെടുക്കുന്ന കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും മീറ്റിങ് 2021 ആഗസ്റ്റ് 23-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഡി.സി.എം.എസ് പാലാ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബ്രില്ല്യന്റ് കോച്ചിങ് സെന്റർ മാനേജിംഗ് ഡയറക്ടർ ശ്രീ സെബാസ്റ്റ്യൻ ജി മാത്യു ഗണപതിപ്ലാക്കൽ, ശ്രീ ജ്യോതിഷ് ജോയി മാപ്പിളക്കുന്നേൽ എന്നിവർ ക്ലാസ്സെടുത്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മീറ്റിങ്ങിൽ പങ്കെടുത്തു**

ആഗസ്റ്റ് 11 -ാം തിയതി മരിയസദനിൽ മീറ്റിങ്ങിൽ പങ്കെടുത്തു.

**2. മെഡിക്കൽ കിറ്റ് നൽകി**

കാരിത്താസ് ഇന്ത്യ - പി. എസ്. ഡബ്ല്യൂ. എസ് .എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ അഗതിമന്ദിരങ്ങളിലും സൈക്കോ -സോഷ്യൽ റിഹാബിലിറ്റേഷൻ സെന്ററിലും മെഡിക്കൽ കിറ്റ് നൽകി.

**3. മരുന്ന് വിതരണം**

7,9,10 തിയതികളിൽ കെയർ ഹോംസുകളിൽ മരുന്ന് വിതരണം നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. കർഷകക്ഷേമപദ്ധതി**

മാസം 5000 രൂപ പെൻഷൻ ലഭിക്കുന്ന കർഷകക്ഷേമപെൻഷൻ പദ്ധതി സെപ്റ്റംബർ 15 മുതൽ ആരംഭിക്കുന്നു.

**ആവശ്യമായ രേഖകൾ**

- കർഷകരാണെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം
- വരുമാന സർട്ടിഫിക്കറ്റ്
- ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്
- ആധാർ കാർഡ് പകർപ്പ്
- വയസ്സ് തെളിയിക്കുന്ന രേഖ(എസ്.എസ്. എൽ.സി ബുക്ക് കോപ്പി, ഐഡന്റിറ്റി കാർഡ്)
- കരം അടച്ച രസീത്
- രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
- ഫാമിലി ഡീറ്റേൽസ്.
- ഭൂമിസംബന്ധമായ വിവരം

**2. അപകട ഇൻഷ്വറൻസ് പോളിസി ആരംഭിച്ചു.**

വർഷം 300 രൂപ അടച്ച് വ്യക്തിപര അപകട ഇൻഷ്വറൻസ് പോളിസി കെ.എൽ.എം. ആരംഭിച്ചു.

**3. മറ്റ് ക്ഷേമപെൻഷനുകൾ**

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

അസംഘടിത തൊഴിലാളി ക്ഷേമനിധി

കർഷകത്തൊഴിലാളി ക്ഷേമനിധി

മോട്ടോർ തൊഴിലാളി ക്ഷേമനിധി

പ്രവാസി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ . എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275(O) , 9400661492(P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. AA മീറ്റിംഗ്**

ഓഗസ്റ്റ് 1, 8, 15, 22, 29 തിയതികളിൽ AA മീറ്റിംഗുകൾ നടന്നു. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ, ഡോ. എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

**2. പരിശീലനസെമിനാർ**

ഓഗസ്റ്റ് 31 മുതൽ സെപ്റ്റമ്പർ 3 വരെയുള്ള ഡ്രഗ് ഡി അഡിക്ഷനുമായി ബന്ധപ്പെട്ട സെമിനാറിൽ അഡാർട്ട് സെന്ററിൽനിന്ന് 5 പേർ പങ്കെടുക്കുന്നുണ്ട്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ്**

2021 ഡിസംബർ മാസത്തിൽ നടക്കുന്ന ലോഗോസ് ക്വിസ് മത്സരത്തിനുള്ള രജിസ്ട്രേഷൻ ഒക്ടോബർ മാസത്തിൽ ആരംഭിക്കും. പഠനഭാഗത്തിൽ മാറ്റമില്ല.

**2. ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് മത്സരത്തിന്റെ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. കെറിയാന**

ബൈബിൾ ഒരു വർഷംകൊണ്ട് വായിച്ചുതീർക്കുവാൻ സഹായിക്കുന്ന 'കെറിയാന'യുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. മദ്ധ്യസ്ഥപ്രാർത്ഥന**

ഓഗസ്റ്റ് 3,10,17, 24, 31 തീയതികളിൽ ഷലോം പാസ്റ്ററൽ സെന്റർ ചാപ്പലിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടന്നു. സഭയ്ക്കുവേണ്ടിയും പ്രത്യേകിച്ച് സിറോ മലബാർ

സിനഡിനുവേണ്ടിയും രൂപത നിയോഗങ്ങൾക്കായും ഇവാഞ്ചലൈസേഷൻ ശുശ്രൂഷകൾക്കുവേണ്ടിയും പ്രാർത്ഥിച്ചു. മാത്തുക്കുട്ടി മീനച്ചിൽ, റ്റോമി കിഴതടിയൂർ മുതലയവർ നേതൃത്വം നല്കി.

**2. ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥന**

ഓഗസ്റ്റ് 6, 13, 20, 27 തീയതികളിൽ പാലാ കത്തീഡ്രലിൽ ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥന നടന്നു. വി. കുർബാന, ആരാധന, ജപമാല, അനുരഞ്ജന കൂദാശ തുടങ്ങയവയ്ക്ക് ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ മാത്തുക്കുട്ടി താന്നിക്കൽ, CV ജോസഫ് ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിലിൽ ആരംഭം കുറിച്ച ട്രെയിനിങ് ഓൺലൈനായി നടത്തപ്പെട്ടുന്നു. നമ്മുടെ രൂപതയിൽനിന്ന് 15 പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**2. L.S.S (Life in Sprit Seminar)**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാന അനുഭവമാണെന്നു മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S. നമ്മുടെ രൂപത സോണിൽനിന്നും നിരവധിപേർ ഈ ട്രെയിനിങ് പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ചു. മൂന്നാമത് ബാച്ച് ശുശ്രൂഷകൾ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഏഴ് ആഴ്ചത്തെ ധ്യാനം / ധ്യാനപരിശീലനം. ആഴ്ചയിൽ രണ്ടു ദിവസം രണ്ടു മണിക്കൂർ വീതവും. കൂടാതെ എല്ലാദിവസവും തങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് അരമണിക്കൂർ ഇത്രയും മതി ഓരോരുത്തർക്കും. സൗകര്യപ്രദമായ സ്ഥലത്തിരുന്ന് zoom ൽ ഓൺലൈനായി നടത്തുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

ആത്മാവിലുള്ള ജീവിതത്തിൽ എല്ലാവരും ഒരു ഹൃദയവും ഒരു ആത്മാവുമായി ഒരുക്കുവാനുള്ള ഏഴാഴ്ച ശുശ്രൂഷകൾ. പ്രാർത്ഥിച്ചു ഉണരാൻ – വചനം പഠിച്ചു വളരാൻ – പ്രഘോഷിച്ചുയരാൻ – സ്വജീവിതംകൊണ്ട് യേശുവിനെ സാക്ഷ്യപ്പെടുത്താൻ ഓരോരുത്തരെയും സഹായിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം എല്ലാവരെയും സഹായിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ, യുവജനങ്ങൾ, ഇടവക പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സമഗ്രമായ ആത്മീയവളർച്ച ഇതിലൂടെ സാധ്യമാകുന്നു.

**3. കാരിസ് യൂത്ത് കോൺഫ്രൻസ്**

'യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം'എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവകതലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫറൻസ്. ആയിരംപേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനത്തിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCSCയുടെ യുവജന ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 80 പേർ പങ്കെടുക്കുന്നു ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കലും, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**4. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് രണ്ടു പ്രാവശ്യം ഓൺലൈനായി നടത്തി. എല്ലാ ശനിയാഴ്ചകളിലും രാവില 11 മുതൽ ഉച്ചയ്ക്ക് 12 വരെ സർവീസ് ടീം കുട്ടികൾക്കായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും മൂന്നു മണി മുതൽ നാലുമണിവരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർഥനാശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെശ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് നേതൃത്വം നൽകി.

**5. വിമലഹൃദയ പ്രതിഷ്ഠ ശുശ്രൂഷകൾ**

2021 ഓഗസ്റ്റ് 15 ന് മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച് 33 ദിവസത്തെ വിമലഹൃദയ പ്രതിഷ്ഠ ശുശ്രുഷകൾ നടത്തപ്പെട്ടു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബിയ ജോജറ്റ് എന്നിവർ നേതൃത്വം നൽകി. അനേകർ ഈ ശുശ്രൂഷയിൽ പങ്കാളികളായി.

**6. പ്രാർത്ഥനാ കൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യവും ഉള്ളതിനാൽ കർത്ത്യസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തികൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു ഒരു മണി മുതൽ നാലുവരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനാശുശ്രൂഷകൾ നടത്തപ്പെടുന്നു. ഓഗസ്റ്റ് 1 ന് ശ്രീ സെബാസ്റ്റ്യൻ തന്നിക്കൽ 8 ന് റവ.ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, 15 ന് സുനു സാജ്, പാലാ 22 ന് റവ. ഫാ. ജെയ്സൺ തുണ്ടത്തിൽ CSsR, 29 ന് സി. ജോ മേരി

MSMI എന്നിവരാണ് വചനം പങ്കുവയ്ക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തത്. രൂപത സോണൽ സേവനസമിതി ഇതിനു നേതൃത്വം നൽകുന്നു.

**7. ശിഷ്യത്വപരിശീലന കോഴ്സ്**

KCSCയുടെ നേതൃത്വത്തിൽ ആരംഭിച്ച ശിഷ്യത്വ പരിശീലനകോഴ്സിൽ നമ്മുടെ രൂപതയിൽനിന്നും അംഗങ്ങൾ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**8. കരിസ്മാറ്റിക് സെൻട്രൽ മിനിസ്ട്രി, എമ്മാവൂസ്, കൊച്ചി അറിയിപ്പുകൾ**

ഇനി മുതൽ കെ.സി .സി.ആർ.എസ്.ടി. (കേരള കാത്തലിക് കരിസ്മാറ്റിക് റിന്യൂവൽ സർവ്വീസ് ടീം) (KCCRST) അറിയപ്പെടുന്നത് കെ.സി.എസ്.സി. (KCSC) (കേരള കരിസ് സർവ്വീസ് ഓഫ് കമ്മ്യൂണിയൻ) എന്നും കെ.സി. ആർ.എസ്.ടി. ചെയർമാൻ, വൈസ് ചെയർമാൻ എന്ന് സ്ഥാനിക പേരുകൾ കെ.സി.എസ്.സി. കോ-ഓർഡിനേറ്റർ, ജോയിന്റ് കോ - ഓർഡിനേറ്റർ എന്നിങ്ങനെയും പ്രാർഥനാഗ്രൂപ്പ് ലീഡർ എന്നത് പ്രാർഥനാകൂട്ടായ്മ കോ-ഓർഡിനേറ്റർ എന്നും സോണൽ സേവനസമിതി സബ് സോണൽ സേവനസമിതി എന്നിവ യഥാക്രമം സോണൽ സർവ്വീസ് ഓഫ് കമ്മ്യൂണിയൻ, സബ് സോണൽ സർവ്വീസ് ഓഫ് കമ്മ്യൂണിയൻ എന്നിങ്ങനെയും ആയിരിക്കും. 'പരിശുദ്ധാത്മാവിലുള്ള സ്നാനം (Baptism in the Holy Spirit) എന്ന പ്രയോഗം പലപ്പോഴും സാധാരണക്കാരുടെ മനസ്സിൽ സംശയങ്ങളും ചോദ്യങ്ങളും വരുത്തുന്നതിനാൽ കെ.സി.ബി.സി. കമ്മീഷൻ പിതാക്കന്മാരുടെ നിർദ്ദേശപാകരം 'പരിശുദ്ധാത്മാലുള്ള നവമായ അഭിഷേകം' എന്ന് ഉപയോഗിക്കാൻ തീരുമാനമായി.

**9. തുവാനീസ, മരിയൻ സിംഗിൾസ് മിനിസ്ട്രി ശുശ്രൂഷകൾ**

പാലാ സോൺ തുവാനിസ, മരിയൻ സിംഗിൾസ് മിനിസ്ട്രികളുടെ നേതൃത്വത്തിൽ 2,27,855 വിശ്വാസപ്രമാണം ചൊല്ലി വിവിധ നിയോഗങ്ങൾക്കായി കാഴ്ച്ചവെക്കുകയുണ്ടായി. ലില്ലിക്കുട്ടി വരാച്ചേരിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**10. കത്തീഡ്രൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ച കളിലും രാവിലെ 9.30 മുതൽ ഒരുമണിവരെ കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, വിശുദ്ധ കുർബാന, ജപമാല, സ്തുതി ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ശ്രീ മാത്യുകുട്ടി താന്നിക്കൽ, ജോസി എബ്രഹാം എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നു

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ജീസസ് ഫ്രട്ടേണിറ്റി

1. ഫാദർ വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ, ആഗസ്റ്റ് 4-ന് പാലാ സബ് ജയിലിൽ പുതിയതായി ചാർജെടുത്ത സൂപ്രണ്ട് ഷാജി സാറിനെ സന്ദർശിച്ചു.

2. ജയിലിൽ കഴിയുന്ന അന്തേവാസികൾക്ക് വളർത്താനായി ജീസസ് ഫ്രട്ടേണിറ്റി ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കരിങ്കോഴികളെ വാങ്ങി നൽകി.

3. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14, ജീസസ് ഫ്രട്ടേണിറ്റി ദിനമായി ആചരിച്ചു. ബഹുമാനപ്പെട്ട അലക്സാണ്ടർ കുരീക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ പാല ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ പാലാ സബ് ജയിൽ സന്ദർശിക്കുകയും സന്ദേശം നൽകുകയും ലഡു വിതരണം ചെയ്യുകയും ചെയ്തു.

4. ആഗസ്റ്റ് 15 ന് കോട്ടയം സോണൽ ഡയറക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പെരുനിലത്തച്ചനും സോണൽ അംഗങ്ങളും പാലാ സബ്ജയിൽ സന്ദർശിച്ച് സ്വാതന്ത്ര്യദിനാശംസകൾ നേർന്നു.

5. പാലാ രൂപത തടവറ പ്രേഷിതശുശ്രൂഷ അംഗങ്ങൾ തടവറദിനത്തിന് ഒരുക്കമായി 9 ദിനം വി. മാക്സ് മില്ല്യൻ കോൾബേയുടെ നോവേന ചൊല്ലി, ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്തു

6. തടവറ പ്രേഷിതദിനത്തോടനുബന്ധിച്ച് മൂന്നാം ദിനം, ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ലിസ് മരിയ സി.എം.സി. തുടങ്ങിയവർ പാല സോൺ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

കൊറോണാ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ, ദൈവശക്തി വ്യാപരിക്കുന്നു എന്ന പേരിൽ ദിവസേന ഒരു മണിക്കൂർ ദൈർഘ്യമുള്ള സെഷനുകളോടെ യൂട്യൂബ് വഴി 2020 ഏപ്രിൽ പതിനാലാം തീയതി ആരംഭിച്ച ഓൺലൈൻ ധ്യാനം 30-40 മിനിറ്റിന്റെ സെഷനുകളായി തുടർന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം, ഈ ഓൺലൈൻ ധ്യാനത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, Mount Nebo Short Videos എന്ന യൂട്യൂബ് ചാനലിലും പ്രക്ഷേപണം ചെയ്യുന്നു. ധ്യാനകേന്ദ്രത്തിന്റെ mountnebo.online എന്ന വെബ്സൈറ്റിൽ പ്രസ്തുത പരിപാടികൾ ലഭ്യമാണ്; രണ്ടു പരിപാടികളുടെയും ലിങ്കുകൾ ചുവടെ ചേർക്കുന്നു:

Online Retreat:
https://www.youtube.com/playlist?list=PLKZ57M4kVz4ePgWpKzwzFFUXIxfCUihk8
Mount Nebo Short Videos: https://www.youtube.com/results?search_query=mount+nebo+short+videos

ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പുസ്തകം 29 – സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടവ

രാകാം; പുസ്തകം 30 - മരണസമയപോരാട്ടം. പുസ്തകത്തിന്റെ കോപ്പികൾ പാലാ സെന്റ് തോമസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

രണ്ടാം ശനിയാഴ്ചകളിലും മാസാവസാന ശനിയാഴ്ചകളിലും രാവിലെ 9 മണി മുതൽ 10 വരെ മദ്ധ്യസ്ഥപ്രാർത്ഥന, തുടർന്ന് ഉച്ചയ്ക്ക് 1 മണി വരെ വിശുദ്ധ കുർബാന, ദൈവവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേകപ്രാർത്ഥന എന്നിവയോടുകൂടി യൂടൂബിൽ ലൈവ് സ്ട്രീമിംഗായി നടത്തുന്ന അർദ്ധദിനശുശ്രൂഷകൾ ജൂലൈ 31, ഓഗസ്റ്റ് 14 എന്നീ ശനിയാഴ്ചകളിൽ നടത്തി.

മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിങ്ങിൽ പങ്കെടുത്തു**

സംസ്ഥാനസമിതിയുടെ സൂം മീറ്റിങ്ങിൽ പങ്കെടുത്തു.

**2.രൂപതാസമിതി മീറ്റിംങ്**

രൂപതാസമിതി മീറ്റിങ് ഓൺലൈനായി നടത്തി.

**3. സർക്കുലേഷൻ മാനേജർമാരുടെ മീറ്റിങ്ങ്**

രൂപതാതിർത്തിയിൽ വരുന്ന ദീപിക സർക്കുലേഷൻ മാനേജർമാരുടെ മീറ്റിങ് നടന്നു.

**4. ദീപിക വരിക്കാർക്കായി രണ്ട് ഓഫറുകൾ**

**Rs.1300/** - ഒരു വർഷത്തേക്ക് Children's Digest, Karshakan and Streedhanam, Advertisement എന്നിവ ലഭ്യമാണ്.

**Rs.4500/** - ഒരു വർഷത്തേക്ക് Children's Digest, Karshakan, Streedhanam and Deepika Daily, Advertisement എന്നിവ ലഭ്യമാണ്.

**5. പാലാവിഷൻ**

പാലാവിഷനിലേക്ക് വാർത്തകൾ കൊടുക്കുന്നതിനായി മെസ്സേജുകൾ ഫോണിൽ ടൈപ്പ് ചെയ്ത് ഫോട്ടോ ഉൾപ്പെടെ ഈ നമ്പറിലേക്ക് വാട്ടസ്ആപ് വഴി അയയ്ക്കുക -9605661249 , 9400661492

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. കർഷക അവകാശദിനം - ചിങ്ങം 1**

ചിങ്ങം 1, 2021 ആഗസ്റ്റ് 17-ാം തീയതി ചൊവ്വാഴ്ച കേരളമൊട്ടാകെ ഇൻഫാം കർഷക അവകാശദിനമായി ആചരിച്ചു. ഇൻഫാം ദേശീയ രക്ഷാധികാരി മാർ റെമേജിയൂസ് ഇഞ്ചനാനിയിൽ താമരശ്ശേരിയിലും ദേശീയ ചെയർമാൻ മോൺ ജോസഫ് ഒറ്റപ്ലാക്കൽ കാസർഗോഡും കർഷക അവകാശപ്രതിഷേധദിനമായി ആചരിക്കുന്നതിന് നേതൃത്വം നൽകി. കോട്ടയം ജില്ലാ ഇൻഫാമിന്റെ നേതൃത്വത്തിൽ പാലാ ബിഷപ് ഹൗസിൽ ചൊവ്വാഴ്ച രാവിലെ 11 മണിക്ക് കർഷക അവകാശദിനപ്രഖ്യാപനം പ്രോഗ്രാം മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. കർഷകരെ തള്ളിപ്പറയുന്നവർ രാജ്യത്തെയാണ് തള്ളിപ്പറയുന്നതെന്നും കർഷകരുടെ ഹൃദയം തകർന്നാൽ രാജ്യത്തിന്റെ നെഞ്ചാണ് ഉരുകുന്നതെന്നും പിതാവ് അഭിപ്രായപ്പെട്ടു. കർഷകരുടെ വിളകൾക്കു ന്യായമായ വില ഉറപ്പാക്കാൻ സർക്കാർ നടപടിയെടുക്കണമെന്നും പിതാവ് ആവശ്യപ്പെട്ടു. മാർ ജേക്കബ് മുരിക്കൻ പിതാവ് കർഷകരുടെ പ്രവർത്തനങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിച്ചു. ദേശീയ ഡയറക്ടർ ജോസഫ് ചെറുകരക്കുന്നേൽ കർഷക അവകാശങ്ങളുടെ നിവേദനം വായിച്ച് സർക്കാരിന് അയച്ചുകൊടുത്തു. പാലാ രൂപത ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, ജോ. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, ബേബി പന്തപ്പള്ളി, സണ്ണി മുത്തോലപുരം, ജെയിംസ് ചൊവ്വാറ്റുകുന്നേൽ തുടങ്ങി ഇൻഫാം പ്രവർത്തകർ കർഷക ആവശ്യങ്ങൾ പ്ലാക്കാർഡുകളിൽ എഴുതി സമ്മേളനത്തിൽ അണിനിരന്നു.

**2. ഇൻഫാം യൂണിറ്റുകൾ ഇടവകകളിൽ**

ഇൻഫാമിന്റെ പത്തു പേരെങ്കിലും അടങ്ങുന്ന ഒരു യൂണിറ്റ് എല്ലാ ഇടവകകളിലും സജീവമായി ഉണ്ടാകണമെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് ഓർമിപ്പിച്ചു. ഇൻഫാം പ്രവർത്തകരുടെ രൂപതാതല നേതൃത്വം ഭാരവാഹികളെ കണ്ടെത്തുന്നതിന്റെ ഭാഗമായി യൂണിറ്റുകൾ എല്ലാ ഇടവകകളിലും സജീവമാക്കി യൂണിറ്റ് ഭാരവാഹികളുടെ പേരുകൾ രൂപത ഡയറക്ടർ ഫാ. ജോസ് തറപ്പേൽ പേർക്ക് അയച്ചുതരണമെന്നു സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. കർഷകരുടെ ആവശ്യങ്ങൾക്കായ് എപ്പോഴും നിലകൊള്ളുന്ന ഇൻഫാമിനെ വളർത്തുവാൻ എല്ലാ വികാരി അച്ചന്മാരുടെയും സഹായം അഭ്യർത്ഥിച്ചുകൊണ്ട്,

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)

**ഫാ. സിറിൽ തയ്യിൽ** (അസി. മാനേജർ)




# ആദരാഞ്ജലികൾ



## റവ. സി. ജറോം പഞ്ഞിക്കുന്നേൽ

പാലാ രൂപതയിൽ പ്രവിത്താനം ഇടവകയിൽ പഞ്ഞിക്കുന്നേൽ കുടുംബത്തിൽ കുരുവിള - അന്ന ദമ്പതികളുടെ പത്തു മക്കളിൽ നാലാമത്തെ സന്താനമായി 17.01.1932 ൽ ബഹു. ജറോമ്മ ജനിച്ചു. മാമ്മോദീസായിൽ ഏലി എന്ന പേരു സ്വീകരിച്ചു. ഏലിക്കുട്ടി എന്ന ഓമനപേരിലാണ് അറിയപ്പെട്ടിരുന്നത്. 1950 ൽ ESLC പാസ്സായ ഏലിക്കുട്ടി ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. 28.05.1954 ൽ ആദ്യവ്രതം അനുഷ്ഠിച്ച് സി. ജറോം എന്ന പേരു സ്വീകരിച്ചു. 28,05.1957 ൽ നിത്യവ്രത സമർപ്പണം നടത്തി ഈശോയ്ക്കായി സമ്പൂർണ്ണമായി അർപ്പിച്ചു.

1953 ൽ തൃപ്പൂണിത്തുറ ഹിന്ദി കോളജിൽനിന്നു ഹിന്ദി വിദ്വാൻ പരീക്ഷ പാസ്സായ ബഹു. ജറോമ്മ ഭരണങ്ങാനം, കോതനല്ലൂർ, പാലാ, കാക്കോളി എന്നീ സ്കൂളുകളിലായി സുദീർഘമായ 43 വർഷം അദ്ധ്യാപനശുശ്രൂഷ ചെയ്തു. ലോകത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയൊരു ശിഷ്യസമ്പത്ത് അമ്മയ്ക്കു സ്വന്തമായുണ്ട്. ത്യാഗോജ്ജ്വലമായ തന്റെ അദ്ധ്യാപന പ്രേഷിതത്വ ത്തിലൂടെ കുഞ്ഞുമനസ്സുകളിൽ അറിവിന്റെ ദീപമായി കരുണാർദ്രസ്നേഹത്തിനു സാക്ഷ്യമായി നിലകൊള്ളാൻ ബഹു. ജറോമ്മയ്ക്കു സാധിച്ചു. 31.05.1993 ൽ ബഹു. ജറോമ്മ അദ്ധ്യാപകശുശ്രൂഷയിൽനിന്ന് വിരമിച്ചു.

സന്ന്യാസജീവിതക്രമങ്ങൾ നിഷ്ഠയോടെ അനുഷ്ഠിക്കാൻ ശ്രദ്ധ വച്ചിരുന്ന ബഹു. ജറോമ്മ പ്രാർത്ഥനയ്ക്ക് തന്റെ ജീവിതത്തിൽ പരമപ്രാധാന്യം നൽകിയിരുന്നു. ദിവസേന 1000 തവണ യേശുനാമജപം ഉരുവിട്ടിരുന്ന അമ്മ തന്റെ ഇഷ്ടവിശുദ്ധരായ വി ഫ്രാൻസിസ് അസ്സീസി, വി. ക്ലാര, വി. ബർക്കുമാൻസ് എന്നിവരെ അനുകരിച്ച് എല്ലാ ജീവിതാനുഭവങ്ങളും ദൈവതൃക്കരങ്ങളിൽനിന്നു സ്വീകരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കാക്കോളി, ഭരണങ്ങാനം, കോതനല്ലൂർ, ളാലം എന്നീ മഠങ്ങളിൽ ബോർഡിംഗ് മിസ്ട്രസ്സ്, ലൈബ്രറിയൻ, ഡിസ്പെൻസർ,

ലോക്കൽ കൗൺസിലർ, സോഷ്യൽവർക്കർ, കമ്മ്യൂണിറ്റി സിസ്റ്റർ എന്നീ നിലകളിൽ ബഹു. ജറോമ്മ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. അമ്മ നമുക്കു നൽകുന്ന സന്ദേശം നന്മ വിചാരിക്കുക, നന്മപറയുക, നന്മ പ്രവർത്തിക്കുക എന്നതാണ്. 'To suffer and become a saint' എന്നത് അമ്മയുടെ ജീവിത ലക്ഷ്യമായിരുന്നു. സഹനത്തിലൂടെ തന്റെ പ്രിയ ദാസിയെ വിശുദ്ധീകരിക്കാൻ ആഗ്രഹിച്ച ദിവ്യനാഥൻ പല രോഗങ്ങൾവഴി അവളെ പരീക്ഷിച്ചു. പ്രമേഹം, പ്രഷർ തുടങ്ങിയ രോഗത്തോടൊപ്പം 2000 മാണ്ടിൽ ക്യാൻസർ രോഗവും അമ്മയെ ബാധിച്ചു. അമ്മയാകട്ടെ തന്റെ വിവിധങ്ങളായ രോഗത്തിന്റെ ബുദ്ധിമുട്ടുകൾ ക്ഷമ യോടെ സ്വീകരിച്ചു.

തുടർച്ചയായി 2012, 2013, 2014 വർഷങ്ങളിൽ പല ശസ്ത്രക്രിയകൾക്കും അമ്മ വിധേയമായി. എങ്കിലും രോഗത്തിന് കാര്യമായ ശമനം ഉണ്ടായില്ല. 2020 ഫെബ്രുവരിയോടെ ബഹു. ജറോമ്മ കൂടുതൽ ക്ഷീണിതയായി കാണപ്പെട്ടു. ഫെബ്രുവരി 9 ന് ആരോഗ്യനില കൂടുതൽ മോശമായതിനെത്തുടർന്ന് മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. പിന്നീടുള്ള ദിവസങ്ങളിലെ തീവ്രപരിചരണ ത്താൽ ആരോഗ്യം വീണ്ടെടുത്ത് പഴയ ജീവിതക്രമത്തിലേക്ക് മടങ്ങിവന്നു. 2021 ജൂലൈ അവസാനത്തോടെ വീണ്ടും ക്യാൻസർ രോഗത്താൽ അമ്മ ക്ഷീണിതയായി. 2021 ആഗസ്റ്റ് 3-ാം തീയതി ദിവ്യബലി അർപ്പിക്കാൻ വന്ന അസ്സീസിയിലെ സിബി പാറടിയിൽ അച്ചൻ അമ്മയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. അന്നു രാത്രി പത്തു മണിക്ക് ബഹു. ജറോമ്മ വളരെ ശാന്തമായി ദിവ്യനാഥസന്നിധിയിലേയ്ക്കു തന്റെ നിത്യകിരീടം സ്വന്തമാക്കാൻ യാത്രയായി. തുടർന്ന് മൃതദേഹം ഭരണങ്ങാനം മേരിഗിരി ആശുപത്രിയിലെ മോർച്ചറിയി ലേയ്ക്കു മാറ്റി.

ആഗസ്റ്റ് അഞ്ചാം തീയതി രാവിലെ 7:30 ന് ബഹു. ജറോമ്മയുടെ മൃതദേഹം മോർച്ചറിയിൽനിന്നു കാക്കോളി മഠത്തിലേക്ക് കൊണ്ടുവന്നു. പത്തു മണിക്ക് സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ബഹു. ജറോമ്മയുടെ സഹോദരനായ റവ. ഫാ. ജോസഫ് പഞ്ഞിക്കുന്നേൽ CMI മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. റവ.ഫാ. സിബി പാറടിയിൽ OFM Cap ദിവ്യബലി മദ്ധ്യേ അനുസ്മരണപ്രസംഗം നടത്തി. ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് തടത്തിൽ നേതൃത്വം നൽകി, ചരമപ്രസംഗം നടത്തി. തുടർന്ന് റവ. ഫാ. ജോസഫ് പഞ്ഞിക്കുന്നേൽ CMI യുടെ നേതൃത്വത്തിൽ മൃതദേഹം ഭരണങ്ങാനം ഫൊറോനാപ്പള്ളിയിൽ സംസ്ക്കരിച്ചു.

സദാ ദിവ്യകാരുണ്യസന്നിധിയിൽ ആയിരിക്കുന്നതിൽ ആനന്ദം കണ്ടെത്തിയ ജറോമ്മയെ ദിവ്യനാഥൻ നിത്യവസതിയിലേക്കു സ്വീകരിക്കട്ടെ യെന്ന് നമുക്ക് പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## AUGUST 2021

| | | |
|---|---|---|
| 01 | 02.00 pm | തീക്കോയി ഇടവകയിൽ ബഹു. പി.വി. തോമസ് പുല്ലാട്ടിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ തിരുകർമ്മങ്ങൾക്കു നേതൃത്വം നല്കി. |
| | 03.00 pm | മൂന്നിലവ് ഇടവകയിൽ പുതുതായി പണിതീർന്ന കുരിശുപള്ളിയുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 02-06 | | കെ.സി.ബി.സി മീറ്റിംഗിൽ സംബന്ധിച്ചു. |
| 03 | 10.00 am | അൽഫോൻസാ കോളജിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അൽഫോൻസാമ്മയുടെ 75-ാം ചരമവാർഷികാഘോഷത്തിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 11.00 am | രാമപുരം ഫൊറോനയിൽ ശ്രീമതി മറിയാമ്മ തുണ്ടത്തിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 03.30 pm | മുട്ടുചിറ വൈദികമന്ദിരം സന്ദർശിച്ചു. |
| 04 | 06.30 pm | പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വിയാനിപുണ്യവാളന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 06 | 12.30 pm | അരമനയിൽ വച്ച് റിട്ട. ജെ.ബി. കോശി കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 07 | 05.00 pm | മെഡിസിറ്റിയുടെ അഡ്വൈസറി ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 09 | 03.00 pm | ഫാമിലി അപ്പോസ്തലേറ്റ് വെബ്സൈറ്റിന്റെ പ്രകാശനകർമം നിർവഹിച്ചു. |
| 10 | 03.00 pm | കിഴതടിയൂർ ഇടവകയിൽ ബഹു. വി.ജെ. മാത്യു വെള്ളിയേപ്പള്ളിലിന്റെ വേർപാടിൽ ഭവനത്തിലെ മൃതസംസ്കാരശുശ്രൂഷയിൽ നേതൃത്വം നല്കി. |
| 11 | 03.00 pm | അരമനയിൽ എ.ഡി.സി.പി എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 12 | 03.00 pm | അരുവിത്തുറയിൽ വച്ച് എഫ്.സി. കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജീവോത്സവ് 2021 എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. |
| 13 | 10.00 am | പാലാ കോർപ്പറേറ്റിൽ പുതുതായി ചാർജെടുത്ത ഹെഡ്മാസ്റ്റർമാർക്കും പ്രിൻസിപ്പൾമാർക്കും പ്രാർത്ഥനാശംസകൾ നേർന്നു. |
| | 03.00 pm | ദയറയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 07.00 pm | പ്രവാസി ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 02.00 pm | മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളജ് ഗവേർണിംഗ് ബോഡി ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 08.00 am | കടുത്തുരുത്തി ഇടവകയിൽ പുതുതായി പണി തീർന്ന മോണ്ടളം വെഞ്ചെരിക്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു. |
| | 10.30 am | ഇരവിമംഗലം ഇടവകയിൽ എസ്.എം.എസ്. കോൺവെന്റിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |
| | 11.00 am | മാൻവെട്ടം ഇടവകയിൽ ഫുഡ് പ്രോഡക്ട്സ് ഫാക്ടറിയുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 16-20 | | സിനഡിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 16 | 1.00 pm | ചാന്ദാ രൂപതാംഗമായ ബഹു. കോഴികൊത്തിക്കൽ ജോസഫ് അച്ചന്റെ നിര്യാണത്തിൽ വിളക്കുമാട ത്തുള്ള വസതിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 17 | 10.00 am | അരുവിത്തുറ കോളജിൽ പുതുതായി ചാർജെടുത്ത ടീച്ചേഴ്സിന് പ്രാർത്ഥനാശംസകൾ നേർന്നു. |
| | 11.00 am | അരമനയിൽവച്ച് ഇൻഫാമിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കർഷക അവകാശപ്രഖ്യാപനചടങ്ങ് ഉദ്ഘാടനം ചെയ്തു. |
| 19 | 09.30 am | കാക്കൊമ്പ് ഇടവകയിൽ ഹോം പാലായുടെ നേതൃ ത്വത്തിൽ പണിതീർന്ന ഭവനം വെഞ്ചെരിച്ചു. |
| | 11.00 am | നരിയങ്ങാനം ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിച്ചു. |
| | 12.30 pm | നവീകരിച്ച മുട്ടുചിറ പള്ളി സന്ദർശിച്ചു. |
| 20 | 11.00 am | മാർ സ്ലീവാ നഴ്സിംഗ് കോളജ് പ്രിൻസിപ്പലിന്റെ വിര മിക്കൽ ചടങ്ങിൽ സംബന്ധിച്ചു. |
| 21 | 11.30 am | പാലാക്കാട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 22 | 09.00 am | നവീകരിച്ച മുട്ടുചിറ പള്ളിയുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 23-27 | | സിനഡിൽ സംബന്ധിച്ചു. |
| 23 | 11.30 am | രാമപുരം ഇടവകയിൽ ഒത്തുകല്യാണം ആശീർവദിച്ചു. |
| 24 | 02.00 pm | മെഡിസിറ്റി എം.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 25 | 11.30 am | കുരുവിനാൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 26 | 09.15 am | മേരിലാന്റ് ഇടവകയിൽ ബഹു. ഡീ. ജോസഫ് കദ ളിക്ക് പൗരോഹിത്യപട്ടം നൽകി. |
| 27 | 02.00 pm | ളാലം പഴയപള്ളിയിൽ ബഹു. ഞാവള്ളി തെക്കേൽ ശ്രീ ജോസഫ് കുര്യന്റെ വേർപാടിൽ ഭവനത്തിലെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 28-29 | | മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 01.30 pm | ചേന്നാട് ഇടവകാംഗമായ ബഹു. സെബാസ്റ്റ്യൻ പുത്തൂരിന്റെ അമ്മ ശ്രീമതി മേരി തോമസ് പുത്തൂരിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മണിയംകുന്നിലെ ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 30 | 06.00 pm | അരമനയിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## AUGUST 2021

| | | |
|---|---|---|
| 01 | 06.30 pm | കേരള സംയുക്ത ക്രൈസ്തവ മദ്യവർജനസമിതിയുടെ മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു. |
| 02-06 | | കെ.സി.ബി.സി ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 03 | 08.00 am | രാമപുരം ഫൊറോനയിൽ തുണ്ടത്തിൽ ശ്രീമതി മറിയാമ്മയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 04 | 06.00 am | വിയാനി പുണ്യവാളന്റെ തിരുനാളിൽ മാർ അപ്രേം സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| 06 | 12.30 pm | അരമനയിൽ വച്ച് കോശി കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 01.30 pm | മുട്ടുചിറ ഫൊറോനയിൽ നീരാക്കൽ പ്രൊഫ. എൻ. എം. മാത്യുവിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 08.00 pm | ഡിവിന മിസേരിക്കോർഡിയ മിനിസ്ട്രിയുടെ പ്രാർത്ഥനാകൂട്ടായ്മയിൽ ഓൺലൈനായി സംബന്ധിച്ചു. |
| 7 | 09.45 am | പാലാ സെന്റ് തോമസ് കോളജിന്റെ 71-ാമത് ഫൗണ്ടേഷൻ ഡേയോടനുബന്ധിച്ച് നടന്ന ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷപ്രസംഗം നടത്തി. |

| | | |
|---|---|---|
| | 10.30 am | പാലാ സെന്റ് തോമസ് സ്കൂളിൽ വച്ച് കെ.എം. മാണി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പാലാ വിദ്യാഭ്യാസജില്ലയിൽ 10, +2 പരീക്ഷയിൽ മുഴുവനും A+ ഗ്രേഡ് സ്വന്തമാക്കിയ കുട്ടികളെ ആദരിക്കുന്ന ചടങ്ങ് ASPIRE 2021 ഉദ്ഘാടനം ചെയ്തു സമ്മാനവിതരണം നടത്തി. |
| | 01.15 pm | പാലാ കത്തീഡ്രലിൽ പ്ലാക്കുഴിയിൽ ശ്രീ പി.എസ് ചെറിയാന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | കുറവിലങ്ങാട് മർത്ത് മറിയം ആർച്ചു ഡീക്കൻ ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 05.00 pm | മെഡിസിറ്റിയും അഡൈ്വസറി ബോർഡ് മീറ്റിംഗിൽ ഓൺലൈൻ സംബന്ധിച്ചു. |
| 8 | 06.30 am | കൊടുമ്പിടി താബോർ റിട്രീറ്റ് സെന്ററിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| 9 | 08.00 am | കേരള സംയുക്ത ക്രൈസ്തവ മദ്യവർജന സമിതിയുടെ നേതൃത്വത്തിൽ കോട്ടയം ഗാന്ധി സ്ക്വയറിൽ വച്ചു സർക്കാരിന്റെ മദ്യനയത്തിനെതിരേ നടത്തപ്പെട്ട പ്രതിഷേധധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 10 | 12.00 noon | പാലാ ഹെഡ് പോസ്റ്റ് ഓഫീസിനുസമീപം വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഡി.സി.എം.എസ്., സി.ഡി.സി., കെ.സി.സി. എന്നിവരുടെ നേതൃത്വത്തിൽ നടപ്പെട്ട ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 01.00 pm | കിഴതടിയൂർ ഇടവക വെള്ളിയേപ്പള്ളിൽ ശ്രീ വി.ജെ. മാത്യുവിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.30 pm | രാമപുരം ഫൊറോന ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |

| | | |
|---|---|---|
| 11 | 06.15 am | എഫ്.സി.സി. അരുവിത്തുറ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 03.00 pm | അരമനയിൽ വച്ച് എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 12 | 12.15 pm | മീനച്ചിൽ ഇടവകയിൽ പടിഞ്ഞാറേമുറിയിൽ ശ്രീമതി ത്രേസ്യാമ്മയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 01.15 pm | നെല്ലിയാനി ആരാധനാമഠത്തിൽ സി. സെലിഗ്വരിൻ ട്രീസ എസ്.എ.ബി.എസ്.ന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | ഇലഞ്ഞി ഫൊറോന ദൈവാലയത്തിൽ ബഹു. ഗീവർഗീസ് പുളിക്കീൽ (മുടിയിൽ) അച്ചന്റെ 100-ാം ചരമവർഷികത്തോടനുബന്ധിച്ച് അനുസ്മരണ ബലിയർപ്പിച്ച് സന്ദേശം നൽകി. |
| 13 | 9.30-12 noon | പാലാ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ട സിനാക്സിസിൽ സംസാരിച്ചു. |
| | 07.00 pm | പാലാ പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രഥമ ഗ്ലോബൽ ഓൺലൈൻ മീറ്റിംഗിൽ സമിതിയുടെ വെബ് പേജ് ലോഞ്ച് ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. |
| 14 | 04.00 pm | ഇരവിമംഗലം പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. പുതുതായി നിർമിക്കപ്പെടുന്ന കുരിശുപള്ളിയുടെ കല്ലിടീൽ കർമ്മം ആശീർവദിച്ചു. മണ്ണാറപ്പാറയിലെയും ഇരവിമംഗലത്തിലെയും 10,12 ക്ലാസുകളിൽ മുഴുവൻ A+ കരസ്ഥമാക്കിയ കുട്ടികളെ ആദരിച്ചു. |
| 15 | 07.00 am | കിഴപറയാർ സാന്താമരിയ സി.എഫ്.ഐ.സി. സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ദേശീയപതാക ഉയർത്തൽ ചടങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 11.00 am | മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജിയുടെ ജീവിതകഥയെ ആസ്പദമാക്കി തയ്യാറാക്കിയ 'മൈ ഡിയർ ബാപ്പുജി' എന്ന ആനിമേഷൻ സിനിമയുടെ പുറത്തിറക്കൽ ചടങ്ങ് അരമനയിൽവച്ച് നടത്തി. |
| | 02.30 pm | തിരുവല്ല തോലശ്ശേരി സിഎസ്.ഐ. പാരിഷ് ഹാളിൽ വച്ച് കേരള സംയുക്ത ക്രൈസ്തവ മദ്യവർജന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രൊഫ. എം.പി. മന്മഥൻ അനുസ്മരണ സമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തി. |
| 16-26 | 5-7.00 pm | അഭിവന്ദ്യ പിതാക്കന്മാരുടെ സിനഡിൽ ഓൺലൈനായി പങ്കെടുത്തു. |
| 16 | 12.00 noon | നെല്ലിയാനി ആരാധാനമഠത്തിൽ സി. ട്രീസ മൂന്നാനപ്പള്ളി എസ്.എ.ബി.എസിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 01.30 pm | ചാന്ദാരൂപതാംഗമായ ബഹു. കോഴികൊത്തിക്കൽ ജോസഫ് അച്ചന്റെ നിര്യാണത്തിൽ വിളക്കുമാടത്തുള്ള വസതിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 09.30 pm | കൊല്ലം മൺറോതുരുത്ത് സി.എസ്.ഐ. ഇടവകയിൽ കേരള സംയുക്ത ക്രൈസ്തവ മദ്യവർജന സമിതി സെക്രട്ടറിയായ ബഹു. അലക്സ് പി. ഉമ്മന്റെ മാതാവ് ശ്രീമതി മറിയാമ്മയുടെ നിര്യാണത്തിൽ ഭവനത്തിൽ പ്രാർത്ഥിച്ചു. |
| 17 | 11.00 am | ചിങ്ങം 1, കർഷകദിനത്തോടനുബന്ധിച്ച് ഇൻഫാമിന്റെ നേതൃത്വത്തിൽ അരമനയിൽ വച്ചു നടത്തിയ അവകാശസംരക്ഷണധർണ്ണയിൽ സംസാരിച്ചു. |
| | 12.00 noon | കർഷകദിനത്തോടനുബന്ധിച്ച് മുണ്ടാങ്കൽ ഇടവകയിൽ പുതുതായി നിർമ്മിക്കപ്പെട്ട നഗരവഴിയോര കർഷകവിപണിയുടെ വെഞ്ചരിപ്പുകർമ്മം നടത്തി. |

| | | |
|---|---|---|
| 19 | 10.00 am | കുരുവിനാൽ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 11.00 am | അരുണാപുരം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 20 | 06.15 pm | രാമപുരം എഫ്.സി.സി. അൽഫോൻസാ റിന്യൂവൽ സെന്ററിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 12.30 pm | കത്തീഡ്രലിൽ പതിയിൽ ശ്രീ മാത്യു പി. ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 22 | 09.00 am | നവീകരിക്കപ്പെട്ട മുട്ടുചിറ ഫൊറോന ദൈവാലയ ത്തിന്റെ കൂദാശകർമത്തിൽ സംബന്ധിച്ച് പരി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു. |
| 23 | 06.15 am | പാലാ ഡി.എസ്.റ്റി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 09.00 am | നെല്ലിയാനി മഠത്തിൽ സി. മേരി ഫെബ്രോണിയ എസ്.എ.ബി.എസിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | ഇലഞ്ഞി ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 24 | 11.00 am | ചേർപ്പുങ്കൽ ഫൊറോന ദൈവാലയത്തിൽ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം നടത്തി. |
| 25 | 01.00 pm | അന്ത്യാളം ഇടവകയിൽ തെങ്ങുംപള്ളിക്കുന്നേൽ ശ്രീ ജോയി ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 26 | 10.00 am | കളത്തൂർ ഇടവകയിൽ പ്രൊഫ. ജോൺസ് അഗസ്റ്റിൻ പൂവത്തോട്ടിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11.00 am | കുറവിലങ്ങാട് മർത്ത്മറിയം ആർച്ച് ഡീക്കൻ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| | 12.15 pm | വാക്കാട് ഇടവകയിൽ കലമറ്റത്തിൽ ശ്രീമതി ഏലിക്കുട്ടി ലൂക്കായുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 27 | 02.30 pm | ളാലം പഴയപള്ളി ഇടവകയിൽ ഞാവള്ളി തെക്കേൽ ശ്രീ ജോസഫ് കുര്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 28 | 12.00 noon | ചക്കാമ്പുഴ ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 02.30 pm | ചേന്നാട് ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ പുത്തൂരച്ചന്റെ അമ്മ ശ്രീമതി തോമസ് പുത്തൂരിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നല്കി. |
| 28-29 | | കാഞ്ഞിരപ്പള്ളി രൂപത നല്ലതണ്ണി ആശ്രമവാസികൾക്ക് മാസധ്യാനം നയിച്ചു. |
| 29 | 04.15 pm | കിഴതടിയൂർ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 30 | 12.30 pm | പാലാ ഡി.എസ്.റ്റി. പ്രൊവിൻഷ്യൽ ഹൗസിൽ സി. ഗ്രേയ്സ് പഞ്ഞിക്കാരൻ ഡി.എസ്.റ്റിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 06.00 pm | അരമനയിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |



മാൻവെട്ടം ഇടവകയിൽ ഫുഡ് പ്രൊഡക്ട്സ് എന്ന കാർഷിക മൂല്യവർദ്ധിത ഉത്പന്ന
നിർമ്മാണ യൂണിറ്റ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വെഞ്ചരിക്കുന്നു.




അരുവിത്തുറയിൽ എഫ്.സി.സി. അൽഫോൻസാജ്യോതി പ്രൊവിൻഷ്യൽ ഹൗസിന്റെ
നേതൃത്വത്തിൽ സംഘടിപ്പിച്ച ജീവോത്സവ് 2021 എന്ന പ്രോഗ്രാം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.




പാലാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി മാർസ്ലീവാ മെഡിസിറ്റിക്ക് സമ്മാനിച്ച ആംബുലൻസ്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വെഞ്ചരിക്കുന്നു.



പാലാ രൂപതയിലെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള
സ്കൂളുകളിൽനിന്നും പ്ലസ് ടു പരീക്ഷയിൽ മുഴുവൻ മാർക്കും നേടിയ വിദ്യാർത്ഥികൾ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം



ഇൻഫാം കർഷക അവകാശദിനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും
മാർ ജേക്കബ് മുരിക്കൻ പിതാവും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.



ഫാമിലി അപ്പോസ്തലേറ്റിന്റെ വെബ്സൈറ്റിന്റെ പ്രകാശനകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.

Printed at St. Thomas Press, Palai and Published by Fr. John Edettu